

# അന്ത്യോക്യൻസഭ ഉത്ഭവവും വളർച്ചയും

പലവിധ കാരണങ്ങളാൽ അന്ത്യോക്യൻ സഭ പലതായി പിരിഞ്ഞു. നിഖ്യസൂനഹദോസു മുതൽ (325) പിളർപ്പ് ദൃശ്യമാണ്. നിഖ്യായ്ക്കു ശേഷം അന്ത്യോക്യൻ സഭ നാല് നേതൃത്വങ്ങളുടെ കീഴിൽ വരികയും ഭിന്നിക്കുകയും ചെയ്തു. എഫേസോസ് സൂനഹദോസോടുകൂടി (431) അഭിപ്രായ ഭിന്നതകൾ രൂക്ഷമായി. അലക്സാൺ ഡ്രിയായിലെ വി. സിറിലിന്റെ നേതൃത്വത്തിൽ നടന്ന ഈ സിനഡ് അന്ത്യോക്യയിലെ യോഹന്നാന്റെ നേതൃത്വത്തിലുള്ള പൗരസ്ത്യ പ്രവിശ്യയിലെ മെത്രാന്മാർ ആദ്യം അംഗീകരിച്ചില്ല. 433-ൽ സിറിൽ അംഗീകരിച്ച ഐക്യ ഫോർമുലയോടു കൂടിയാണ് ഈ പൗരസ്ത്യമെത്രാന്മാർ വി. സിറിലുമായി കൂട്ടായ്മ പുനഃസ്ഥാപിച്ചത്. കൽക്കദോനിയാ സൂനഹദോസോടുകൂടി (451) പിളർപ്പ് അതിന്റെ തീവ്രതയിൽ എത്തി. സൂനഹദോസിന്റെ തീരുമാനങ്ങൾ സ്വീകരിക്കുന്നവരും സ്വീകരിക്കാത്തവരും എന്ന് സഭ പിളർന്നു. കാൽസിഡൺ കൗൺസിൽ അംഗീകരിക്കാത്തവർ കാലക്രമത്തിൽ യാക്കോബായക്കാരായി തീരുകയും ഒരു സമാന്തര ഹയരാർക്കിക്ക് രൂപം നൽകുകയും ചെയ്തു. മൂല അന്ത്യോക്യൻ സഭയിലെ പിൻതുടർച്ച അവകാശപ്പെടുന്ന അഞ്ചു പേട്രിയാർക്കൽ സഭകൾ ഇപ്പോഴുണ്ട്.

യൂഹാനോൻ മാർ ക്രിസൊസ്തോം
പത്തനംതിട്ട മെത്രാപ്പോലീത്താ

അന്ത്യോക്യൻസഭ ഉത്ഭവവും വളർച്ചയും

ജി. ചേടിയത്ത്

ജി. ചേടിയത്ത്

# അന്ത്യോക്യൻസഭ ഉത്ഭവവും വളർച്ചയും

പത്തനംതിട്ട
2013

ജി. ചേടിയത്ത്

# അന്ത്യോക്യൻസഭ
# ഉത്ഭവവും വളർച്ചയും

പത്തനംതിട്ട
2013

**G.Chediath,** ***Antiochian Sabha-Udbhavavum Valarchayum,***
**Pathanamthitta, 2013.**
Catholic Bishop's House, Pathanamthitta, 689645.

© G.Chediath, 2013

Printing : Bethany Offset Printers, Kottayam - 686010
Ph: 0481-2571355
e-mail: bethanyktm@gmail.com

Price : 50/-



## ഉള്ളടക്കം


| | | |
|---|---|---|
| | മുഖവുര | 4 |
| | അവതാരിക | 5 |
| | ആശംസ | 7 |
| 1. | അന്ത്യോക്യാ | 9 |
| 2. | അന്ത്യോക്യൻ സഭാരംഭം | 12 |
| 3. | നിഖ്യാ മുതൽ കാൽഡിസൺ വരെ | 16 |
| 4. | കാൽഡിസണുശേഷം | 26 |
| 5. | യാക്കോബ് ബുർദാന (+578) | 34 |
| 6. | യാക്കോബു ബുർദാനയ്ക്കുശേഷം | 42 |
| 7. | അന്ത്യോക്യൻ സഭാനേതൃത്വം | 49 |
| 8. | അന്ത്യോക്യൻ യാക്കോബായാ പാത്രിയാർക്കേറ്റ് | 54 |
| 9. | സുറിയാനി കത്തോലിക്കാ പാത്രിയാർക്കേറ്റ് | 63 |
| 10. | മെൽക്കീത്താ ഓർത്തഡോക്സ് പാത്രിയാർക്കേറ്റ് | 68 |
| 11. | മെൽക്കീത്താ കത്തോലിക്കാ പാത്രിയാർക്കേറ്റ് | 70 |
| 12. | മാറോനീത്താ പാത്രിയാർക്കേറ്റ് | 73 |
| 13. | യാക്കോബായസഭ-വിശ്വാസവിഷയങ്ങൾ | 77 |
| 14. | അന്ത്യോക്യൻസഭയും മാർതോമാക്രിസ്ത്യാനികളും | 83 |
| | അനുബന്ധം 1- അന്ത്യോക്യൻ സഭയിലെ ഉപവിഭാഗങ്ങൾ | 88 |
| | അനുബന്ധം 2-പുത്തൻകൂർ പള്ളികൾ | 88 |
| | Bibliography | 91 |

# മുഖവുര

ഭാരതത്തിലെ മാർതോമാ നസ്രാണികളിൽ നല്ലൊരു വിഭാഗം അന്ത്യോക്യൻ സഭയുമായി ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇന്ന് ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ അന്ത്യോക്യൻ സഭയെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥം മലയാളഭാഷയിൽ കുറവാണ്. ഈ കുറവ് പരിഹരിക്കാനുള്ള എളിയ ഉദ്യമമാണ് ഇവിടെ നടത്തുന്നത്.

വി. പത്രോസ്, വി. പൗലോസ് തുടങ്ങിയ അപ്പസ്തോലപ്രമുഖർ സ്ഥാപിച്ചതാണ് അന്ത്യോക്യൻ സഭ. ജറുസലേമിന്റെ തകർച്ചയ്ക്കുശേഷം ക്രിസ്ത്യാനികൾക്ക് അന്ത്യോക്യാ രണ്ടാം ജറുസലേം ആയിത്തീർന്നു. അന്ത്യോക്യയിലാണ് ആരാധനക്രമങ്ങൾ രൂപപ്പെട്ടത്. അവിടെ നിന്ന് അത് ജറുസലേം, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാണ്ഡ്രിയാ എന്നിവിടങ്ങളിലേക്ക് അൽപസ്വൽപ വ്യത്യാസങ്ങളോടെ വ്യാപിച്ചു. ചുറ്റുമുള്ള പ്രദേശങ്ങളിൽ സുവിശേഷസന്ദേശം എത്തിക്കുന്നതിലും അന്ത്യോക്യൻസഭ സാരവത്തായ സംഭാവന ചെയ്തു. എഡേസ്സാ, സെലൂഷ്യാ എന്നിവിടങ്ങളിലെ ആദ്യകാലമെത്രാന്മാരെ വാഴിച്ചിരുന്നതും അന്ത്യോക്യൻ സഭാധ്യക്ഷന്മാരായിരുന്നു.

കാലക്രമത്തിൽ അന്ത്യോക്യൻ സഭയിൽ പിളർപ്പുണ്ടായി. ഇന്ന് അന്ത്യോക്യൻസഭ എന്നു കേട്ടാൽ കേരളത്തിൽ പെട്ടെന്ന് പലരുടെയും മനസ്സിൽ വരുന്നത് അന്ത്യോക്യൻ യാക്കോബായാസഭ ആണ്. എന്നാൽ അന്ത്യോക്യൻ സഭാപാരമ്പര്യത്തിൽ പെട്ട അഞ്ച് സഭകളിൽ ഒന്നു മാത്രമാണ് അത്.

ഇപ്പോൾ അന്ത്യോക്യയിൽ മേൽപ്പറഞ്ഞ അഞ്ചു സഭകളിലെ ഒരു മെത്രാൻ പോലും വസിക്കുന്നില്ല. ഇന്ന് അന്ത്യോക്യാ തുർക്കിയിലെ അന്റാക്കിയാ എന്ന നഗരമാണ്. അവിടെ യാക്കോബായക്കാരില്ല. ആകെയുള്ളത് ലത്തീൻ കത്തോലിക്കരുടെ ഒരു ചാപ്പലും ബിസന്റൈൻ ഓർത്തഡോക്സുകാരുടെ ഒരു പള്ളിയും മാത്രമാണ്. അന്ത്യോക്യയിലെ പുരാതന മഹാദേവാലയം ഇരുന്ന സ്ഥലത്ത് ഇപ്പോൾ ഒരു മുസ്ലീം മോസ്ക്കാണ്. വളരെ കുറച്ച് ക്രിസ്ത്യാനികൾ മാത്രമേ ഇപ്പോൾ ഈ പട്ടണത്തിലുള്ളു. അന്ത്യോക്യൻ സഭാപാരമ്പര്യത്തിൽ പെട്ട വിവിധ സഭകളെ പറ്റി ഇവിടെ ചർച്ച ചെയ്യുന്നു. ഈ ഗ്രന്ഥം സസന്തോഷം സഹൃദയസമക്ഷം സമർപ്പിക്കുന്നു

ജി.ചേടിയത്ത്,

കാതലിക് ബിഷപ്സ് ഹൗസ്,
പത്തനംതിട്ട. 689645.
ജൂൺ 15, 2013.



# അവതാരിക

അന്ത്യോക്യൻ സഭയെപ്പറ്റി ബ. ചേടിയത്തച്ചൻ രചിച്ച ഗ്രന്ഥം കാലോചിതവും വളരെ പ്രയോജനപ്രദവുമാണ്. അന്ത്യോക്യൻസഭ എന്നു കേൾക്കുമ്പോൾ കേരളത്തിലെ അനേകരുടെ മനസ്സിൽ വളരെ ഭാഗികവും വികലവുമായ ധാരണയേ ഉണ്ടാകുന്നുള്ളു. പലരും ധരിക്കുന്നത് അന്ത്യോക്യൻ യാക്കോബായാ സഭയെപ്പറ്റി മാത്രമാണ്. സംപൂജ്യനായ പ്ലാസിഡ് അച്ചൻ 1931–ൽ *അന്ത്യോക്യാ പാത്രിയർക്കീസ്* എന്ന പേരിൽ ഒരു ഗ്രന്ഥം തയാറാക്കി പ്രസിദ്ധീകരിച്ചശേഷം ഈ വിഷയം സംബന്ധിച്ചുള്ള ഈടുറ്റ ശാസ്ത്രീയഗ്രന്ഥം ഇതു മാത്രമാണ്. ജനങ്ങളുടെ ഇടയിലെ വികലവീക്ഷണങ്ങൾ വളർന്നുകൊണ്ടിരുന്നു. അതിനൊരു പരിഹാരമായിട്ടാണ് ഈ ഗ്രന്ഥം. റോമൻ സാമ്രാജ്യത്തിലെ പൗരസ്ത്യം (ഓറിയൻസ്) എന്ന പ്രവിശ്യയുടെ പ്രധാന നഗരം (മെത്രോപ്പൊളീസ്) ആയിരുന്നു അന്ത്യോക്യാ. അവിടുത്തെ സഭ അന്ത്യോക്യൻസഭ എന്ന് അറിയപ്പെട്ടിരുന്നു. പൗരസ്ത്യ പ്രവിശ്യ മുഴുവൻ അന്ത്യോക്യൻ ലിറ്റർജി വ്യാപിച്ചു. പുരാതന അന്ത്യോക്യയിലെ സഭാധ്യക്ഷനായ പാത്രിയർക്കീസിന് റോമൻ സാമ്രാജ്യത്തിലെ ഓറിയൻസ് (പൗരസ്ത്യം) എന്ന പ്രവിശ്യ മുഴുവൻ അധികാരം ഉണ്ടായിരുന്നു.

കാലക്രമത്തിൽ അന്ത്യോക്യൻസഭ പിളർന്നു. പിരിവുകളും ഉൾപ്പിരിവുകളും ഉണ്ടായി. ഒന്നായിരുന്ന സഭ പലതായി. ക്രി.വ. 451–ലെ കാൽസിഡൺ സിനഡോടു കൂടിയാണ് അന്ത്യോക്യൻ സഭയിൽ ഗൗരവമേറിയ പിളർപ്പുണ്ടായത്. കാൽസിഡൺ അംഗീകരിക്കുന്നവരും അംഗീകരിക്കാത്തവരുമെന്ന് രണ്ടു വിഭാഗമായി സഭ പിളർന്നു. കാൽസിഡൺ അംഗീകരിക്കുന്ന മെൽക്കീത്തർ തന്നെ കാലാന്തരത്തിൽ പാശ്ചാത്യസഭയോടും റോമാമെത്രാനോടുമുള്ള പരിപൂർണ സംസർഗത്തിൽ നിന്ന് വിട്ടുമാറി. എന്നാൽ കാതോലിക കൂട്ടായ്മയ്ക്കുള്ള ശ്രമങ്ങൾ തുടർന്നു. തദ്ഫലമായി അന്ത്യോക്യൻ യാക്കോബായാ സഭയിൽ നിന്നും മെൽക്കീത്താ ഓർത്തഡോക്സ് സഭയിൽ നിന്നും ധാരാളമാളുകൾ കത്തോലിക്കാ കൂട്ടായ്മയിൽ എത്തിച്ചേരുകയും ഇന്നത്തെ അന്ത്യോക്യൻ സുറിയാനി കത്തോലിക്കാസഭയ്ക്കും അന്ത്യോക്യൻ മെൽക്കീത്താ കത്തോലിക്കാ സഭയ്ക്കും രൂപം നൽകുകയും ചെയ്തു.

പുരാതന അന്ത്യോക്യൻ സഭയിൽ ഇപ്പോൾ അഞ്ച് സഭകളുണ്ട്. അവയിൽ മൂന്നു സഭകൾ കത്തോലിക്കാ കൂട്ടായ്മയിലാണ്. രണ്ടെണ്ണം സമ്പൂർണ

കൂട്ടായ്മയിൽ ഇതുവരെ എത്തിയിട്ടില്ല. താഴെപ്പറയുന്നവയാണ് ആ സഭകൾ:

1. സുറിയാനി കത്തോലിക്കാ സഭ.
2. മാറോനീത്താ കത്തോലിക്കാ സഭ
3. മെൽക്കീത്താ കത്തോലിക്കാ സഭ.
4. യാക്കോബായാ സുറിയാനി സഭ.
5. ഗ്രീക്ക് ഓർത്തഡോക്സ് മെൽക്കീത്താ സഭ.

ഈ സഭകൾക്കെല്ലാം അവരവരുടേതായ സിനഡും പാത്രിയർക്കീസുമുണ്ട്.

സമ്പൂർണ കൂട്ടായ്മയിലേക്കുള്ള പാതയിൽ ചരിക്കുന്ന യാക്കോബായാ, ഗ്രീക്ക് സഭകളെ കൂടി സമ്പൂർണമായ ഐക്യത്തിലെത്തിച്ചേരാൻ സഹായിക്കുന്ന തരത്തിലുള്ള സഭൈക്യചർച്ചകൾ ഇവരുടെ ഇടയിൽ സജീവമാണ്. രാഷ്ട്രീയമായി മുസ്ലീം മേധാവിത്വം ഒരുവശത്ത്, സഭാഭിന്നത മറുവശത്ത്. ഈ പശ്ചാത്തലത്തിൽ ഒന്നിച്ചുനിൽക്കുക എന്ന മാർഗം മാത്രമേ പശ്ചിമേഷ്യയിൽ ക്രിസ്ത്യാനികളുടെ മുമ്പിലുള്ളു.

തുറന്ന മനസ്സോടുകൂടെ ചരിത്ര യാഥാർഥ്യങ്ങളെ സമീപിക്കുക, ചരിത്രത്തിൽ സംഭവിച്ചവയെ അപ്രകാരം മനസ്സിലാക്കുക, നിക്ഷിപ്ത താൽപര്യങ്ങൾക്കായി ചരിത്രം വളച്ചൊടിക്കാൻ ശ്രമിക്കാതിരിക്കുക, പരസ്പരം ബഹുമാനിക്കുക, തമ്മിൽ തമ്മിൽ ആരോപണങ്ങൾ ഉന്നയിക്കാതിരിക്കുക, ഓരോ സഭയെയും സഭയായി അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക, ഓരോ സഭയും സ്വയം ആത്മശോധനയ്ക്ക് തയാറാകുക, വന്നുപോയ തെറ്റുകൾ തെറ്റുകളായി അംഗീകരിക്കുക, പരസ്പര സംഭാഷണത്തിന് തയാറാകുക, അജപാലനകാര്യങ്ങളിലും സാമുഹ്യപ്രവർത്തനങ്ങളിലും സഹകരിക്കുക, ആരാധനക്രമസംബന്ധമായും സഭാശിക്ഷണസംബന്ധമായും സഹകരണം വർധിപ്പിക്കുക, അങ്ങനെ സമ്പൂർണ കൂട്ടായ്മയിൽ എത്തിച്ചേരുക എന്ന ചിന്താഗതിയാണ് ഇപ്പോൾ അന്ത്യോക്യൻ സഭകളെ ഭരിക്കുന്നത്.

കേരളത്തിലെ പുത്തൻകൂർ വിഭാഗത്തിലെ സഭകളെല്ലാം തന്നെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അന്ത്യോക്യൻ സഭയോട് ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ ഈ പഠനം കാലോചിതവും അവശ്യാവശ്യവുമാണ്. വളരെ സ്തുത്യർഹമായ സേവനമാണ് ബ. അച്ചൻ ചെയ്തിരിക്കുന്നതെന്ന് എടുത്തു പറയാൻ സന്തോഷമുണ്ട്. ഈ ഗ്രന്ഥം സസന്തോഷം ബഹുജന സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

**മേജർ ആർച്ചുബിഷപ്പ്**
**ബസേലിയോസ് സിറിൽ കാതോലിക്കോസ്**



# ആശംസ

അന്ത്യോക്യൻ സഭ എന്ന പേരിൽ 1986–ൽ ബഹു. ചേടിയത്തച്ചൻ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിന്റെ പുതിയ പതിപ്പാണ് ഈ ഗ്രന്ഥം. ആ ഗ്രന്ഥത്തിൽ നിന്ന് കുറേ ഭാഗങ്ങൾ എഡിറ്റ് ചെയ്ത് ചുരുക്കിയ പതിപ്പാണിത്. ഗഹനമായ ഗവേഷണത്തിനും കാലോചിതമായ പഠനത്തിനും ശേഷമാണ് ബഹു. അച്ചൻ ആദ്യപതിപ്പ് പ്രസിദ്ധീകരിച്ചത്. ഈ പതിപ്പ് ഞാൻ ശ്രദ്ധാപൂർവം വായിക്കുകയും പഠിക്കുകയും ചെയ്തു. ഇപ്പോഴുള്ള അന്ത്യോക്യൻ സഭകളെ പറ്റി അറിയാൻ വളരെ സഹായകമാണ് ഈ ചെറിയ പതിപ്പ്. ഇത് ചരിത്രകുതുകികൾക്കും സാധാരണക്കാർക്കും ഒരുപോലെ പ്രയോജനകരമാകും എന്നതിൽ സംശയമില്ല.

പുരാതന റോമാസാമ്രാജ്യത്തിലെ പൗരസ്ത്യം (ഓറിയൻസ്) എന്ന പ്രീഫെക്ചറിന്റെ തലസ്ഥാനമായിരുന്നു അന്ത്യോക്യാ നഗരം. ശ്ലീഹന്മാരുടെ തലവനായ വി. പത്രോസും വിജാതിയരുടെ ശ്ലീഹാ ആയ വി. പൗലോസും മറ്റു പല ശ്ലീഹന്മാരും ബീജാവാപം നടത്തി വളർത്തിയെടുത്തതാണ് അന്ത്യോക്യയിലെ സഭ. ക്രിസ്തുവിന്റെ ശിഷ്യന്മാർ ക്രിസ്ത്യാനികൾ എന്ന് ആദ്യമായി വിളിക്കപ്പെട്ടത് അന്ത്യോക്യയിൽ വച്ചാണ്. അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസാണ് ക്രിസ്തുവിന്റെ സഭയെ ആദ്യമായി കത്തോലിക്കാസഭ എന്നു വിളിക്കുന്നത് (സ്മിർണാക്കാർക്കുള്ള ലേഖനം, 8 ,2). ഓറിയൻസ് പ്രീഫെക്ചർ മുഴുവൻ അന്ത്യോക്യൻ ആരാധനാക്രമവും സഭാനടപടികളും വ്യാപിക്കുവാൻ ആദിമകാലത്തുതന്നെ ഇടയായി.

പലവിധ കാരണങ്ങളാൽ അന്ത്യോക്യൻ സഭ പലതായി പിരിഞ്ഞു. നിഖ്യസൂനഹദോസു മുതൽ (325) പിളർപ്പ് ദൃശ്യമാണ്. നിഖ്യായ്ക്കു ശേഷം അന്ത്യോക്യൻ സഭ നാല് നേതൃത്വങ്ങളുടെ കീഴിൽ വരികയും ഭിന്നിക്കുകയും ചെയ്തു. എഫേസോസ് സൂനഹദോസോടുകൂടി (431) അഭിപ്രായ ഭിന്നതകൾ രൂക്ഷമായി. അലക്സാൺഡ്രിയായിലെ വി. സിറിലിന്റെ നേതൃത്വത്തിൽ നടന്ന ഈ സിനഡ് അന്ത്യോക്യയിലെ യോഹന്നാന്റെ നേതൃത്വത്തിലുള്ള പൗരസ്ത്യ പ്രവിശ്യയിലെ മെത്രാന്മാർ ആദ്യം അംഗീകരിച്ചില്ല. 433–ൽ സിറിൽ അംഗീകരിച്ച ഐക്യഫോർമുലയോടു കൂടിയാണ് ഈ പൗരസ്ത്യമെത്രാന്മാർ വി. സിറിലുമായി കൂട്ടായ്മ പുനഃസ്ഥാപിച്ചത്. കൽക്കദോനിയാ സൂനഹദോസോടുകൂടി (451) പിളർപ്പ് അതിന്റെ തീവ്രതയിൽ എത്തി. സൂനഹദോസിന്റെ തീരുമാനങ്ങൾ സ്വീകരിക്കുന്നവരും സ്വീകരിക്കാ

ത്തവരും എന്ന് സഭ പിളർന്നു. കാൽസിഡൺ കൗൺസിൽ അംഗീകരിക്കാത്തവർ കാലക്രമത്തിൽ യാക്കോബായക്കാരായി തീരുകയും ഒരു സമാന്തര ഹയരാർക്കിക്ക് രൂപം നൽകുകയും ചെയ്തു. മൂല അന്ത്യോക്യൻ സഭയിലെ പിൻതുടർച്ച അവകാശപ്പെടുന്ന അഞ്ചു പേട്രിയാർക്കൽ സഭകൾ ഇപ്പോഴുണ്ട്.

ചരിത്രം ഒന്നും മറന്നുപോകുന്നില്ല. കുറ്റങ്ങളും കുറവുകളും മനുഷ്യസഹജം. എങ്കിലും ദൈവത്തിന്റെ ആത്മാവ് എപ്പോഴും സജീവവും ഊർജസ്വലവുമാണ്. മുൻവിധി കൂടാതെ ചരിത്രത്തെ അറിയാനും പഠിക്കാനും പാഠങ്ങൾ ഉൾക്കൊള്ളാനും നമുക്ക് കഴിയണം. പലപ്പോഴും ചരിത്രം അവരവരുടെ ഇംഗിതം അനുസരിച്ച് നിർമിക്കപ്പെടുകയാണ്. സഭകൾ തമ്മിൽ പരസ്പര ബഹുമാനവും ആദരവും അനിവാര്യമാണ്. തെറ്റുകൾ തെറ്റുകളായി തന്നെ അംഗീകരിക്കണം. സുവിശേഷ പ്രഘോഷണവും സാക്ഷ്യവും പരസ്പര സഹവർത്തിത്വത്തോടെ നിറവേറ്റാൻ സാധിക്കണം. എല്ലാം ദൈവമഹത്വത്തിനും ദൈവജനത്തിന്റെ ശ്രേയസ്സിനുമായി നോക്കിക്കാണുമ്പോൾ ഭിന്നിപ്പിക്കുന്നതിനേക്കാൾ യോജിച്ച് പ്രവർത്തിക്കുന്നതാണ് ശ്രേഷ്ഠമെന്നും ദൈവേഷ്ഠമെന്നും തിരിച്ചറിയാൻ കഴിയും.

കേരള സഭാചരിത്രം ശ്രദ്ധയോടെ പഠിക്കുന്നവർക്ക് പുത്തൻകൂർ, പഴയകൂർ ചരിത്രങ്ങൾ വിസ്മരിക്കാനാവില്ല. മലങ്കര സുറിയാനി കത്തോലിക്കാസഭ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ, മലങ്കര യാക്കോബായ സുറിയാനി സഭ മാർതോമാ സുറിയാനിസഭ, തൊഴിയൂർസഭ എന്നീ നസ്രാണി സഭാവിഭാഗങ്ങൾ അന്ത്യോക്യൻ സഭയോട് ബന്ധപ്പെട്ട് കിടക്കുന്നു എന്നത് നിസ്തർക്കമാണ്. കാലക്രമത്തിൽ സഭാഗാത്രത്തിലുണ്ടായ ആഴമേറിയ മുറിവ് മനസ്സിലാക്കുന്നതിനും മുറിവുണക്കുന്നതിനും ഈ ഗ്രന്ഥം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നൂറിൽപരം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ച അച്ചന്റെ സത്യാന്വേഷണം അനേകരുടെ കണ്ണു തുറപ്പിക്കട്ടെ. മാർതോമാ നസ്രാണികൾ 1653-നു മുമ്പ് ഏകയോഗമായി കഴിഞ്ഞതു പോലെ വീണ്ടും ഒന്നിക്കുന്നതിന് അച്ചന്റെ പരിശ്രമങ്ങൾ സഹായകമാകട്ടെ. ഗ്രന്ഥത്തിന് പ്രചുരപ്രചാരം പ്രാർഥിക്കുകയും അച്ചന് എല്ലാ ദൈവാനുഗ്രഹം ആശംസിക്കുകയും ചെയ്യുന്നു.

സെപ്റ്റംബർ 20, 2013.

**യൂഹാനോൻ മാർ ക്രിസോസ്തോം**
**പത്തനംതിട്ട മെത്രാപ്പോലീത്താ.**



# 1
# അന്ത്യോക്യാ

**നഗരം**

അന്ത്യോക്യൻ സഭയെപ്പറ്റി വിശകലനം ചെയ്യുന്നതിനു മുമ്പ് അന്ത്യോക്യാ നഗരത്തെപ്പറ്റിയും അന്ത്യോക്യ ഉൾപ്പെടുന്ന സിറിയൻ പ്രവിശ്യയെപ്പറ്റിയും ചുരുക്കമായി ചർച്ച ചെയ്യാം.

പ്രാചീന റോമാസാമ്രാജ്യത്തിലെ മൂന്നാമത്തെ വൻനഗരമായിരുന്നു അന്ത്യോക്യ. ഓറിയൻസ് അഥവാ പൗരസ്ത്യം എന്ന റോമൻ പ്രോവിൻസിന്റെ തലസ്ഥാനവും പൗരസ്ത്യദേശത്ത് അലക്സാൺഡ്രിയാ കഴിഞ്ഞാൽ ഏറ്റവും വലിയ സാംസ്ക്കാരിക കേന്ദ്രവുമായിരുന്നു അത്. ഏഷ്യയിൽ നിന്നും യൂറോപ്പിൽ നിന്നും ആഫ്രിക്കയിൽ നിന്നുമുള്ള കച്ചവട ഗതാഗതം നിയന്ത്രിക്കുന്നതിൽ ഇതിനു നല്ല പങ്കുണ്ടായിരുന്നു.

ഇന്നത്തെ ടർക്കിയിലെ അന്റാക്കിയായുടെ സ്ഥാനത്തായിരുന്നു പ്രാചീന അന്ത്യോക്യാപട്ടണം. പ്രാചീനകാലത്ത് അന്ത്യോക്യാ എന്ന പേരിൽ 16 പട്ടണങ്ങൾ റോമൻ സാമ്രാജ്യത്തിൽ അറിയപ്പെട്ടിരുന്നു. സിറിയായിലെ ഈ പട്ടണം *ഡഫ്നെയിലെ അന്ത്യോക്യ* എന്നു വിളിക്കപ്പെട്ടു. ഡഫ്നെ എന്ന പട്ടണത്തിൽ നിന്ന് എട്ടു കിലോമീറ്റർ മാത്രം അകലെ സ്ഥിതിചെയ്തതിനാലാണ് ഈ പേര് കിട്ടിയത്. *വലിയ അന്ത്യോക്യ, മനോഹരമായ അന്ത്യോക്യ, സിറിയായിലെ ആഥൻസ്, ദൈവനഗരം (തെവൂപ്പൊളീസ്), സ്വർണനഗരമായ അന്ത്യോക്യ* എന്നീ പേരുകളിൽ അന്ത്യോക്യ അറിയപ്പെട്ടു. അന്ത്യോക്യയും ഡഫ്നെയും തമ്മിൽ രാജപാതകളാൽ ബന്ധിതമായിരുന്നു. അന്ത്യോക്യയിൽ ഡഫ്നെ വാതിൽ എന്നൊരു കവാടം ഒരുപാളി സ്വർണം കൊണ്ട് പൊതിയപ്പെട്ടിരുന്നു. റോമൻ ചക്രവർത്തിമാർ അന്ത്യോക്യയെ തുടരെത്തുടരെ മോടിപിടിപ്പിച്ചു.

സെലെവുക്കസാണ് (305-258) ബി.സി. 300-ൽ ഓറോന്തസ് നദീതീരത്ത് അന്ത്യോക്യാനഗരം സ്ഥാപിച്ചത്. സിറിയായുടെ തലസ്ഥാനമായി സെല്യൂ

സിഡ് ഭരണാധികാരികൾ അന്ത്യോക്യാ തെരഞ്ഞെടുത്തു. പിൽക്കാലത്തു വന്ന ഭരണാധികാരികൾ നഗരം വിസ്തൃതമാക്കി. സ്ട്രാബോ ഇതിനെ *ടെട്രാ പ്പൊളീസ്* എന്നു വിളിക്കത്തക്കവണ്ണം ഇതിന് നാലു ഭാഗങ്ങളുണ്ടായിരുന്നു. ബി.സി. 64-ൽ ഇത് റോമിന്റെ ഭാഗമായി. ബി.സി. 47 മെയ് 20-ന് അന്ത്യോ ക്യയിലെ തീയേറ്ററിൽ വച്ച് ജൂലിയസ് സീസർ ഏകാധിപതിയായി പ്രഖ്യാ പിക്കപ്പെട്ടു. തുടർന്ന് സ്വതന്ത്രനഗരം എന്ന പദവി അന്ത്യോക്യയ്ക്ക് ലഭിച്ചു. മാർക്കാന്റണി, ക്ലെയോപാട്ര, ഒക്ടേവിയൻ എന്നിവർ അന്ത്യോക്യയിൽ വലിയ ആഘോഷപരിപാടികൾ സംഘടിപ്പിച്ചു. ക്രി.വ.37, 115, 526, 528 എന്നീ വർഷ ങ്ങളിൽ അന്ത്യോക്യയിൽ ഭൂകമ്പങ്ങളുണ്ടായി. പേർഷ്യൻ-അറബി ആക്രമ ണങ്ങൾ തകർച്ചയ്ക്ക് ആക്കം കൂട്ടി. പിന്നെ ഇത് മാറിമാറി വന്ന ഭരണാധി കാരികളുടെ കീഴിലായി. 1939-ൽ അത് ടർക്കിയുമായി ചേർക്കപ്പെട്ടു. ഹതായ് എന്ന പ്രോവിൻസിന്റെ തലസ്ഥാനമായി[1] അന്ത്യോക്യയിൽ നിന്ന് 22 കലോ മീറ്റർ ദൂരെ സ്ഥിതിചെയ്തിരുന്ന സെലൂഷ്യ ആയിരുന്നു അന്ത്യോക്യയുടെ തുറമുഖം.

**ജനങ്ങൾ**

അന്ത്യോക്യയിലെ ജനങ്ങൾ ഒരു സങ്കരസമൂഹമായിരുന്നു. ഗ്രീക്കുകാർ, സിറിയാക്കാർ, യഹൂദർ, പ്രാചീന താമസക്കാരായ ആളുകൾ തുടങ്ങി പല ജനപദങ്ങൾ അവിടെ പാർത്തിരുന്നു. ആഥൻസിൽ നിന്നുള്ള നിരവധി ആളു കളുടെ സാമീപ്യം നിമിത്തം *സിറിയായിലെ ആഥൻസ്* എന്ന് ഇത് അറിയ പ്പെട്ടിരുന്നു. അന്ത്യോക്യയിൽ ഒരു പ്രത്യേക ഭാഗത്ത് (കെരാതെയ്) പാർത്തി രുന്ന യഹൂദർക്ക് അവിടെ നിരവധി സിനഗോഗുകൾ ഉണ്ടായിരുന്നു. ജനങ്ങ ളുടെ പ്രധാനഭാഷ ഗ്രീക്ക് ആയിരുന്നെങ്കിലും സാർവദേശീയസമൂഹം ആയി രുന്നതിനാൽ, എല്ലാത്തരം ഭാഷകളും അവിടെ ഉപയോഗത്തിലിരുന്നു.[2]

1970-ൽ 60,000 ജനങ്ങൾ ഉണ്ടായിരുന്നതിൽ 4,000 പേർ ക്രിസ്ത്യാനിക ളായിരുന്നു.[3] എന്നാൽ ഇന്ന് അവിടെ ക്രിസ്ത്യാനികളുടെ അംഗസംഖ്യ വളരെ കുറഞ്ഞു. വളരെ കുറച്ച് ലത്തീൻകാരും കുറെ ഗ്രീക്കുകാരും മാത്രമേ പ്രധാന മായി ക്രിസ്ത്യാനികളായി അവിടെയുള്ളു. ഇപ്പോഴത്തെ ജനസംഖ്യ 13,20,000 ആണ്.

1. Vasil Istaurides, *Antioch: The Church by the Orontes:* ***in*** Orthodox Theology and Diakonia,ed. D.J. Constantelos, Brookline (Mass.) 1981, 261-271.
2. G. Downey, *Antioch* **in** New Catholic Encyclopedia,1,623.
3. Vasil Istaurides, *art. cit.*; A.S.Atiya, *A History of Eastern Christianity,* London, 1966, 169ff.; J. M. Fiey-M. David, *From Rejection to Symbiosis,* **in** *The Future of the Oriental Catalholic Churches,*ed. J.Madey-S.T. Erackal,Tiruvalla, 1979,p.53.n.2.





**സിറിയൻ പ്രദേശം**

റോമാസാമ്രാജ്യത്തിലെ സിറിയൻ പ്രവിശ്യയുടെ തലസ്ഥാനമായിരുന്നു അന്ത്യോക്യ. ഇന്നത്തെ സിറിയാ, ലെബനോൻ, യോർദാൻ, ഇസ്രായേലിന്റെയും ഇറാക്കിന്റെയും ടർക്കിയുടെയും കുറേ ഭാഗങ്ങൾ എന്നിവ ഉൾപ്പെട്ടതായിരുന്നു സഭാരംഭകാലത്തെ സിറിയാ. കൂടെക്കൂടെ അതിർത്തികൾ മാറ്റികുറിക്കപ്പെ ട്ടിരുന്നു. സിറിയായിൽ ജനങ്ങൾ തിങ്ങിപ്പാർത്തു. വലിയ നഗരങ്ങൾ മുതൽ ചെറിയ ഗ്രാമങ്ങൾ വരെ അവിടെ കാണാം. ഗ്രാമവാസികൾ കൃഷിയിലും ആടുമേയ്ക്കലിലും കച്ചവടത്തിലും കൈത്തൊഴിലുകളിലും ഏർപ്പെട്ടിരുന്നു. പർവതനിരകളിൽ ആടുമേയ്ക്കുന്നവർ അലഞ്ഞുനടന്നു. സമതലങ്ങളിൽ കൃഷിചെയ്യുന്നവരും പട്ടണങ്ങളിൽ കച്ചവടം നടത്തുന്നവരും ഭരിക്കുന്നവരും ജീവിച്ചു. ഇങ്ങനെ പലതുകൊണ്ടും വൈവിധ്യം നിറഞ്ഞ ഭൂപ്രദേശമായിരുന്നു സിറിയാ. സിറിയായിൽ ഹെല്ലെനിസവും ഓറിയന്റലിസവും തമ്മിലൊരാശ്ലേ ഷണം നടന്നു. അതിൽ നിന്നു പുതിയ രൂപഭാവങ്ങളുണ്ടായി. എന്നാൽ മിക്ക യിടങ്ങളിലും ഹെല്ലെനിസം ഗ്രീക്കുനഗരങ്ങളിൽ ഒതുങ്ങിനിന്നു. കാലാന്തര ത്തിൽ ഓറിയന്റലിസം തല ഉയർത്തി വന്നു. ഗ്രീക്ക്, ഗ്രീക്കുപട്ടണങ്ങളുടെയും ലത്തീൻ, സൈന്യത്തിന്റെയും കോടതിയുടെയും ഭാഷയായിരുന്നു. ഗ്രീക്ക്, ലത്തീൻ ഭാഷകൾ മേലേക്കിടയിൽ ഉള്ളവരുടെ ഇടയിൽ ഒതുങ്ങിനിന്നു. ഭൂരിപക്ഷം വരുന്ന സാധാരണക്കാർ അറമായ ഭാഷയുടെ വിവിധ വകഭേദങ്ങൾ സംസാരിച്ചു. ഗ്രീക്ക് സാഹിത്യഭാഷ ആയപ്പോൾ അറമായ സാധാരണക്കാ രുടെ ഭാഷയായി.

സെപ്തീമിയുസ് സെവേരൂസ് 194-ൽ സിറിയായെ രണ്ട് പ്രോവിൻസു കളായി തിരിച്ചു. വടക്കു ചേളേ സിറിയാ, തെക്ക് സിറിയാ ഫിനീഷ്യ. അരാ മ്യർ, ഫിനീഷ്യർ, യഹൂദർ, അറബികൾ, ഇദുമ്യർ തുടങ്ങിയ സെമിറ്റിക് വംശ ജരായിരുന്നു സാധാരണക്കാരിലധികവും. എല്ലാംകൊണ്ടും വൈവിധ്യം നിറഞ്ഞ പ്രദേശമായിരുന്നു സിറിയാ. ഈ പ്രദേശത്തെ പ്രമുഖനഗരമായി രുന്നു അന്ത്യോക്യ.

കുറേ വർഷങ്ങൾക്കു മുമ്പ് അന്ത്യോക്യാ സന്ദർശിക്കാൻ എനിക്ക് അവ സരം ലഭിച്ചു. അവിടെയുള്ള ഒരു ലത്തീൻ വൈദികന്റെ വസതിയിൽ ഒരു രാത്രി അവിടെ താമസിച്ചു. ഇപ്പോൾ അന്ത്യോക്യാ ഒരു തുർക്കി പട്ടണമാണ്. ജർമനിയിൽ ജോലി ചെയ്തിരുന്ന പലരും അവിടെയുണ്ടായിരുന്നു. പലർക്കും ജർമൻഭാഷ അറിയാവുന്നതിനാൽ ആശയവിനിമയം നടത്തുന്നതിന് സാധിച്ചു. അവിടെ ഒരു പകൽ താമസിച്ച് നഗരം ചുറ്റിനടന്ന് കണ്ടു. ക്രിസ്തീയ സംസ്കാ രാവശിഷ്ടങ്ങളെല്ലാം പിൽക്കാലത്തു കടന്നുവന്ന ആക്രമണകാരികൾ നശി പ്പിച്ചിരുന്നു.

# 2
# അന്ത്യോക്യൻ സഭാരംഭം

## ശ്ലൈഹികസഭ

പലസ്തീനിയൻ സഭയുടെ തുടർച്ചയായി വേണം അന്ത്യോക്യൻ സഭയെ കാണാൻ. പെന്തിക്കൊസ്തി ദിവസം ജറുസലേമിൽ ഉണ്ടായിരുന്നവരും മതപീഡനം ഭയന്ന് ജറുസലേമിൽ നിന്ന് ഓടിപ്പോയവരും ആരംഭകാലത്തു തന്നെ അന്ത്യോക്യയിൽ സുവിശേഷത്തിന്റെ വക്താക്കളായിത്തീർന്നു. ശ്ലീഹന്മാർ അന്ത്യോക്യയിൽ എത്തുന്നതിനുമുമ്പുതന്നെ അവിടെ ഒരു ക്രിസ്തീയസമൂഹം ഉണ്ടായിരുന്നു. മിക്കവാറും ശ്ലീഹന്മാരെല്ലാവരും തന്നെ അന്ത്യോക്യയിൽ കൂടി കടന്നുപോയി. അങ്ങനെ ഒന്നിലേറെ ശ്ലീഹന്മാരുടെ പരിലാളനം ഏൽക്കാനുള്ള ഭാഗ്യം അന്ത്യോക്യയ്ക്കുണ്ടായി. എന്നാൽ അന്ത്യോക്യൻ മെത്രാന്മാരുടെ പട്ടികയിൽ ആദ്യം വരുന്നത് ശ്ലീഹന്മാരുടെ തലവനായ പത്രോസാണ്.[1] അദ്ദേഹം റോമിലേക്കു തിരിക്കുന്നതിനു മുൻപ് ഏഴു വർഷം അവിടെ പ്രസംഗിച്ചു (33-40). വി. പൗലോസും മറ്റ് ശ്ലീഹന്മാരും അവിടെ പ്രസംഗിക്കുകയും അവിടെ നിന്ന് മറ്റു സ്ഥലങ്ങളിലേക്ക് പോകുകയും ചെയ്തു. ജറുസലേമിൽ ക്ഷാമം ബാധിച്ചപ്പോൾ അന്ത്യോക്യയിലെ ക്രിസ്ത്യാനികൾ അവരെ സഹായിച്ച് സഹവിശ്വാസികളോടുള്ള ഐക്യം പ്രകടമാക്കി (നട.11,27f.). നടപടിപ്പുസ്തകത്തിൽ അന്ത്യോക്യൻ സഭയെപ്പറ്റി നിരവധി പരാമർശങ്ങളുണ്ട്. യേശുവിന്റെ ശിഷ്യന്മാർ *ക്രിസ്ത്യാനികൾ* എന്ന് അറിയപ്പെട്ടത് അന്ത്യോക്യയിൽ വച്ചാണ് (നട.11,26). ക്രിസ്ത്യാനി എന്ന നാമം ആദ്യകാലത്ത് ഒരു പരിഹാസനാമമായിട്ടാണ് അന്ത്യോക്യയിലെ വിജാതിയർ കരുതിയത്.[2] ജറുസലേം തകർക്കപ്പെട്ടതോടെ അന്ത്യോക്യാ ക്രിസ്ത്യാനികളുടെ ഏറ്റവും പ്രധാനപ്പെട്ട സഭാകേന്ദ്രമായിത്തീർന്നു.

1. എവുസേബിയസ്, തിരുസഭാചരിത്രം,3,36,2.
2. തെയോഫിലസ്, ഔതോലിക്കസിന്, 1,12.





## ആദ്യനൂറ്റാണ്ടുകളിലെ മെത്രാന്മാർ

സഭാരംഭകാലത്ത് അന്ത്യോക്യൻ മെത്രാൻ പലസ്തീനാ, സിറിയാ, ഏഷ്യാമൈനർ, മെസൊപ്പൊട്ടേമിയാ എന്നീ പൗരസ്ത്യ ദേശങ്ങളിലെല്ലാം സുവിശേഷപ്രചരണത്തിന് നേതൃത്വം നൽകി. പിൽക്കാലത്ത് ജറുസലേം, കോൺസ്റ്റാന്റിനോപ്പിൾ എന്നീ പാത്രിയാർക്കേറ്റുകൾ രൂപീകരിക്കപ്പെടുന്നതു വരെ ഈ നില തുടർന്നു. സഭ അന്ത്യോക്യയിൽ നിന്ന് സിറിയൻ പ്രദേശങ്ങളിലും മറ്റു സ്ഥലങ്ങളിലും വ്യാപിച്ചു. പത്രോസിന്റെ പൻഗാമിയായി ഏവോദിയോസും അതിനുശേഷം ഇഗ്നാത്യോസും അന്ത്യോക്യൻ സഭയെ നയിച്ചു.

നീറോയുടെ കാലത്ത് (54-68) ഏവോദിയോസ് രക്തസാക്ഷിയായി. ട്രാജന്റെ കാലത്ത് വന്യമൃഗങ്ങൾക്ക് എറിയപ്പെടാൻ ഇഗ്നാത്യോസ് റോമിലേക്ക് അയക്കപ്പെട്ടു. റോമിലെ കൊളോസിയത്തിൽ വച്ച് 117-ൽ അദ്ദേഹം രക്തസാക്ഷിയായി. റോമിലേക്കുള്ള യാത്രയ്ക്കിടയിൽ അദ്ദേഹം എഴുതിയ ഏഴു ലേഖനങ്ങൾ പ്രസിദ്ധമാണല്ലോ. എഫേസോസ്, മഗ്നേഷ്യാ, ത്രാള്ളിയാ, ഫിലാഡെൽഫിയാ, സ്മിർണാ എന്നീ ഏഷ്യാമൈനറിലെ അഞ്ചു സഭകൾക്കും സ്മിർണായിലെ മെത്രാനായ പോളിക്കാർപ്പിനും റോമാസഭയ്ക്കുമാണ് ഏഴു ലേഖനങ്ങൾ അയച്ചത്. ക്രിസ്തുവിന്റെ സഭയെ *കത്തോലിക്കാ സഭ* എന്ന് ആദ്യമായി വിളിക്കുന്നത് അദ്ദേഹമാണ്.[3] ക്രിസ്തീയവിശ്വാസത്തിനുവേണ്ടി നാഥനെ അനുകരിച്ച് ജീവൻ ഹോമിക്കുന്നത് മഹാഭാഗ്യമായി അദ്ദേഹം കരുതി. "അടുത്തൊരൾത്താര ഒരുക്കപ്പെട്ടിരിക്കുമ്പോൾ ദൈവത്തിനൊരു യാഗമായിത്തീരുക എന്നതിൽ ഉപരിയായൊന്നും നിങ്ങൾ എനിക്ക് അനുവദിക്കേണ്ട" എന്ന് അദ്ദേഹം റോമാക്കാർക്കുള്ള ലേഖനത്തിൽ അപേക്ഷിക്കുന്നു (റോമ.2,2).

തന്റെ ലേഖനങ്ങളിൽ ഉടനീളം *ഡോസെറ്റിസം* എന്ന അബദ്ധ പ്രബോധനത്തിനെതതിരെ ജാഗരൂകരായിരിക്കാൻ അദ്ദേഹം വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. ക്രിസ്തുവിന്റെ ശരീരം മായയാണെന്നു പഠിപ്പിക്കുന്ന അബദ്ധോപദേശമാണ് ഡോസെറ്റിസം. സഭയിലെ ഐക്യം കാത്തുസൂക്ഷിക്കാൻ അവരെ നിർബന്ധിക്കുന്നു. യേശുക്രിസ്തുവിന്റെ ദൈവത്വത്തിലും മനുഷ്യത്വത്തിലും ഉറച്ചു വിശ്വസിക്കാൻ അവരെ പഠിപ്പിക്കുന്നു.

റോമാസഭയ്ക്ക് മറ്റു സഭകളേക്കാൾ ശ്രേഷ്ഠമായ ഒരു സ്ഥാനമുണ്ടെന്ന് ദൈവവാഹകനായ ഇഗ്നാത്യോസ് തന്റെ ലേഖനത്തിൽ പ്രസ്പഷ്ടമാക്കുന്നു. "അത്യുന്നതനായ പിതാവിന്റെയും അവിടുത്തെ ഏകജാതനായ യേശുക്രിസ്തുവിന്റെയും കൃപ ലഭിച്ച സഭയ്ക്ക്: നമ്മുടെ ദൈവമായ യേശു

3. ഇഗ്നേഷ്യസ്, സ്മിർണാക്കാർക്കുള്ള ലേഖനം, 8,2

ക്രിസ്തുവിന്റെ സ്നേഹത്താലും വിശ്വാസത്താലും സ്നേഹിക്കപ്പെട്ടതും പ്രകാശിതമായതും റോമൻ പ്രദേശത്തിന്റെ പ്രധാന സ്ഥലത്ത് അധ്യക്ഷ ആയിരിക്കുന്നതും *(പ്രോകത്തേതായ് എൻ തോപോ കോറിയൂ റൊമയ്യോൻ)* ദൈവത്തിനു ചേർന്നതും ബഹുമാനവും അഭിനന്ദനവും സ്തുതിയും വിജയവും വിശുദ്ധിയും അർഹിക്കുന്നതും സ്നേഹത്തിൽ അധ്യക്ഷസ്ഥാനത്തിരിക്കുന്നതും ക്രിസ്തുവിന്റെ നിയമം അനുസരിച്ചുകൊണ്ട് പിതാവിന്റെ നാമം വഹിക്കുന്നതുമായ സഭയ്ക്ക്: പിതാവിന്റെ പുത്രനായ യേശുക്രിസ്തുവിൽ എന്റെഅഭിവാദനങ്ങൾ" എന്ന്റോമാക്കാർക്കുള്ള ലേഖനത്തിന്റെ ആമുഖത്തിൽ അദ്ദേഹം എഴുതുന്നു.

ആദിമസഭയിലെ ഒരു വലിയ മിസ്റ്റിക്കൽ ദൈവശാസ്ത്രജ്ഞനായിരുന്നു വി. ഇഗ്നാത്യോസ് . ആദ്യകാലത്തുള്ള മെത്രാന്മാർ പലരും യഹൂദരിൽ നിന്നുള്ളവരായിരുന്നു എന്നു പറയപ്പെടുന്നു. അതായത് അന്ത്യോക്യയിൽ ഒരു യൂദയോ-ക്രൈസ്തവ സമൂഹമാണ് ഉടലെടുത്തത്. പ്രസ്തുത സമൂഹത്തിന്റെ ശൈലിയിലാണ് ഇഗ്നാത്യോസ് തന്റെ ലേഖനങ്ങൾ എഴുതിയത്.

തെയോഫിലസ് (169-177), സെറാപിയോൻ (199-211), ബാബിലാസ് (240-250) എന്നിവർ എണ്ണപ്പെട്ട അന്ത്യോക്യൻ സഭാനേതാക്കന്മാരായിരുന്നു. അന്ത്യോക്യയിലെ ആറാമത്തെ മെത്രാനായിരുന്നു തെയോഫിലസ്. *ഔതോലിക്കസിന്* എന്നൊരു കൃതി മാത്രമേ അദ്ദേഹത്തിന്റേതായി നമുക്കു ലഭിച്ചിട്ടുള്ളു. അത് 180-ന് മുമ്പ് എഴുതപ്പെട്ടു. രണ്ടാം നൂറ്റാണ്ടിലെ വിശ്വാസസമർഥകരിൽ എണ്ണപ്പെട്ട ഒരാളാണ് തെയോഫിലസ്. ക്രിസ്ത്യാനി എന്ന നാമത്തിന്റെ അർഥവും പ്രാധാന്യവും അദ്ദേഹം ചർച്ച ചെയ്യുകയും ക്രിസ്ത്യാനികൾക്കെതിരെ റോമാക്കാരും ഗ്രീക്കുകാരും ഉന്നയിക്കുന്ന ദുരാരോപണങ്ങളെ ഖണ്ഡിക്കുകയും ചെയ്യുന്നു. ദൈവത്തിലുള്ള മൂന്നാളുകളെ കുറിക്കാൻ ത്രിത്വം (*ത്രിയാസ്*) എന്ന പദം ആദ്യമായി ഉപയോഗിച്ചത് അദ്ദേഹമാണ്.

സെറാപിയോൻ അന്ത്യോക്യയിലെ എട്ടാമത്തെ മെത്രായിരുന്നു. സെപ്തീമിയുസ് സെവേരൂസിന്റെ കാലത്താണ് അദ്ദേഹം അന്ത്യോക്യൻ സഭയെ നയിച്ചത്. എവുസേബിയസ് തന്റെ സഭാചരിത്രത്തിൽ സെറാപിയോനെ പരാമർശിക്കുന്നു (5.19.2;6.12,3-6). *മോണ്ടനിസം* എന്ന പാഷണ്ഡതയെ പറ്റിയും "പത്രോസിന്റെ സുവിശേഷം" എന്ന അപ്പോക്രിഫൽ കൃതിയെ പറ്റിയും സൂചിപ്പിച്ചുകൊണ്ട് സെറാപിയോൻ ഒരു കത്തെഴുതുകയുണ്ടായി.

ബാബിലാസ് ഒരു വലിയ രക്തസാക്ഷി ആയിരുന്നു. ഡേഷ്യസിന്റെ മതമർദനത്തിൽ അദ്ദേഹം മരിച്ചു. അദ്ദേഹത്തിന്റെ തിരുശേഷിപ്പ് 351-ൽ ഡഫ്നേയിൽ സ്ഥാപിച്ചു. ജൂലിയൻ ചക്രവർത്തി അത് അവിടെനിന്ന് നീക്കുവാൻ 362-ൽ കൽപ്പിച്ചു. എന്നാൽ ജൂലിയൻ 363-ൽ മരിച്ചപ്പോൾ വളരെ





ആഘോഷമായി അത് അന്ത്യോക്യയിൽ കൊണ്ടുവന്ന് സ്ഥാപിച്ചു. ജോൺ ക്രിസൊസ്തോം ബാബിലാസിനെ സ്തുതിച്ച് രണ്ടു സ്തുതിപ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. അന്ത്യോക്യയിലെ ഒരു വലിയ ഭക്തികേന്ദ്രമായി ബാബിലാസിന്റെ കബറിടം മാറി. കിഴക്കും പടിഞ്ഞാറുമുള്ള സഭകൾ അദ്ദേഹത്തെ വളരെയധികം ബഹുമാനിക്കുന്നു.

## സാമസോട്ടായിലെ പൗലോസ്

അന്ത്യോക്യൻ സഭയ്ക്ക് കളങ്കം വരുത്തിയ ആളാണ് സാമസോട്ടക്കാരൻ പൗലോസ് എന്ന മെത്രാൻ (260-270). കൊമാഞ്ഞ് എന്ന പ്രോവിൻസിന്റെ തലസ്ഥാനമായ സാമസോട്ടായിൽ ജനിച്ച പൗലോസ് പൽമീറായിലെ രാജ്ഞി സെനോബിയായുടെ സെക്രട്ടറിയും ധനകാര്യമന്ത്രിയും ആയിരുന്നു. പിന്നീട് പൗലോസ് അന്ത്യോക്യൻ മെത്രാനായി. തദവസരം ക്രിസ്തുവിനെപ്പറ്റി അബദ്ധോപദേശം പഠിപ്പിച്ചു. "സ്വഭാവത്തിൽ അവിടുന്ന് ഒരു സാധാരണ മനുഷ്യനാണ്. ദൈവം അവനെ ദത്തെടുത്തു" എന്നു തുടങ്ങിയ പാഷണ്ഡത പ്രചരിപ്പിച്ചു. അന്ത്യോക്യയിൽ വച്ച് 263-നും 268-നും ഇടയ്ക്ക് മൂന്നു സിനഡുകൾ കൂടി. പൗലോസിനെ 268-ലെ സിനഡ് മുടക്കി.[4] മാൽക്കിയോൻ എന്ന വൈദികൻ 268-ലെ സിനഡിൽ സുപ്രധാന പങ്കുവഹിച്ചു. സിനഡിൽ സന്നിഹിതരായവർ റോമിലെ മെത്രാനും അലക്സാണ്ഡ്രിയൻ മെത്രാനും "ആകാശത്തിൻ കീഴുള്ള കത്തോലിക്കാസഭ മുഴുവനും" ഒരു ലേഖനമയച്ചു.[5] എവുസേബിയസ് തന്റെ സഭാചരിത്രത്തിൽ പൗലോസിന്റെ കുറ്റങ്ങൾ നിരത്തി വയ്ക്കുന്നു.[6] എന്നാൽ പൗലോസ് സിനഡിന്റെ തീരുമാനം അനുസരിക്കാൻ കൂട്ടാക്കിയില്ല. ഉടനെ മെത്രാന്മാർ ഔറേലിയൻ ചക്രവർത്തിയെ സമീപിച്ചു. ഇറ്റലിയിലെയും റോമാ പട്ടണത്തിലെയും മെത്രാന്മാർ വിധിതീർപ്പു കൽപ്പിച്ചു കൊടുക്കുന്നവർക്ക് മന്ദിരം വിട്ടുകൊടുക്കാൻ ചക്രവർത്തി കൽപ്പിച്ചു. അതിന്റെ ഫലമായി പൗലോസ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു.[7]

4. എവുസേബിയസ്, തിരുസഭാചരിത്രം, 7,27,2;7,29.
5. അതേകൃതി, 7,30,2.
6. അതേഭാഗം.
7. അതേകൃതി, 7,30, 19-20.

# 3
# നിഖ്യാ മുതൽ കാൽസിഡൺ വരെ

## അന്ത്യോക്യൻ വിദ്യാപാഠശാല

സഭാരംഭകാലത്ത് അന്ത്യോക്യയിൽ വളരെ പ്രശസ്തമായൊരു കാറ്റക്കെറ്റിക്കൽ സ്ക്കൂൾ ഉയർന്നുവന്നു. ഈ ഒന്നാം കലാലയത്തിന്റെ സ്ഥാപകൻ അന്ത്യോക്യയിലെ ലൂസിയൻ ആണ്. ലൂസിയൻ 270-ഓടുകൂടി തന്റെ കലാലയം തുടങ്ങി. അദ്ദേഹം 312-ൽ രക്തസാക്ഷിയായി മരിച്ചു. അക്കാലത്ത് ഡൊറോത്തേവുസ് എന്നൊരാൾ അവിടെ വ്യാഖ്യാതാവായിരുന്നു. അതിനുശേഷം കുറേക്കൂടി പ്രശസ്തമായ രണ്ടാം കാറ്റക്കെറ്റിക്കൽ സ്ക്കൂളിന്റെ സ്ഥാപകൻ ദിയദോറാണ്. അലക്സാൺഡ്രിയൻ കാറ്റക്കെറ്റിക്കൽ സ്ക്കൂളിനോട് കിടപിടിക്കത്തക്ക ചിന്താസരണി ഈ കലാലയത്തിൽ ഉടലെടുത്തു.

ഒരിജനും മറ്റ് അലക്സാൺഡ്രിയൻ ചിന്തകരും വ്യംഗ്യാർഥഭാഷ്യത്തിന് (അല്ലെഗോറിക്കൽ വ്യാഖ്യാനത്തിന്) മുൻതൂക്കം നൽകുന്ന ദൈവശാസ്ത്രം വളർത്തിയെടുത്തപ്പോൾ, അതിലെ കുറവ് നികത്താനുള്ള സംരംഭം എന്ന നിലയിൽ ചരിത്രപരവും വാച്യാർഥപരവുമായ അംശങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് അന്ത്യോക്യക്കാർ ദൈവശാസ്ത്രം വികസിപ്പിച്ചു. അരിസ്റ്റോട്ടലിന്റെ തത്വശാസ്ത്രത്തിൽ പാദമൂന്നി ഒരുതരം റാഷണലിസത്തിന് അവർ മുൻതൂക്കം കൊടുത്തു. അലക്സാൺഡ്രിയാക്കാർക്ക് പ്ലേറ്റോയുടെ തത്വചിന്ത പോലെ, അന്ത്യോക്യക്കാർക്ക് അരിസ്റ്റോട്ടലിന്റെ ചിന്താധാരയായിരുന്നു അടിസ്ഥാന തത്വചിന്ത.

ദൈവശാസ്ത്രത്തിലും ക്രിസ്തുശാസ്ത്രത്തിലും അന്ത്യോക്യയ്ക്ക് പല പ്രത്യേകതകളും അവകാശപ്പെടാൻ ഉണ്ടായിരുന്നു. അന്നത്തെ പ്രശസ്ത കലാലയമായ അലക്സാൺഡ്രിയായിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തമായിരുന്നു അന്ത്യോക്യൻ കലാലയം. രണ്ടും പരസ്പര വിരുദ്ധങ്ങളല്ലായിരുന്നു, മറിച്ച് പരസ്പര പൂരകങ്ങളായിരുന്നു.





അന്ത്യോക്യക്കാർ വേദപുസ്തകത്തിലും ചരിത്രത്തിലും അധിഷ്ഠിതമായി, ചരിത്രപുരുഷനായ യേശുക്രിസ്തുവിൽ നിന്നാണ് ക്രിസ്തുശാസ്ത്രം പണിതുയർത്തി മുകളിലേക്ക് കയറുന്നത്. അലക്സാണ്ഡ്രിയാക്കാരാകട്ടെ, വചനമായ ദൈവത്തിൽ ആരംഭിച്ച് താഴേയ്ക്ക് വന്ന് ചരിത്രത്തിൽ പ്രവേശിക്കുന്നു. വചനമായ ദൈവത്തിന് അലക്സാൺഡ്രിയാക്കാർ ഊന്നൽ കൊടുക്കുമ്പോൾ, വചനം എപ്രകാരം മനുഷ്യരക്ഷ മനുഷ്യനിലൂടെ നിർവഹിക്കുന്നു എന്ന സംഗതി അന്ത്യോക്യക്കാർ പ്രസ്പഷ്ടമാക്കുന്നു. അതായത്, യേശുക്രിസ്തുവിന്റെ മാനുഷിക വശത്തിന് പ്രാധാന്യം നൽകുന്നു. ദിയദോർ, തിയഡോർ, നെസ്തോറിയുസ്, തിയഡൊറെറ്റ്, ജോൺ ക്രിസൊസ്തോം എന്നിവർ ഈ വിദ്യാപാഠശാലയിലെ പ്രഗത്ഭന്മാരാണ്.

## ആരിയനിസവും അന്ത്യോക്യയും

ആരിയുസ് എന്ന വൈദികൻ (256-336) അലക്സാൺഡ്രിയൻ സഭയിൽ പെട്ട ആളായിരുന്നു. എന്നാൽ അയാൾക്ക് ബൗദ്ധികപരിശീലനം ലഭിച്ചത് അന്ത്യോക്യൻ കലാലയത്തിൽ ലൂസിയന്റെ കീഴിലായിരുന്നു. അന്ത്യോക്യയിലെ ദൈവശാസ്ത്ര റാഷണലിസവും അലക്സാൺഡ്രിയായിലെ വചനാധിഷ്ഠിത ദൈവശാസ്ത്രവും ആരിയുസിന്റെ ചിന്താധാരയിൽ കൂടി കടന്നപ്പോൾ പാഷണ്ഡതയായി മാറി. അലക്സാൺഡ്രിയാക്കാർ വചനമായ ദൈവത്തിൽ എല്ലാ ഗുണഗണങ്ങളും കർമങ്ങളും ആരോപിച്ചു. പ്ലേറ്റോയുടെ മിസ്റ്റിക്കൽ പാരമ്പര്യത്തിൽ ജീവിച്ച അലക്സാൺഡ്രിയാക്കാർക്ക് വചനം പീഡ സഹിച്ചു, വചനം മരിച്ചു എന്നിങ്ങനെ പറയാൻ ബുദ്ധിമുട്ടുണ്ടായില്ല. വചനമാണ് കർത്താവെന്നും വചനം തന്റെ മനുഷ്യത്വത്തിലാണ് ഇവയെല്ലാം സഹിച്ചതെന്നും അവർ മനസ്സിലാക്കി. എന്നാൽ അന്ത്യോക്യൻ പശ്ചാത്തലത്തിൽ അരിസ്റ്റൊട്ടേലിയൻ ഭാഷയിൽ അലക്സാൺഡ്രിയൻ ചിന്തകളെ കടത്തി വിട്ടപ്പോൾ, വൈഷമ്യങ്ങൾ ഉടലെടുത്തു. "മരിക്കുന്ന വചനം അമർത്യനായ പിതാവുമായി എങ്ങനെ സമസത്തയാകും? ആ വചനം പിതാവിനു തുല്യനല്ല. ഒരു സൃഷ്ടിയാണ്. ദൈവത്തിന്റെ ആദ്യസൃഷ്ടി" എന്നു തുടങ്ങി റാഷണലിസത്തിന്റെ ഭാഷയിൽ ആരിയുസ് ചിന്തിക്കാൻ തുടങ്ങി. അതിനുള്ള പ്രേരണ ലൂസിയന്റെ കലാലയത്തിൽ നിന്നാണ് അയാൾക്ക് കിട്ടിയത്. അന്ത്യോക്യക്കാരായ സഹപാഠികൾ ആരിയുസിനെ പിൻതുണയ്ക്കുകയും ചെയ്തു. അങ്ങനെയാണ് ആരിയനിസം ഒരു സാർവത്രിക പ്രശ്നമായി തീർന്നത്.

## അന്ത്യോക്യൻ സിനഡുകൾ

ആരിയുസുമായി ബന്ധപ്പെട്ട സിനഡുകളെ പറ്റിയാണ് ഇവിടെ ചർച്ച. നിഖ്യാ സൂനഹദോസിനു മുമ്പ് 325-ൽ ആരിയനിസം ചർച്ചചെയ്യാൻ 56 മെത്രാന്മാർ അന്ത്യോക്യയിൽ ഒന്നിച്ചുകൂടി. അവരിൽ 49 പേർ നിഖ്യാസൂന

ഹദോസിലും സംബന്ധിച്ചു. ആരിയുസിന്റെ പ്രബോധനങ്ങൾക്കെതിരായ ഒരു വിശ്വാസപ്രമാണം മെത്രാന്മാർ രൂപീകരിച്ചു. പ്രസ്തുത സിനഡിലും നിഖ്യായിലും അന്ത്യോക്യൻ മെത്രാൻ ഒസ്താത്യോസ് (324/5-330) വലിയൊരു പങ്കു വഹിച്ചു. നിഖ്യാസൂനഹദോസിൽ ആദ്യമായി സംസാരിച്ചതും കോൺസ്റ്റന്റൈൻ ചക്രവർത്തി കൗൺസിൽ ഹാളിൽ പ്രവേശിച്ചപ്പോൾ, സ്വാഗതപ്രസംഗം നടത്തി അദ്ദേഹത്തെ സ്വീകരിച്ചതും അദ്ദേഹമത്രേ.[1] ആരിയനിസത്തിനെതിരെ ഒസ്താത്യോസ് കൃതികൾ രചിച്ചു.[2] ഒരു വചന-മനുഷ്യ ക്രിസ്തുശാസ്ത്രം വികസിപ്പിച്ചെടുക്കാൻ ഒസ്താത്യോസ് ശ്രമിച്ചു. അതിനു കാരണവുമുണ്ട്. ആരിയുസും അത്തനാസ്യോസ് ആദിയായ ആരിയൻ വിരുദ്ധരായ അലക്സാൺഡ്രിയാക്കാരും ഒരേ പ്ലാറ്റ്ഫോമിൽ നിന്നുകൊണ്ടാണ് തർക്കിച്ചു കൊണ്ടിരുന്നത്. "എല്ലാം വചനത്തിൽ ആരോപിക്കുക". അതുമാറ്റി ബലഹീനതകൾ മനുഷ്യപ്രകൃതിക്ക് ആരോപിക്കുന്ന ഒരു ചിന്താഗതിക്ക് ഒസ്താത്യോസ് തുടക്കമിട്ടു. അപ്രകാരം ചെയ്തെങ്കിലേ ആരിയുസിനെ പരാജയപ്പെടുത്താനാവൂ എന്ന് അദ്ദേഹവും അന്ത്യോക്യൻ ചിന്തകരും മനസ്സിലാക്കി. അന്ത്യോക്യയിൽ വച്ച് 328/330-ൽ ആരിയൻ ചിന്താഗതിക്കാർ ഒരു സിനഡ് കൂടി ഒസ്താത്യോസിനെ നാടുകടത്തി. പകരം ടയറിൽ നിന്നു സ്ഥലം മാറിവന്ന പൗളീനോസ് (330) മെത്രാനായി.[3] തുടർന്ന് അന്ത്യോക്യയിൽ ഭരിച്ച പല മെത്രാന്മാരും ആരിയൻ ചിന്താഗതിക്കാരോ, ആരിയുസിനെ പിന്താങ്ങുന്നവരോ ആയിരുന്നു: എവുലാലിയോസ് (331-332), എവുഫ്രോണിയോസ് (332-333), ഫ്‌ളാച്ചില്ലസ് (333-342), സ്റ്റീഫൻ (342-344), ലെയോൺസ്യൂസ് (344-358), എവുഡോക്സിയുസ് (358-359), അന്നാനിയോസ് (359). ആരിയൻ പക്ഷക്കാർ 339-ൽ വീണ്ടുമൊരു സിനഡു കൂടി അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കി. നിക്കോമേദിയായിലെ എവുസേബിയസാണ് ഇതിന് പ്രേരണ നൽകിയത്.

അന്ത്യോക്യയിൽ വച്ച് 341-ലും 344-ലും വീണ്ടും സിനഡുകൾ കൂടി. 341-ൽ 97 മെത്രാന്മാർ സംബന്ധിച്ചു. അവരെല്ലാം ആരിയുസിന്റെ സ്നേഹിതനായ എവുസേബിയസിന്റെ പക്ഷക്കാരായിരുന്നു. അന്ത്യോക്യയിൽ കോൺസ്റ്റന്റൈൻ പണികഴിപ്പിച്ച ദൈവാലയ പ്രതിഷ്ഠയോട് അനുബന്ധിച്ചായിരുന്നു ഈ സിനഡ്. അതിനാൽ ഇതിനെ *പ്രതിഷ്ഠാസിനഡ്* എന്നു വിളിക്കുന്നു. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി നേരിട്ട് സിനഡിൽ സംബന്ധിച്ചിരുന്നു. അത്തനാസ്യോസിനെ തറപറ്റിക്കുക എന്നതായിരുന്നു ആരിയൻ മെത്രാന്മാരുടെ പ്രധാന അജണ്ട. അവർ ആ സിനഡിൽ ഒന്നിനു പിറകെ ഒന്നായി നാല് വിശ്വാസപ്രമാണങ്ങൾ ഉണ്ടാക്കി. ഈ നാലു വിശ്വാസപ്രമാണങ്ങളും നിഖ്യായുടെ *സമസത്ത (ഹോമോഉസിയോസ്)* എന്ന പദപ്രയോഗം ഉപേക്ഷിച്ചിരുന്നു. എവുസേബിയൻ പക്ഷക്കാരുടെ ദൈവശാസ്ത്ര ചിന്താഗതി ഇതിൽ സ്പഷ്ടമായിരുന്നു. സ്ഥലത്തെ മെത്രാനായ സ്റ്റീഫനെതിരായി കൂടിയതാണ് 344-ലെ സിനഡ്. 358-ലും 362-ലും കൂടിയ സിനഡുകളും ആരിയൻ മെത്രാന്മാരുടേതായിരുന്നു. 363, 379 എന്നീ വർഷങ്ങളിൽ നിഖ്യായെ പിൻതാങ്ങിക്കൊണ്ടുള്ള സിനഡുകളാണ് അന്ത്യോക്യയിൽ കൂടിയത്. 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സിനഡോടുകൂടി സത്യവിശ്വാസം പുനഃസ്ഥാപിതമായി.

1. തിയഡൊറെറ്റ്, സഭാചരിത്രം, 1,7.
2. ജറോം, മഹദ്‌വ്യക്തികൾ, 85.
3. H.Chadwick, *The Fall of Eustathios of Antioch*, ***in*** JTS 49(1948)27-35.



നിഖ്യാ മുതൽ കാൽസിഡൺ വരെ

## പിളർപ്പുകൾ

അന്ത്യോക്യൻ സഭയിൽ ആരംഭം മുതലേ വൈവിധ്യം നിലനിന്നു. ഗ്രീക്കുകാർ, സുറിയാനിക്കാർ, യഹൂദക്രൈസ്തവർ, ഹെല്ലനിക് ക്രൈസ്തവർ എന്നിങ്ങനെയായിരുന്നു തരംതിരിവുകൾ. സാമസോട്ടക്കാരൻ പൗലോസ് എന്ന മെത്രാന്റെ മുടക്കിനെ തുടർന്ന് (268) അന്ത്യോക്യയിലെ ക്രിസ്തീയ സമൂഹം പിളർന്നു. പൗലോസിനെ അനുഗമിച്ചവർ *പൗലിസ്ത്യർ* എന്ന് അറിയപ്പെട്ടു. അവരെപ്പറ്റി നിഖ്യായിൽ (325) ഒരു കാനൻ തന്നെ നിർമിതമായി (കാനൻ 19). പൗലിസ്ത്യർ സഭയിലേക്ക് തിരികെ വരാൻ ആഗ്രഹിച്ചാൽ അനുവർത്തിക്കേണ്ട നിലപാടിനെപ്പറ്റി പ്രസ്തുത കാനൻ ചർച്ച ചെയ്യുന്നു. അതിന്റെ അർഥം 325-ലും ഒരു വിഭാഗം ജനം പൗലോസിനെ പിൻതാങ്ങിയിരുന്നു എന്നത്രേ.

നിഖ്യാ സൂനഹദോസ് കഴിഞ്ഞപ്പോൾ കത്തോലിക്കർ, ആരിയർ എന്നിങ്ങനെ രണ്ടു വിഭാഗങ്ങളുണ്ടായി. 360-ന് ശേഷം കത്തോലിക്കർ തന്നെ രണ്ടു വിഭാഗമായി. മെലീഷ്യസ് (370-381), പൗളീനോസ് (362-388) എന്നീ കത്തോലിക്കാ മെത്രാന്മാരുടെ നേതൃത്വത്തിൽ അന്ത്യോക്യൻ സഭ പിളർന്നു. മെലേഷ്യസ് തന്റെ പിൻഗാമി ആയി ഫ്‌ളാവിയനെയും(381-404), പൗളീനുസ് തന്റെ പിൻഗാമിയായി എവാഗ്രിയുസിനെയും (388-392/3) വാഴിച്ചു. എവാഗ്രിയുസ് മരിക്കുന്നതു വരെ ഈ നില തുടർന്നു. അതിനുശേഷം ഇരുവിഭാഗങ്ങളും ഫ്‌ളാവിയനെ അംഗീകരിച്ചു. ഈ കാലഘട്ടത്തിൽ തന്നെ ആരിയൻ മെത്രാന്മാരും (എവുസോയിയോസ് 360-376, ദൊറോത്തേവുസ് 376-381), ഒരു അപ്പൊള്ളിനാരിയൻ മെത്രാനും (വിത്താലിസ് 375) അന്ത്യോക്യയിൽ ഉണ്ടായിരുന്നു. അതിന്റെ അർഥം ക്രിസ്തീയവിശ്വാസികൾ നാല് നേതൃത്വത്തിൻ കീഴിൽ വന്നു എന്നുള്ളതാണ്. അവർ പരസ്പരം കലഹിച്ചുകഴിഞ്ഞതിനാൽ, അതിനനുസരിച്ച് ആത്മീയനാശവും അന്ത്യോക്യയ്ക്ക് സംഭവിച്ചു! പൗളീനുസും എവാഗ്രിയുസും ഒസ്താത്യോസിന്റെ (330) പിൻതുടർച്ചക്കാരായിരുന്നു. റോമും അലക്സാൺഡ്രിയായും പൗളീനുസിനെ പിൻതുണച്ചപ്പോൾ, കപ്പഡോഷ്യൻ പിതാക്കന്മാർ മെലേഷ്യസിനെയാണ്

പിൻതുണച്ചത്. മെലേഷ്യസിന്റെ കാലത്താണ് ദിയദോർ (+394) അന്ത്യോക്യൻ വിദ്യാപാഠശാലയ്ക്ക് അടിസ്ഥാനമിട്ടത്. മെലേഷ്യൻ വിഭാഗത്തിലായിരുന്നു ദിയദോർ. തന്റെ ആശ്രമകലാലയത്തിൽ ദിയദോർ ഒരു ദൈവശാസ്ത്രം വികസിപ്പിച്ചെടുത്തു.[4] വി. ജോൺ ക്രിസോസ്തോം (+407), തിയഡോർ (+428) ആദിയായവർ അദ്ദേഹത്തിന്റെ ശിഷ്യരിൽ പ്രമുഖരായിരുന്നു. അലക്സാൺഡ്രിയൻ കലാലയത്തിന്റെ രൂപകാർഥ പ്രതിപാദനരീതിയിൽ നിന്നു വ്യത്യസ്തമായി ചരിത്രപരവും നിരുക്തിപരവുമായ രീതി അദ്ദേഹം സ്വീകരിച്ചു. വിശുദ്ധഗ്രന്ഥത്തിൽ നിവേശിതഗ്രന്ഥകാരൻ ഉദ്ദേശിച്ച അർഥം കണ്ടുപിടിക്കാൻ അദ്ദേഹം ശ്രമിച്ചു. സഭാതർക്കങ്ങളിൽ അദ്ദേഹം ഒസ്താത്യോസിന്റെ എതിർചേരിയിൽ ആയിരുന്നെങ്കിലും, ദൈവശാസ്ത്രചിന്തയിൽ ഒസ്താത്യോസിന്റ പാത സ്വീകരിച്ചു.

ദിയദോറിന്റെ ചിന്താശൈലിയിലൂടെ ശിഷ്യനായ തിയഡോർ മുന്നേറി. യേശുക്രിസ്തുവിലെ ഏകത്വവും ദ്വിത്വവും രണ്ട് തലങ്ങളിൽ കാണണമെന്ന ചിന്ത അദ്ദേഹം വികസിപ്പിച്ചെടുത്തു. ആരിയൻ, അപ്പൊള്ളിനാരിയൻ തർക്കങ്ങളിൽ സത്യവിശ്വാസം ഉയർത്തിപ്പിടിക്കാൻ അലക്സാൺഡ്രിയൻ ചിന്താരീതി മതിയാകയില്ലെന്ന് തിയഡോർ തെളിയിച്ചു. അതിനു പകരം അദ്ദേഹം പുതിയൊരു പാത തുറന്നു. അദ്ദേഹത്തിന്റെ ദൈവശാസ്ത്രാവിഷ്ക്കരണം വചനത്തിന്റെ ദൈവത്വവും അവതരിച്ച വചനത്തിന്റെ ദ്വിസ്വഭാവങ്ങളും പ്രസ്പഷ്ടമാക്കാൻ പര്യാപ്തമായിരുന്നു എന്ന് അദ്ദേഹം കരുതി. അങ്ങനെ ആരിയൻ, അപ്പൊള്ളിനാരിയൻ പാഷണ്ഡതകളെ തറപറ്റിക്കാനാവുമെന്ന് അദ്ദേഹം വിശ്വസിച്ചു.

ജോൺ ക്രിസൊസ്തോമും ഈ കാലഘട്ടത്തിലെ വലിയൊരു സഭാനേതാവായിരുന്നു. അന്ത്യോക്യൻ സഭയിലെ രണ്ട് കത്തോലിക്കാ വിഭാഗങ്ങളെ യോജിപ്പിക്കാൻ അദ്ദേഹം പരിശ്രമിച്ചു. പൊർഫീരിയുസിനെ 404-ൽ എല്ലാവർക്കും സ്വീകാര്യനായ മെത്രാനായി അന്ത്യോക്യയിൽ വാഴിക്കുന്നതിൽ അദ്ദേഹം വിജയിച്ചു.

## എഫേസൂസ് സൂനഹദോസ് (431)

അന്ത്യോക്യൻ കലാലയത്തിൽ അഭ്യസനം നേടിയ നെസ്തോറിയുസ് ക്രിസ്തുവിന്റെ ഏകത്വവും ദ്വിത്വവും രണ്ടു തട്ടിലാണെന്ന് വ്യക്തമാക്കി. അലക്സാൺഡ്രിയൻ നേതാക്കന്മാർക്ക് സാധിക്കാതിരുന്നത് അന്ത്യോക്യക്കാർ നേടി. "വചനമായ ദൈവത്തിന്റെ ഏകസ്വഭാവം", "രണ്ടു സ്വഭാവങ്ങളിൽ നിന്ന് ഏകസ്വഭാവം" എന്നു തുടങ്ങിയ സിറില്ലിയൻ പദപ്രയോഗങ്ങൾ അക്കാലത്ത് അത്ര സുസ്പഷ്ടമല്ലായിരുന്നു, തെറ്റിദ്ധരിക്കപ്പെടാൻ സാധ്യതയുള്ളവ ആയിരുന്നു. അത്തരം പദപ്രയോഗങ്ങൾ കൊണ്ട് ക്രിസ്തുവിന്റെ ഏകവ്യക്തിത്വവും ഇരുസ്വഭാവങ്ങളും എപ്രകാരം വിശദീകരിക്കുമെന്ന സംശയം പരക്കെ നിലനിന്നു. ഈ സംഗതി കുറേക്കൂടി വ്യക്തമാക്കുന്നതിൽ നെസ്തോറിയുസ് വിജയിച്ചു.

4. R.A.Greer, *The Captain of our Salvlation,* Tuebingen, 1973,129ff.





എന്നാൽ കടുത്ത തെറ്റിദ്ധാരണയ്ക്ക് നെസ്തോറിയുസ് വിധേയനായി. എഫേസൂസ് സൂഹദോസിൽ വച്ച് നെസ്തോറിയുസ് സഭാഭ്രഷ്ടനാക്കപ്പെട്ടു. അലക്സാൺഡ്രിയായിലെ വി. സിറിലിന്റെ ക്രിസ്തുശാസ്ത്ര ഫോർമുലകൾ പരക്കെ അംഗീകൃതമായി. എന്നാൽ 431-ലെ എഫേസോസ് സൂനഹദോസിൽ അന്ത്യോക്യയിലെ ജോണും അദ്ദേഹത്തിന്റെ കൂടെ നിന്ന പൗരസ്ത്യ പ്രവിശ്യയിലെ മെത്രാന്മാരും സംബന്ധിച്ചില്ല. 433-ലെ ഐക്യ ഫോർമുല വി. സിറിൽ അംഗീകരിക്കുന്നതുവരെ അലക്സാൺഡ്രിയായും അന്ത്യോക്യയും സംസർഗമില്ലാതെ കഴിഞ്ഞു. 431-ലെ സിനഡിൽ അലക്സാൺഡ്രിയൻ ഫോർമുലകൾക്കായിരുന്നു മുൻതൂക്കം. 433-ൽ ചില വിട്ടുവീഴ്ചകൾക്ക് വി. സിറിൽ സന്നദ്ധനായി. ചില പദപ്രയോഗങ്ങൾ ഉപേക്ഷിക്കാനും അന്ത്യോക്യക്കാരുടെ ചില പദപ്രയോഗങ്ങൾ സ്വീകരിക്കാനും വി. സിറിൽ സന്നദ്ധനായി. എന്നാൽ അത് ശാശ്വതമായ ഐക്യമായിരുന്നില്ല. അന്ത്യോക്യൻ സഭയിലെ നിരവധി ജനങ്ങൾ സിറിലിന്റെ പ്രവൃത്തിക്ക് നീതീകരണം കണ്ടില്ല,

## കാൽസിഡൺ സൂനഹദോസ് (451)

എഫേസൂസ് സൂനഹദോസിനുശേഷം ഉടലെടുത്ത ഏകസ്വഭാവ പാഷൺഡതയും അതിന്റെ പേരിൽ ഉടലെടുത്ത സംഭവവികാസങ്ങളും കാൽസിഡൺ കൗൺസിലിൽ എത്തിച്ചു. "അവതരിച്ച വചനത്തിന്റെ ഏകസ്വഭാവം" എന്ന സിറില്ലിയൻ പദപ്രയോഗത്തിന് എവുത്തീക്കെസ് തെറ്റായ വ്യാഖ്യാനം നൽകി ഏകസ്വഭാവവാദം എന്ന പാഷൺഡതയിൽ നിപതിച്ചു. അതിനെതിരെ 448-ൽ കോൺസ്റ്റാന്റിനോപ്പിളിൽ വച്ചു നടന്ന *സ്ഥിരസിനഡ്* എവുത്തീക്കെസിനെ കുറ്റക്കാരനായി കണ്ടു. ഫ്ളാവിയൻ മെത്രാന്റെ നേതൃത്വത്തിലുള്ള പ്രസ്തുത സിനഡ് എവുത്തീക്കെസിനെ സ്ഥാനഭ്രഷ്ടനാക്കി. എവുത്തീക്കെസ് ഉടനേ അപ്പീൽ നൽകി. തദ്ഫലമായി 449-ൽ എഫേസോസിൽ വച്ച് ഒരു സിനഡ്കൂടി. 431-ലെ സിനഡിൽ വി. സിറിൽ നേതൃത്വം നൽകിയതുപോലെ സിറിലിന്റെ പിൻഗാമിയായ ദിയസ്ക്കോറോസ് 449-ൽ നേതൃത്വം നൽകി. ഈ രണ്ടു സിനഡുകളും അവയുടെ ചരിത്രപശ്ചാത്തലങ്ങളിൽ മനസ്സിലാക്കിയെങ്കിലേ വസ്തുതകളെ വസ്തുനിഷ്ഠമായി വിലയിരുത്താൻ സാധിക്കൂ.

പുരാതന സഭയിൽ 381-നു മുമ്പ് റോമാ കഴിഞ്ഞാൽ അടുത്ത സ്ഥാനം അലക്സാൺഡ്രിയായ്ക്കും മൂന്നാം സ്ഥാനം അന്ത്യോക്യയ്ക്കുമായിരുന്നു.

കോൺസ്റ്റാന്റിനോപ്പിൾ സിനഡിന്റെ (381) മൂന്നാം കാനൻ ഈ ക്രമം മാറ്റി, റോം കഴിഞ്ഞാൽ അടുത്ത സ്ഥാനം പൗരസ്ത്യദേശത്തെ ഇമ്പീരിയൽ തല സ്ഥാനമായ കോൺസ്റ്റാന്റിനോപ്പിളിനു നൽകി. അത് അലക്സാൺഡ്രി യായ്ക്ക് ഇഷ്ടപ്പെട്ടില്ല. കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാന്മാർ പലപ്പോഴും അന്ത്യോക്യയിൽ നിന്നുള്ളവരായിരുന്നു. അന്ത്യോക്യൻ ദൈവശാസ്ത്രചി ന്താഗതികളായിരുന്നു അവിടെ പരക്കെ അംഗീകരിക്കപ്പെട്ടിരുന്നത്. അതു കൊണ്ട് തരംകിട്ടുമ്പോഴൊക്കെയും കോൺസ്റ്റാന്റിനോപ്പിളിൽ മേധാവിത്വം പുലർത്താൻ അലക്സാൺഡ്രിയൻ മെത്രാന്മാർ പരിശ്രമിച്ചിരുന്നു. വിശുദ്ധ ജോൺ ക്രിസൊസ്തോമിനെ (407) അലക്സാൺഡ്രിയായിലെ വി. തെയോ ഫിലസും (412), നെസ്തോറിയുസിനെ (451) വി. സിറിലും (444), ഫ്ളാവി യനെ (449) ദിയസ്ക്കോറോസും (454) തറ പറ്റിക്കാൻ ശ്രമിച്ചത് ഈ പശ്ചാ ത്തലത്തിലാണ് മനസ്സിലാക്കേണ്ടത്. ഫ്ളാവിയൻ 448–ലെ സിനഡിൽ ചെയ്ത വയെല്ലാം ദിയസ്കോറോസ് 449–ലെ സിനഡിൽ തിരുത്തിക്കുറിച്ചു. ജോൺ ക്രിസൊസ്തോമിനും നെസ്തോറിയുസിനും സംഭവിച്ചതു പോലെ ഫ്ളാവി യനും സംഭവിച്ചു. ഫ്ളാവിയൻ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. അധികനാൾ കഴി യുന്നതിനുമുമ്പ് മരിച്ചു. മേൽപ്പറഞ്ഞ രണ്ടു സിനഡുകൾക്കും പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാഞ്ഞതിനാൽ 451–ൽ കൽക്കദോനിയായിൽ വച്ച് ഒരു പൊതുസൂനഹദോസ് കൂടി.

ഏകസ്വഭാവവാദം തിരസ്ക്കരിച്ച സിനഡ് എവുതീക്കെസിനെ സഭാഭ്ര ഷ്ടനാക്കി. ദിയസ്ക്കോറോസിനെയും പുറംതള്ളി. ഒരു വിശ്വാസപ്രഖ്യാപ നം ഉണ്ടാക്കി. അതിന് അടിസ്ഥാനമായി സ്വീകരിച്ചത് വി. സിറിൽ, നെസ്തോ റിയുസിനയിച്ച രണ്ടാം ലേഖനവും 433–ൽ സിറിൽ അംഗീകരിച്ച ഐക്യ ഫോർമുലയും ആയിരുന്നു. അതിനോടു യോജിക്കുന്ന രേഖ എന്ന നിലയിൽ റോമിലെ വി. ലെയോ മാർപാപ്പായുടെ ലേഖനവും ചർച്ചകൾക്കുശേഷം സ്വീകരിക്കപ്പെട്ടു.

ഏകത്വത്തിനും അതേസമയം ദ്വിത്വത്തിനും ഒരുപോലെ ഊന്നൽ കൊടുത്തു കൊണ്ടുള്ളതായിരുന്നു ഈ വിശ്വാസപ്രഖ്യാപനം. എഫേസൂസ് സിനഡ് (431) ഏകത്വം പ്രസ്പഷ്ടമാക്കാൻ പര്യാപ്തമായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ഇരുസ്വഭാവങ്ങളെപ്പറ്റിയുള്ള വ്യാഖ്യാനം പലർക്കും തൃപ്തി കരമല്ലായിരുന്നു. അതിന്റെ ഫലമായി ഉടലെടുത്ത വഴിപിഴയ്ക്കലാണ് എവു ത്തീക്കെസിൽ കൂടി പുറത്തു വന്നത്. ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യ ത്വവും ഒരുപോലെ ഊന്നിപ്പറയുന്നതിൽ കാൽസിഡൺ വിശ്വാസനിർവച നം വിജയിച്ചു. "ഇരുസ്വഭാവങ്ങളിൽ നിന്ന് ഏകസ്വഭാവം", "അവതരിച്ച വച നമായ ദൈവത്തിന്റെ ഏകസ്വഭാവം" എന്നീ സിറില്ലിയൻ പദപ്രയോഗങ്ങൾ





എവുത്തീക്കിയൻ പശ്ചാത്തലത്തിൽ തെറ്റായി വ്യാഖ്യാനിക്കപ്പെടാൻ ഇട യുള്ളതിനാൽ സ്വീകരിക്കപ്പെട്ടില്ല. പകരം "ഇരുസ്വഭാവങ്ങളിൽ" എന്ന പദ പ്രയോഗം സ്വീകരിക്കപ്പെട്ടു. "ഓരോ സ്വഭാവവും കലർപ്പില്ലാതെ, ഓരോ സ്വഭാവത്തിന്റെയും പ്രത്യേകതകൾ സംരക്ഷിച്ചുകൊണ്ട് നിലകൊള്ളുന്നു" എന്നും രേഖ പഠിപ്പിച്ചു. ഈ നിലപാടിൽ അന്ത്യോക്യൻ ദൈവശാസ്ത്രവും കോൺസ്റ്റാന്റിനോപ്പിൾ സഭയും റോമൻ സഭയും യോജിച്ചു. എഫേസൂസ് സിനഡിൽവച്ച് (431) തങ്ങളുടെ സഭയ്ക്ക് നേരിട്ട ക്ഷീണം 451–ൽ തീർന്നു എന്നതിൽ അന്ത്യോക്യൻ ദൈവശാസ്ത്ര ചിന്താഗതിക്കാർ സന്തോഷിച്ചു.

## എതിർപ്പുകളും കാരണങ്ങളും

കാൽസിഡൺ സിനഡിൽ വച്ചും തുടർന്നും ഒരുകൂട്ടം പൗരസ്ത്യർ കാൽസിഡൺ വിശ്വാസനിർവചനത്തെ എതിർത്തു. താഴെപ്പറയുന്നവയാണ് അവർ നിരത്തിയ കാരണങ്ങൾ:

1. 431–ലെ എഫേസൂസ് സിനഡിന്റെ തീരുമാനങ്ങളിൽ നിന്നുള്ള വ്യതിച ലനമാണ് 451–ലെ തീരുമാനങ്ങൾ. 431–ലെ സിനഡിനെയല്ല 433–ലെ സിറില്ലിയൻ രേഖയെയാണ് സിനഡ് പിൻചെന്നത്.
2. അലക്സാൺഡ്രിയൻ പാരമ്പര്യങ്ങളെ വേണ്ടവണ്ണം മാനിച്ചില്ല. ദിയ സ്ക്കോറോസിനെ സ്ഥാനഭ്രഷ്ടനാക്കിയത് തങ്ങളുടെ സഭയോടുള്ള അവഹേളനമായി അവർ മനസ്സിലാക്കി.
3. "നെസ്തോറിയൻ" എന്ന് കാൽസിഡൺ വിരോധികൾ കരുതിയ വി. ലെയോയുടെ ലേഖനം സിനഡ് അംഗീകരിച്ചു.
4. നെസ്തോറിയൻ പക്ഷപാതികളെന്ന് അവർ കരുതിയ സൈറസിലെ തിയ ഡൊറെറ്റ്, എഡേസ്സായിലെ ഈബാസ് എന്നിവരെ പുനഃപ്രതിഷ്ഠിച്ചു.
5. ഹ്യൂപ്പോസ്റ്റാറ്റിക് ഐക്യം (ഹെനോസിസ് കത് ഹ്യൂപ്പോസ്റ്റസിൻ), സ്വാഭാവികൈക്യം (ഹെനോസിസ് ഫ്യൂസിക്കേ) അവതരിച്ച വചനമായ ദൈവത്തിന്റെ ഏകസ്വഭാവം (മിയാ ഫ്യൂസിസ് തൂ തെവു ലോഗു സെസർക്കോമെനേ) , ഇരുസ്വഭാവങ്ങളിൽ നിന്ന് (എക് ദുവോ), രണ്ടിൽ നിന്ന് ഏകക്രിസ്തു എന്നീ സിറില്ലിയൻ പദപ്രയോഗങ്ങൾ കാൽസി ഡൺ വിശ്വാസനിർവചനത്തിൽ ഉൾപ്പെടുത്തിയില്ല.
6. സിറിൽ നെസ്തിറിയുസിനെഴുതിയ കത്തിലെ പന്ത്രണ്ടു ശാപങ്ങൾ വേണ്ടവിധം ഉപയോഗിച്ചില്ല.
7. യോജിപ്പിനുശേഷം *ഇരുസ്വഭാവങ്ങൾ, ഇരുസ്വഭാവങ്ങളിൽ (എൻ ദുവോ)* എന്നീ പദപ്രയോഗങ്ങൾ സ്വീകരിച്ചു.

8. പുതിയൊരു വിശ്വാസസംഹിത ഉണ്ടാക്കുക എന്നതു തന്നെ എഫേസൂസ് തീരുമാനങ്ങൾക്ക് എതിരായിരുന്നു.

9. അന്ത്യോക്യാ പാത്രിയാർക്കേറ്റിൽ നിന്ന് ജറുസലേം പാത്രിയാർക്കേറ്റ് വേർതിരിച്ചുണ്ടാക്കിയതും സൈപ്രസിനെ സ്വതന്ത്രസഭയാക്കിയതും പല അന്ത്യോക്യക്കാരെയും കാൽസിഡൺ വിരുദ്ധചേരിയിൽ എത്തിക്കുന്നതിന് ഒരു കാരണമായി.

## മറുപടി

എഫേസൂസിന്റെ പ്രബോധനം പ്രധാനമായി അലക്സാൺഡ്രിയൻ ക്രിസ്തുശാസ്ത്ര പദപ്രയോഗങ്ങൾ ഉപയോഗിച്ചായിരുന്നു. അത് ഒരു പരിധിവരെ ഏകപക്ഷീയവുമായിരുന്നു. എവുത്തീക്കെസിന്റെ പാഷൺഡതയുടെ വെളിച്ചത്തിൽ എഫേസൂസ് സിനഡ്, പ്രശ്നം പരിഹരിക്കാൻ മതിയായിരുന്നില്ല. എഫേസൂസിനെ പൂർണമാക്കാനാണ് കാൽസിഡണിൽ സംബന്ധിച്ച പിതാക്കന്മാർ പരിശ്രമിച്ചത്. അതുപോലെ പുതിയൊരു വിശ്വാസനിർവചനത്തിന് പിതാക്കന്മാർ തയാറല്ലായിരുന്നു. പുതിയതൊന്നു രൂപീകരിച്ചേ പറ്റൂ എന്ന് ഒക്ടോബർ 13-ലെ ചർച്ചാസമ്മേളനത്തിൽ രാജകീയപ്രതിനിധി വ്യക്തമാക്കി. പ്രസ്തുത നിർബന്ധം കാരണം മനസ്സില്ലാമനസ്സോടെയാണ് പിതാക്കന്മാർ ഒന്നുണ്ടാക്കാൻ ഒരുമ്പെട്ടത്.

വി. സിറിലിനെ തള്ളിപ്പറഞ്ഞു എന്നു കരുതുന്നതും ശരിയല്ല. കാൽസിഡന്റെ അടിസ്ഥാന ദൈവശാസ്ത്രം വി. സിറിലിന്റേതാണ്. നിഖ്യാവിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനമായി സിറിലിന്റെ ലേഖനങ്ങളാണ് തെരഞ്ഞെടുക്കപ്പെട്ടത്. ഏകനായ ക്രിസ്തുവിനെ വിഭജിക്കാതെ തന്നെ ദ്വിസ്വഭാവങ്ങളെപ്പറ്റി സംസാരിക്കാൻ കഴിയുമെന്ന് സിറിൽ തന്നെ സമ്മതിച്ചിട്ടുള്ളതാണ് (ലേഖനം 49). സിറിൽ *ഏകസ്വഭാവം* എന്നു പറഞ്ഞത് ഇരുസ്വഭാവങ്ങൾക്ക് എതിരായതിനാലല്ല. പിന്നെയോ, *ഏകസ്വഭാവം* എന്ന് വി. അത്തനേഷ്യസ് ഉപയോഗിച്ചതിനാലത്രേ. നെസ്തോറിയൻ പാഷൺഡതയ്ക്ക് എതിരെയുള്ള ഒരുത്തമപ്രയോഗമായി സിറിൽ ഇതിനെ ദർശിച്ചു. സിറിൽ ഇരുസ്വഭാവവിരോധിയേ അല്ലായിരുന്നു. *ഏകസ്വഭാവം* എന്ന് സിറിൽ പ്രയോഗിച്ചതു തന്നെ *ഏകയാളത്വം* എന്ന അർഥത്തിലാണ്. എവുത്തീക്കെസ് ചിന്തിച്ചതുപോലെയുള്ള ഏകസ്വഭാവമല്ല. സിറിൽ *ഫ്യൂസിസും (സ്വഭാവവും) ഹ്യപ്പോസ്തസിസും പ്രോസപ്പോണും (ആളത്വവും)* ഒരേ അർഥത്തിൽ പ്രയോഗിച്ചു. കാൽസിഡൺ സിനഡും നെസ്തോറിയനിസത്തെ ശപിച്ചുതള്ളിയതാണ്. തന്റെ പേരിൽ ചില പൗരസ്ത്യർ മർക്കടമുഷ്ടി പിടിക്കുന്നത് സിറിൽ ജീവിച്ചിരുന്നെങ്കിൽ വേദനാപൂർവമേ വീക്ഷിക്കുമായിരുന്നുള്ളു. അലക്സാൺഡ്രിയൻ പാരമ്പര്യത്തിലെ അടിസ്ഥാന തത്ത്വങ്ങൾ അംഗീകരിച്ച് ഉറപ്പിച്ചതിനു





ശേഷമാണ് അന്ത്യോക്യൻ നിലപാട് ഉറപ്പിച്ചത്. അതിൽ പൗരസ്ത്യർ കുണ്ഠിതപ്പെടേണ്ട കാര്യമേ ഇല്ലായിരുന്നു. എന്നാൽ മറിച്ചാണ് സംഭവിച്ചത്.

വി. സിറിലിന്റെ എല്ലാ പദപ്രയോഗങ്ങളും അതേപടി സ്വീകരിച്ചില്ല എന്നതു ശരിതന്നെ. എന്നാൽ സിറിൽ പഠിപ്പിച്ച തത്വങ്ങൾ സ്വീകരിച്ച് നിർവചനം തയാറാക്കി. കാൽസിഡൺ കൗൺസിലിന്റെ അഞ്ച് ഫോർമുലകൾ സിറിലിൽ നിന്ന് എടുത്തിട്ടുള്ളവയാണ്. വി. ലെയോ മാർപാപ്പായുടെ ലേഖനം സിറിലിന്റെ ലേഖനങ്ങളുടെ അനുബന്ധം കണക്കെ, അവയുടെ വിശദീകരണമായിട്ടാണ് പിതാക്കന്മാർ സ്വീകരിച്ചത്. സിറിലിൽ നിന്ന് അഞ്ച് ഫോർമുലകൾ എടുത്തപ്പോൾ വി. ലെയോയിൽ നിന്ന് രണ്ട് ഫോർമുലകളേ സ്വീകരിച്ചുള്ളു. അലക്സാൺഡ്രിയൻ പിതാക്കന്മാരോട് ലെയോ തികച്ചും യോജിപ്പിലായിരുന്നു. എന്നാൽ "അവതരിച്ച വചനമായ ദൈവത്തിന്റെ ഏകസ്വഭാവം" എന്ന സിറില്ലിയൻ ഫോർമുലയെ ലെയോ വിമർശിച്ചു എന്നത് ശരിയാണ്.

"യോജിപ്പിനുശേഷം ഇരുസ്വഭാവങ്ങൾ" എന്നു പറഞ്ഞില്ലെങ്കിൽ എവുത്തീക്കെസിന്റെ *ഏകസ്വഭാവ പാഷൺഡതയ്ക്ക്* വാതിൽ തുറന്നു കൊടുക്കുമെന്ന് പാശ്ചാത്യർ കരുതി. "രണ്ടു സ്വഭാവങ്ങളിൽ നിന്ന് "എന്നതിനു പകരം "രണ്ടു സ്വഭാവങ്ങളിൽ" എന്ന് വേണമെന്ന് അവർ നിർബന്ധം പിടിച്ചു. "ഓരോ സ്വഭാവത്തിന്റെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നു" എന്ന ഭാഗവും അവരുടെ സംഭാവനയാണ്. അതുപോലെ സിറിലിന്റെ "സ്വാഭാവികൈക്യം" അർഥവ്യക്തതയില്ലെന്ന കാരണത്താൽ തള്ളിക്കളഞ്ഞു. എവുത്തീക്കിയൻ പശ്ചാത്തലത്തിൽ ഇതാവശ്യമായിരുന്നു. എന്നാൽ പൗരസ്ത്യർ സിറിലിനു കൊടുത്തിരുന്ന സ്ഥാനമെന്തെന്ന് ഒരു പക്ഷേ പാശ്ചാത്യലോകത്ത് വ്യക്തമല്ലാതിരുന്നിരിക്കാം. പല പാരമ്പര്യങ്ങളുടെയും പല പശ്ചാത്തലങ്ങളുടെയും ഒത്തുചേരലാണ് കാൽസിഡണിൽ ദർശിക്കുക. നിഷ്പക്ഷമായി ഓരോ ക്രിസ്തുശാസ്ത്രഫോർമുലയും അപഗ്രഥിച്ചിരുന്നെങ്കിൽ എല്ലാം പരസ്പര പൂരകങ്ങളായി മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. എന്നാൽ സുവിശേഷാധിഷ്ഠിത തീക്ഷ്ണതയ്ക്കും സ്നേഹത്തിനും സാഹോദര്യത്തിനുമുപരി സഭാരാഷ്ട്രീയവും വ്യക്തിവൈരാഗ്യവും അധികാരമേധാവിത്വവും മുൻപന്തിയിൽ വന്നപ്പോൾ ക്രിസ്തുവിന്റെ സഭ പിളർന്നു. മാനുഷിക ബലഹീനതയുടെ ദയനീയമുഖമാണ് നാമിവിടെ കാണുക.

# 4
# കാൽസിഡണുശേഷം

അഭിപ്രായ വ്യത്യാസത്തിൽ എത്തിച്ചേർന്ന വിവിധ പൗരസ്ത്യജനപദങ്ങളെ ഐക്യത്തിൽ എത്തിക്കുക എന്നതായിരുന്നു കാൽസിഡൺ സിനഡിന്റെ ലക്ഷ്യം . എന്നാൽ പ്രശ്നപരിഹാരം നടന്നില്ലെന്നു മാത്രമല്ല, പ്രശ്നം കൂടുതൽ രൂക്ഷമാകാൻ കാൽസിഡൺ ഇടയാക്കി. മാർസിയൻ ചക്രവർത്തി മുൻകൈ എടുത്താണ് കാൽസിഡൺ കൗൺസിൽ വിളിച്ചുകൂട്ടിയത്. അദ്ദേഹവും പിൻഗാമികളും എടുത്ത നിലപാടുകൾ എന്തായിരുന്നെന്ന് പരിശോധിക്കാം. അതുപോലെ കാൽസിഡണു ശേഷമുള്ള അന്ത്യോക്യൻ മെത്രാന്മാരും അവരുടെ നിലപാടുകളും ചർച്ചാവിഷയമാക്കാം.

**ചക്രവർത്തിമാർ**

മാർസിയൻ മരിക്കുന്നതുവരെ (457) കാൽസിഡൺ വിശ്വാസനിർവചനത്തിനു വേണ്ടി നിലകൊണ്ടു. വലിയ ഒച്ചപ്പാടു കൂടാതെ മിക്ക പ്രദേശങ്ങളിലെയും ജനങ്ങൾ കഴിഞ്ഞുകൂടി. പൊതുവേ അതൃപ്തി ഉണ്ടായിരുന്നെങ്കിലും, ഈജിപ്തിൽ മാത്രം എതിർപ്പിന്റെ അലയടികൾ ഉയർന്നുകൊണ്ടിരുന്നു. മാർസിയന്റെ പിൻഗാമിയായ ലെയോ ചക്രവർത്തിയും (457–474) കാൽസിഡൺ നിർവചനം നടപ്പാക്കാൻ ശ്രദ്ധാലുവായിരുന്നു. എന്നാൽ ഇക്കാലത്ത് കാൽസിഡൺ വിരുദ്ധർ പരസ്യമായി ഇരുസ്വഭാവ ക്രിസ്തുശാസ്ത്ര ഫോർമുലകളെ എതിർക്കാൻ തുടങ്ങി. ചിലയിടങ്ങളിൽ എതിർപ്പ് ആഭ്യന്തരകലാപത്തിന്റെ വക്കുവരെ എത്തി. ജനങ്ങൾ രണ്ടുവിഭാഗമായി തിരിഞ്ഞു. രാജകീയവിശ്വാസപ്രമാണം അനുസരിക്കുന്ന രാജപക്ഷക്കാർ മെൽക്കീത്തർ എന്നറിയപ്പെട്ടു. കാൽസിഡണെ എതിർക്കുന്നവർ എതിർചേരിയിലുമായി. ഈ ചേരിതിരിവ് ലെയോ ചക്രവർത്തിയുടെ കാലത്ത് അത്ര സ്പഷ്ടമല്ലായിരുന്നു. സാമ്രാജ്യത്തിലെ ഗ്രീക്കുജനപദം മൊത്തത്തിൽ രാജപക്ഷത്തും പ്രാദേശിക ഭാഷകൾ സംസാരിക്കുന്ന സിറിയാക്കാരും ഈജിപ്തുകാരും എതിർപക്ഷത്തുമായി.





ഈ കാലത്തെ അന്ത്യോക്യൻ മെത്രാന്മാർ പൊതുവേ കാൽസിഡൺ അനുകൂലികളായിരുന്നു. മാക്സിമുസായിരുന്നു 451-ലെ അന്ത്യോക്യൻ മെത്രാൻ (+455). തുടർന്നു ഭരിച്ച ബസീലിയുസും (457–458) അകാചിയുസും (458–459) മർതീരിയുസും (459–470) കാൽസിഡൺ അംഗീകരിക്കുന്നവരായിരുന്നു. മർതീരിയുസിനെ നീക്കിയിട്ട് കാൽസിഡൺ വിരുദ്ധനായ പീറ്റർ ഫുള്ളർ 470-ൽ മെത്രാനായി. അന്ത്യോക്യൻ സിംഹാസനത്തിൽ ഭരിച്ച ആദ്യത്തെ കാൽസിഡൺവിരുദ്ധ മെത്രാനാണ് പീറ്റർ. പീറ്ററിന്റെ ചായ്വ് വ്യക്തമായപ്പോൾ ലെയോ ചക്രവർത്തി 471-ൽ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. കാൽസിഡൺ അംഗീകരിക്കുന്ന മർതീരിയുസിനെ പുനഃപ്രതിഷ്ഠിച്ചു. ആ വർഷം തന്നെ മർതീരിയുസ് മരിച്ചതിനാൽ ജൂലിയനെ മെത്രാനായി നിയമിച്ചു. ജൂലിയനും (475) കാൽസിഡൺ അംഗീകരിച്ചു.

ലെയോയെ നീക്കിയിട്ട് ബസിലിസ്ക്കസ് ചക്രവർത്തിയായി (475–477). വിവിധ ചിന്താഗതികളുള്ള ജനപദങ്ങളെ ഒന്നിച്ചു ചേർത്തു കൊണ്ടുപോകാൻ ചക്രവർത്തി താൽപ്പര്യപ്പെട്ടു. കാൽസിഡൺ കൗൺസിലിനെ എതിർത്തതു നിമിത്തം നാടുകടത്തപ്പെട്ട മെത്രാന്മാരെയെല്ലാം അദ്ദേഹം തിരികെ വിളിച്ചു. അങ്ങനെ പീറ്റർ 475-ൽ രണ്ടാമതും അന്ത്യോക്യൻ മെത്രാനായി. പീറ്റർ തുടർന്നും കാൽസിഡൺ വിരുദ്ധ ചിന്താഗതി പുലർത്തി. അലക്സാൺഡ്രിയായിൽ തിമോതി ഐലൂരോസും തിരികെ വിളിക്കപ്പെട്ടു. തിമോതി (457–477) കാൽസിഡൺ വിരുദ്ധനായിരുന്നു. മറ്റിടങ്ങളിലും കാൽസിഡൺ വിരുദ്ധർ തിരികെയെത്തി ഭരണം ഏറ്റെടുത്തു. ഇരുവിഭാഗക്കാരെയും ഒന്നിച്ചുകൂട്ടി ഒരു പൊതുചർച്ചാവേദി ഒരുക്കാൻ ചക്രവർത്തി തത്രപ്പെട്ടു. *എൻസിക്ലിയോൻ* എന്ന പേരിൽ അദ്ദേഹം ഒരു രേഖയും പ്രസിദ്ധീകരിച്ചു. എന്നാൽ ഭാഗികവും താൽക്കാലികവുമായ ഫലമേ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് ഉണ്ടായുള്ളു.

ബസിലിസ്ക്കസ് ചക്രവർത്തിയെ നിഷ്ക്കാസനം ചെയ്ത് സേനോ (476–491) ഭരണം കൈയടക്കി. സേനോ *ഹെനോട്ടിക്കോൻ* എന്ന രേഖ 482-ൽ പ്രസിദ്ധീകരിച്ചു. കോൺസ്റ്റാന്റിനോപ്പിളിലെ അകാചിയുസ് പാത്രിയർക്കീസാണ് (471–489) ഈ രേഖ തയാറാക്കിയത്. കാൽസിഡൺ വിശ്വാസനിർവചനത്തെ പരോക്ഷമായി തള്ളിപ്പറയുന്ന രേഖയായിരുന്നിത്. ആദ്യസിനഡുകളിലെ വിശ്വാസപ്രമാണം മതി എന്ന് ഈ രേഖ പഠിപ്പിച്ചു. കാൽസിഡൺ വിരുദ്ധരെ തൃപ്തിപ്പെടുത്താനായി ഉണ്ടാക്കിയ രേഖയായിരുന്നു ഇത്. നിരവധി മെത്രാന്മാർ ഈ രേഖ അംഗീകരിച്ചു. എന്നാൽ റോമിലെ ഫേലിക്സ് മാർപാപ്പാ അകാചിയുസിനെയും ഹേനോട്ടിക്കാൻ അംഗീകരിച്ചവരെയും മുടക്കി. ഈ ശീശ്മ 518 വരെ നിലനിന്നു. ഈ കാലഘട്ടത്തിൽ കാൽസിഡൺ വിരുദ്ധശക്തികൾ വളരെയധികം വളർന്നു. സേനോ ചക്രവർത്തിയുടെ

പിൻഗാമി അനസ്താസ്യൂസ് ചക്രവർത്തി (491-518) പരസ്യമായിത്തന്നെ കാൽസിഡൺ വിരുദ്ധ മനസ്ഥിതിക്കാരനായിരുന്നു.

പീറ്റർ ഫുള്ളർ 476-ൽ രണ്ടാമതും അന്ത്യോക്യയിൽ നിന്ന് നിഷ്ക്കാസിതനായി. തുടർന്നു ഭരിച്ച യോഹന്നാൻ (476-477), സ്റ്റീഫൻ (477-479), കലൻദിയോൻ (479-484) എന്നിവർ കാൽസിഡൺ അംഗീകരിച്ചു. പീറ്റർ 485-ൽ മൂന്നാമതും അന്ത്യോക്യയിൽ മെത്രാനായി. തുടർന്നു വന്നവരെല്ലാം പീറ്ററിനെപ്പോലെ കാൽസിഡൺ വിരുദ്ധരായിരുന്നു. അങ്ങനെ പല്ലാഡിയുസ് (490-498), ഫ്ളാവിയൻ (498-512), സെവേരൂസ് (512-518) എന്നിവർ കാൽസിഡൺവിരുദ്ധ മനസ്ഥിതി പുലർത്തി. അതായത്, സേനോയുടെ ഹെനോട്ടിക്കോൻ മുതൽ അകാചിയൻ ശീശ്മ അവസാനിക്കുന്നതുവരെ കാൽസിഡൺ വിരുദ്ധരാണ് അന്ത്യോക്യയിൽ സഭാഭരണം നടത്തിയത്.

ജസ്റ്റിൻ ചക്രവർത്തി (518-527) മുൻകൈ എടുത്ത് അകാചിയൻ ശീശ്മ അവസാനിപ്പിച്ചു. അങ്ങനെ കിഴക്കും പടിഞ്ഞാറും തമ്മിൽ വീണ്ടും യോജിച്ചു. ഒത്തുതീർപ്പിന്റെ ഫലമായി സെവേരൂസിന് സിംഹാസനം നഷ്ടപ്പെട്ടു. അദ്ദേഹം ഈജിപ്തിൽ അഭയം പ്രാപിച്ചു. അവിടെ താമസിച്ചുകൊണ്ട് കാൽസിഡൺ വിരുദ്ധശക്തികളെ അദ്ദേഹം വളർത്തി.

സെവേരൂസിനു ശേഷം (518) കാൽസിഡൺ വിരുദ്ധനേതാക്കന്മാർ 557/8 വരെ അന്ത്യോക്യയിൽ ഉണ്ടായിരുന്നില്ല. സെവേരൂസിന്റെ പിൻഗാമിയായി ഒരു പൗലോസ് (519-521) മെത്രാനായി നിയമിതനായി. പൗലോസിന്റെ കാലത്ത് കാൽസിഡൺ വിരുദ്ധർ പീഡനങ്ങൾക്ക് വിധേയരായി എന്ന് മിഖായേൽ റാബോ സൂചിപ്പിക്കുന്നു.[1] സെവേരൂസും അപ്പമെയായിലെ പീറ്ററും മാബുഗിലെ ഫീലൊക്സീനോസും (+523) ഉൾപ്പെടെ 54 മെത്രാന്മാർ ഈ കാലയളവിൽ നാടുകടത്തപ്പെട്ടു. ഇവരിൽ ഭൂരിഭാഗവും സിറിയായിൽ നിന്നുള്ള കാൽസിഡൺ വിരുദ്ധരായിരുന്നു. ചക്രവർത്തിയുടെ കൽപ്പന നടപ്പാക്കിയവർ കഠിനമായ പീഡനം നടത്തി. നിർദയമായ മതപീഡനം കാരണം പൗലോസ് മെത്രാൻ 521-ൽ രാജി വയ്ക്കാൻ നിർബന്ധിതനായി. ചിലർ അയാളെ യൂദൻ എന്നു കളിയാക്കി വിളിച്ചിരുന്നു.[2]

എന്നാൽ പൗലോസിന്റെ കാലത്താണ് കാൽസിഡൺ വിരുദ്ധരായ തെല്ലായിലെ യോഹന്നാൻ, സ്രോഗിലെ യാക്കോബ് (519-521) അമീദിലെ രണ്ടു മെത്രാന്മാർ എന്നിവർ അധികാരത്തിൽ വന്നത്. കപ്പഡോഷ്യയിൽ കാൽസിഡൺ വിരുദ്ധനായ ഒരു സൊത്തേരിക്കൂസിനെ നീക്കാൻ പൗലോസിന് സാധിച്ചില്ല. പൗലോസിന്റെ പിൻഗാമിയായ എവുഫ്രാസിയോസിന് (521-526) നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നു. എഡേസ്സാ,

1. മിഖായോൽ റാബാ, ക്രോണിക്കിൾ, 9,14, 173-174.
2. P.T.R.Gray, *The Defence of Chalcedon (451-553),* Leiden,1979,50-51.





അമീദ് എന്നിവിടങ്ങളിൽ കാൽസിഡൺ വിരുദ്ധരായ മെത്രാന്മാരായിരുന്നു. തെല്ലായിലെ യോഹന്നാൻ (+538) ചുറ്റിനടന്ന് കാൽസിഡൺ വിരുദ്ധതയിൽ ആളുകളെ ഉറപ്പിച്ചു കൊണ്ടിരുന്നു. എവുഫ്രാസിയോസ് 526-ലെ ഭൂമികുലുക്കത്തിൽ മരിച്ചു.

ജസ്റ്റിൻ ചക്രവർത്തിയുടെ കാലത്ത് തിമോതി മൂന്നാമൻ (518/9) എന്ന കാൽസിഡൺ വിരുദ്ധ മെത്രാൻ അലക്സാൺഡ്രിയായിൽ നിർബാധം ഭരണം തുടർന്നു. അന്ത്യോക്യയിലും സിറിയായിലും കാൽസിഡൺ വിരുദ്ധരെ പീഡിപ്പിച്ചെങ്കിലും ചക്രവർത്തിമാർ പീഡനങ്ങളൊന്നും കാര്യമായി ഈജിപ്തിൽ നടപ്പാക്കിയില്ല. കാൽസിഡൺ വിരുദ്ധരുടെ നേർക്കുള്ള ഔദ്യോഗികനയം എന്തായിരുന്നാലും ഈജിപ്ത് അതിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നു.[3] എന്നാൽ ഈജിപ്തിലെ കാൽസിഡൺ വിരുദ്ധരുടെ ഇടയിൽ പല ഉപവിഭാഗങ്ങളുണ്ടായിരുന്നു. അവർ തമ്മിൽ നിരന്തരം കലഹിച്ചുകൊണ്ടിരുന്നു. ഒത്തുതീർപ്പിനുള്ള ശ്രമങ്ങളൊന്നും വിജയിച്ചില്ല.

ജസ്റ്റിനുശേഷം ജസ്റ്റീനിയൻ (527-565) ചക്രവർത്തിയായി. സാമ്രാജ്യത്തിന്റെ രാഷ്ട്രീയൈക്യമായിരുന്നു ജസ്റ്റീനിയന്റെ ലക്ഷ്യം. മതത്തിന്റെ പേരിൽ തന്റെ സാമ്രാജ്യത്തിലുള്ളവർ മത്സരിച്ച് സാമ്രാജ്യത്തിന്റെ ഐക്യം തകർക്കുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടില്ല. സാമ്രാജ്യത്തിന്റെ പശ്ചിമഭാഗങ്ങൾ നിലനിർത്താൻ അദ്ദേഹത്തിന് റോമിന്റെ സഹായം ആവശ്യവുമായിരുന്നു. അതുകൊണ്ട് അദ്ദേഹം വിചിത്രമായ ഒരു രീതി അവലംബിച്ചു. അദ്ദേഹം ഔദ്യോഗികമായി കാൽസിഡൺ സിനഡിനു വേണ്ടി നിലകൊണ്ടു. എന്നാൽ കാൽസിഡൺ വിരുദ്ധരെ പൂർണമായി തള്ളിപ്പറഞ്ഞ് സാമ്രാജ്യത്തിന്റെ ഐക്യം നശിപ്പിക്കാൻ അദ്ദേഹം കൂട്ടാക്കിയില്ല. വിവിധ വിഭാഗക്കാരെ ഒന്നിച്ചുചേർത്ത് ചർച്ചകളിലൂടെ പരിഹാരം കാണാൻ അദ്ദേഹം പരിശ്രമിച്ചു.

ചില സ്ഥലങ്ങളിലൊക്കെ കാൽസിഡൺ വിരുദ്ധരെ അമർച്ച ചെയ്യാൻ ജസ്റ്റീനിയൻ കൽപ്പന കൊടുത്തു. എന്നാൽ പീഡനത്തിൽ നിന്ന് ഒഴിഞ്ഞ് പേർഷ്യയിലേക്കോ അതിർത്തി പ്രവിശ്യകളിലേക്കോ കടക്കാൻ അദ്ദേഹം അവരെ അനുവദിച്ചു. ഇക്കാലത്ത് നിരവധി പേർ പേർഷ്യയിലേക്ക് കുടിയേറി. ഈജിപ്തിൽ ശക്തമായ പീഡനം ഇല്ലാതിരുന്നതിനാൽ അനേകർ അവിടേക്ക് കുടിയേറുകയോ നാടുകടത്തപ്പെടുകയോ ചെയ്തു. ബിസന്റൈൻ സാമ്രാജ്യത്തിന്റെ നെല്ലറയായിരുന്നു ഈജിപ്ത്. അക്കാരണത്താൽ അവിടെ പീഡനം നടത്തുന്നത് സാമ്രാജ്യത്തിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുമെന്ന് ജസ്റ്റീനിയൻ കണ്ടു. എന്നാൽ മറ്റിടങ്ങളിലൊക്കെ കാൽസിഡൺ വിശ്വാസപ്രമാണം സ്വീകരിക്കാൻ ചക്രവർത്തി നടപടികളെടുത്തു. അവിട

3. *Ibid.* 47-48.

ങ്ങളിലൊക്കെ കാൽസിഡൺ വിരുദ്ധർക്കു പകരം കാൽസിഡൺ അംഗീക രിക്കുന്നവരെ അദ്ദേഹം നിയമിച്ചു.

അടിച്ചമർത്തൽ വഴി കാൽസിഡൺ വിരുദ്ധരെ മാനസ്സാന്തരപ്പെടു ത്താനാവില്ല എന്നു കണ്ട്, ചർച്ചകളിൽ കൂടി അവരെ അടുപ്പിക്കാൻ ജസ്റ്റീ നിയൻ ശ്രമിച്ചു. അദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് 532/3-ൽ കാൽസി ഡൺ അംഗീകരിക്കുന്ന അഞ്ചു പേരെയും അംഗീകരിക്കാത്ത ആറു പേരെയും വിളിച്ചുകൂട്ടി മൂന്നുദിവസം നീണ്ടുനിന്ന ചർച്ച നടത്തി.[4] ഏകസ്വഭാവം, ദ്വിസ്വഭാവം എന്നീ പദങ്ങളെ ചൊല്ലിയുള്ള തർക്കം എങ്ങുമെത്താതെ അവർക്ക് പിരി യേണ്ടി വന്നു. ദോളിക്കിയോസിലെ മെത്രാൻ ഫീലൊക്സീനോസ് മാത്രം കാൽസിഡൺ പക്ഷത്തു ചേർന്നു.[5] ഈ ചർച്ചയുടെ ഫലമായി ഏകസ്വഭാവ വാദികൾക്ക് കോൺസ്റ്റാന്റിനോപ്പിളിൽ നിർഭയം കടന്നുവരാമെന്ന നിലവന്നു. തുടർന്നും പല ചർച്ചകളും നടന്നു. സെവേരൂസും 534/5-ൽ കോൺസ്റ്റാന്റി നോപ്പിളിൽ വന്ന് ഐക്യചർച്ചകൾ നടത്തിയെങ്കിലും വിജയിച്ചില്ല.

കാൽസിഡൺ വിരുദ്ധരെ അടുപ്പിക്കാൻ ജസ്റ്റീനിയൻ മറ്റൊരു സംഗതി ചെയ്തു. ഏകസ്വഭാവവാദത്തിന്റെ എതിർ പാഷണ്ഡതയാണല്ലോ നെസ്തോ റിയനിസം. കാൽസിഡൺ കൗൺസിൽ നെസ്തോറിയനാണ് എന്നതായി രുന്നു ഏകസ്വഭാവവാദികളുടെ പ്രധാനാരോപണം. നെസ്തോറിയൻ നേതാ ക്കന്മാരായി അവർ കൊട്ടിഘോഷിച്ചുകൊണ്ടിരുന്നവരെ ശപിക്കുക എന്നത് അവരുടെ നിരന്തരമായ ആവശ്യമായിരുന്നു. അവരെ തൃപ്തിപ്പെടുത്താനായി മൊപ്സുവെസ്ത്യായിലെ തിയഡോർ, സൈറസിലെ തിയഡൊറൈറ്റ്, എഡേ സായിലെ ഈബാസ് എന്നിവരുടെ കൃതികളിൽ നിന്നുള്ള ഉദ്ധരണികൾ ശേഖരിച്ച് അവയെ 543-ൽ *മൂന്നധ്യായങ്ങൾ* എന്ന പേരിൽ ജസ്റ്റീനിയൻ ശപിച്ചു. അഞ്ചാം കോൺസ്റ്റാന്റിനോപ്പിൾ സിനഡിലും (553) ഈ ശാപങ്ങൾ ആവർത്തിക്കപ്പെട്ടു.[6] അതോടൊപ്പം "ത്രിത്വത്തിലൊരാൾ ജഡത്തിൽ പീഡ അനുഭവിച്ചു" എന്ന തെയോപാസ്കൈറ്റ് ഫോർമുലയ്ക്ക് ഔദ്യോഗികാം ഗീകാരവും ലഭിച്ചു.[7] "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളെ അനു ഗ്രഹിക്കണമെ" എന്ന പ്രാർഥന ചേർത്ത് ത്രൈശുദ്ധകീർത്തനം ക്രിസ്ത്യോ

4. ACO IV, 2.169-184.
5. P.T.R.Gray,op.cit. 54- 55.
6. W.H.C.Frend,*The Rise fo theMonophsysite Movement,*Cambridge,1972,279-280.
7. അനസ്താസ്യൂസ് ചക്രവർത്തിയുടെ കാലത്താണ് (491–518) ഈ ഫോർമുല പ്രചരിച്ചത്. ജോൺ മാക്സെൻസ്യൂസ്, ഷിത്തിയൻ സന്ന്യാസികളോടുകൂടെ ഇത് സ്വീകരിച്ചു. സെവേരൂസ് 513-ൽ ഇത് ഒരു ഹോമിലിയിൽ പ്രയോഗിച്ചു കാണുന്നു.





ന്മുഖ പ്രാർഥനയാക്കി.[8] 553-ലെ സിനഡിന്റെ പത്താം ശാപത്തിൽ "ത്രിത്വ ത്തിലൊരുവൻ ജഡത്തിൽ കഷ്ടപ്പെട്ടു" എന്ന ഫോർമുല ജസ്റ്റീനിയൻ ചേർത്തു.[9] എന്നാൽ ഇതുകൊണ്ടൊന്നും ഏകസ്വഭാവവാദികളെ കൊണ്ട് കാൽസിഡൺ അംഗീകരിപ്പിക്കാൻ ജസ്റ്റീനിയന് സാധിച്ചില്ല. മൺമറഞ്ഞു പോയ പിതാക്കന്മാരെ ശപിച്ചു എന്നതൊഴിച്ചാൽ ജസ്റ്റീനിയൻ യാതൊന്നും നേടിയില്ല.

ജസ്റ്റീനിയന്റെ ഭാര്യ തിയഡോറാ ഏകസ്വഭാവവാദികളുടെ ഒരു വലിയ സംരക്ഷക ആയിരുന്നു. വിവിധ സ്ഥലങ്ങളിൽ പ്രവർത്തനസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ഏകസ്വഭാവമെത്രാന്മാർക്ക് കോൺസ്റ്റാന്റിനോപ്പിളിലെ ഒരാശ്രമത്തിൽ ഒന്നിച്ചുകൂടി താമസിക്കാൻ സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അവർ അവിടെ ഒരുതരം വീട്ടുതടങ്കലിൽ ആയിരുന്നു. അവർ നാട്ടുമ്പുറങ്ങ ളിൽ ചുറ്റിനടന്ന് ആളുകളെ സംഘടിപ്പിക്കാതിരിക്കാനാണ് അപ്രകാരം ചെയ്തത്. എന്നാൽ അവർ കോൺസ്റ്റാന്റിനോപ്പിളിൽ താമസിച്ചുകൊണ്ട് കാൽസിഡൺ വിരുദ്ധതയ്ക്ക് നേതൃത്വം നൽകുകയും ഒരു സമാന്തര ഹയ രാർക്കി കെട്ടിപ്പടുക്കുകയും ചെയ്തു.

ജസ്റ്റീനിയന്റെ കാലത്ത് എവുഫ്രാസിയോസിനു ശേഷം (521–526), എഫ്രേം (527–545) അന്ത്യോക്യൻ മെത്രാനായി. ഏകസ്വഭാവവാദികളെ പീഡിപ്പിക്കാൻ അയാൾ നേതൃത്വം നൽകിയെന്നു പറയപ്പെടുന്നു. ഏകസ്വ ഭാവവാദികളെ കത്തോലിക്കാസഭയിലേക്ക് കൊണ്ടുവരുന്നതിനു വേണ്ടിയാ ണത്രേ അപ്രകാരം ചെയ്തത്. ഒരു സമാന്തര ഹയരാർക്കി സ്ഥാപിക്കുന്ന തിൽ നിന്ന് തെല്ലായിലെ യോഹന്നാനെ തടയുന്നതിന് അയാൾ വേണ്ടതെ ല്ലാം ചെയ്തു. യോഹന്നാൻ 538-ൽ അറസ്റ്റു ചെയ്യപ്പെടുകയും അധികം താമ സിയാതെ മരിക്കുകയും ചെയ്തു. കോൺസ്റ്റാന്റിനോപ്പിളിൽ 536-ൽ കൂടിയ ഒരു സിനഡിൽ വച്ച് സെവേരൂസിനെ ശപിക്കാൻ ചക്രവർത്തിയെ എഫ്രേം മെത്രാൻ പ്രേരിപ്പിച്ചു. സെവേരൂസിന്റെ കൃതികൾ നശിപ്പിക്കാൻ ചക്രവർത്തി കൽപ്പനയിറക്കി. അന്ത്യോക്യയിൽ 538-ൽ കൂടിയ മറ്റൊരു സിനഡ് സെവേ രൂസിനെ പിന്നെയും ശപിച്ചു. അദ്ദേഹം 538-ൽ തന്നെ മരിച്ചു.[10]

അലക്സാൺഡ്രിയായിൽ തിമോതി മൂന്നാമൻ മരിച്ചപ്പോൾ (+535/6) ജൂലിയനീത്തർ, സെവേരിയർ എന്നീ ഏകസ്വഭാവവിഭാഗക്കാർ തമ്മിൽ വഴ ക്കായി. ഇരുകൂട്ടരും തങ്ങളുടെ വിഭാഗത്തിൽ നിന്നുള്ളയാളെ പിൻഗാമിയാ

8. പീറ്റർ ഫുള്ളറാണ് ഇപ്രകാരം ചെയ്തത്. നെസ്തോറിയർക്കെതിരെയാണ് പീ റ്റർ ഇപ്രകാരം ചെയ്തതെന്ന് സെവേരൂസ് പറയുന്നു (ഹോമിലി 125). അന സ്താസ്യൂസിന്റെ കാലത്ത് സെവേരൂസ് കോൺസ്റ്റാന്റിനോപ്പിളിൽ വന്ന് ഈ രീതിയിൽ ത്രൈശുദ്ധകീർത്തനതം പാടി. മറ്റ് നൂറ് സന്ന്യാസികളും അദ്ദേഹ ത്തിന്റെ കൂടെ ഉണ്ടായിരുന്നു. തിമോതി പാത്രിയർക്കീസ് ഈ മാറ്റം കോൺസ്റ്റാന്റി നോപ്പിളിലെ ആരാധനക്രമത്തിൽ വരുത്തി (J.B.Bury, *History of the later Roman Empire,I,* 436-441).
9. W.H.C.Frend, *op.cit.*244-245.
10. *Ibid.* 273-274; P.T.R.Gray,*op.cit.*53-54.

ക്കാൻ പരിശ്രമിച്ചു. പട്ടണത്തിലെ സർക്കാരുദ്യോഗസ്ഥൻ സെവേരിയൻ പക്ഷക്കാരനായ തിയഡോഷ്യസിനെ മെത്രാനാക്കാൻ സഹായിച്ചു. എന്നാൽ എതിർത്തവർ ഒരു ഗയ്യാനൂസിനെ തെരഞ്ഞെടുത്തു. തുടർന്നുള്ള കലഹങ്ങളിൽ പട്ടാളം തിയഡോഷ്യസിനെ പിൻതുണച്ചു. അങ്ങനെ അയാൾ അധികാരത്തിൽ വന്നു. തിയഡോഷ്യസ് ഏകസ്വഭാവവാദി ആയിരുന്നു. എന്നാൽ ഈജിപ്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് കത്തോലിക്കാ വിശ്വാസത്തോട് അടുത്തുവരുന്നയാളെ രാജസേവകർ പിൻതുണച്ചു. സേവേരൂസിന്റെ അനുയായികളെ ഐക്യപ്പെടുത്താമെന്ന ചിന്തയാലാകാം രാജസേവകർ തിയഡോഷ്യസിന് പിൻതുണ പ്രഖ്യാപിച്ചത്. എന്നാൽ ജനത്തിന്റെ എതിർപ്പു കാരണം അയാൾക്ക് അധികനാൾ പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. അയാൾ കോൺസ്റ്റാന്റിനാപ്പിളിലേക്ക് വിളിക്കപ്പെട്ടു. കാൽസിഡൺ കൗൺസിൽ സ്വീകരിക്കാൻ അവിടെ വച്ച് ചക്രവർത്തി അയാളെ നിർബന്ധിച്ചെങ്കിലും വിസമ്മതിച്ചതിനാൽ മുടക്കപ്പെട്ടു. എന്നാൽ തിയഡോറാ രാജ്ഞിയുടെ സംരക്ഷണയിൽ മരണംവരെ (566) കോൺസ്റ്റാന്റിനോപ്പിളിൽ താമസിക്കാൻ അദ്ദേഹത്തിന് അനുവാദം ലഭിച്ചു. പകരം കാൽസിഡൺ കൗൺസിൽ അംഗീകരിച്ച പൗലോസ് (538–542) എന്നയാളെ ചക്രവർത്തി അലക്സാൺഡ്രിയായിൽ മെത്രാനായി നിയമിച്ചു.[11] കോൺസ്റ്റാന്റിനോപ്പിളിൽ വീട്ടുതടങ്കലിൽ കഴിഞ്ഞ ഏകസ്വഭാവവാദികളുടെ തലവൻ എന്ന നിലയിൽ തിയഡോഷ്യസ് അവിടെ താമസിച്ചു. *എക്യുമെനിക്കൽ പാത്രിയർക്കീസ്* എന്ന് അദ്ദേഹത്തെ ഏകസ്വഭാവവാദികൾ വിളിച്ചു.

ഈ കാലഘട്ടത്തിൽ കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസും കാൽസിഡൺ പക്ഷപാതിയുമായിരുന്ന അന്തീമൂസ് (535–536) ഏകസ്വഭാവ സ്വാധീനത്തിൽ വന്നു. അഗാപീറ്റസ് മാർപാപ്പാ (535–536) ഗോത്യരെ ഭയന്ന് 536–ൽ കോൺസ്റ്റാന്റിനോപ്പിളിൽ അഭയം തേടിയ അവസരമായിരുന്നത്. അഗാപീറ്റസിന്റെ പ്രേരണയാൽ അന്തീമൂസിനെ ചക്രവർത്തി മെത്രാൻ സ്ഥാനത്തുനിന്നു മാറ്റി പകരം മെന്നാസിനെ നിയമിച്ചു. മെന്നാസ് അധികാരത്തിൽ വന്നയുടനെയാണ് സെവേരൂസിനെയും അപ്പമെയായിലെ പത്രോസിനെയും മുടക്കിയത്.[12]

*യാക്കോബായാസഭ* എന്ന പേര് ഏകസ്വഭാവവാദികൾക്ക് ലഭിക്കാൻ ഇടയായത് യാക്കോബ് ബുർദാനാ എന്ന മെത്രാനിൽ നിന്നാണ്.[13] മറ്റ് ഏകസ്വഭാവവാദക്കാരായ സന്യാസിമാരോടൊപ്പം അദ്ദേഹം 15 വർഷം കോൺസ്റ്റാന്റിനോപ്പിളിൽ താമസിച്ചു. തിയഡോഷ്യസ് പാത്രിയർക്കീസ് കോൺസ്റ്റാന്റിനോപ്പിളിൽവച്ച് 542/3–ൽ യാക്കോബിനെ രഹസ്യമായി എഡേസ്സായുടെ സ്ഥാനികമെത്രാനായി വാഴിച്ചു. മറ്റൊരു തിയഡോറിനെ അറബി

11. P.T.R.Gray, *op.cit.* 58-61.
12. ACO I11,110-113.P.T.R.Gray, *op.cit.* 59.
13. D.D. Bundy, *Jacob Baradaeus*, **in** Museon,91,1-2. 45-77.





കൾക്കു വേണ്ടി ബോസ്ത്രായുടെ മെത്രാനായും വാഴിച്ചു[14]. യാക്കോബ് മെത്രാനായ ശേഷം പശ്ചിമേഷ്യയിലെ റോമൻ പ്രോവിൻസുകളിൽ ചുറ്റിനടന്ന് ഏകസ്വഭാവവാദം പ്രചരിപ്പിക്കാൻ സർവാത്മനാ പരിശ്രമിച്ചു.

എഫ്രേം മെത്രാന്റെ കാലത്താണ് (543) മൂന്നധ്യായങ്ങളെ ശപിച്ചുകൊണ്ടുള്ള ഇമ്പീരിയൽരേഖ ജസ്റ്റീനിയൻ പുറപ്പെടുവിച്ചത്. 553–ൽ ഇത് കൗൺസിൽ പ്രമാണരേഖ ആക്കിയെന്നു മാത്രമേയുള്ളൂ. എഫ്രേം മെത്രാന്റെ പിൻഗാമി ദോമ്നൂസായിരുന്നു (545–559). ഒരു സമാന്തര യാക്കോബായാ ഹയരാർക്കി സ്ഥാപിക്കപ്പെട്ടത് ഇക്കാലത്താണ് (557/8). ദോമ്നൂസിനുശേഷം വി. അനസ്താസ്യൂസ് അന്ത്യോക്യാ പാത്രിയർക്കീസായി (559–570). കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് 561/2–ൽ മറ്റൊരു സഭൈക്യചർച്ച നടന്നു. പേർഷ്യയിലെ നെസ്തോറിയൻ ക്രിസ്ത്യാനികളും ഇതിനായി ക്ഷണിക്കപ്പെട്ടിരുന്നു. എന്നാൽ ചർച്ചകൾ ഒരു ഫലവും പുറപ്പെടുവിച്ചില്ല. ജസ്റ്റീനിയന്റെ കാലത്ത് കാൽസിഡൺ അംഗീകരിക്കുന്നവരും ഏകസ്വഭാവവാദികളും തമ്മിൽ ഐക്യമുണ്ടാകുമെന്ന പ്രതീക്ഷ പലർക്കുമുണ്ടായിരുന്നു. എന്നാൽ അക്കാലത്തു തന്നെ ഒരു സമാന്തര യാക്കോബായാ ഹയരാർക്കിക്ക് രൂപം കൊടുക്കാൻ ഏകസ്വഭാവവാദികൾക്ക് കഴിഞ്ഞു. ഏകസ്വഭാവവാദികളെ കഴിയുന്നത്ര പ്രീണിപ്പിക്കാനും വിട്ടുവീഴ്ച ചെയ്ത് അവരെ ഐക്യത്തിൽ എത്തിക്കാനും അതേസമയം കാൽസിഡൺ വിശ്വാസം ഉറപ്പിക്കാനുമൊക്കെ ശ്രമങ്ങൾ നടന്നു.

ജസ്റ്റീനിയനു ശേഷം ഭരിച്ച ജസ്റ്റിൻ രണ്ടാമൻ ചക്രവർത്തി (565–578) ഐക്യം പുനഃസ്ഥാപിക്കാമെന്ന പ്രതീക്ഷ പുലർത്തി. ജസ്റ്റിനും ഭാര്യ സോഫിയായും ഏകസ്വഭാവ ചിന്തയോട് മമത പുലർത്തി. ചക്രവർത്തി 566–ലും 571–ലും ഐക്യചർച്ചകൾക്ക് നേതൃത്വം കൊടുത്തു. ഏകസ്വഭാവവാദികളുടെ ഇടയിലെ അവാന്തരവിഭാഗങ്ങളെ തമ്മിൽ യോജിപ്പിക്കാനും കത്തോലിക്കാസഭയുമായി അവരെ ഒന്നിപ്പിക്കാനുമുള്ള പല ശ്രമങ്ങളും നടന്നു. 566–ൽ മൂന്നു ദിവസം നീണ്ടുനിന്ന ചർച്ചകളുണ്ടായി. അതിനുശേഷം ഏതാണ്ട് ഒരു വർഷത്തോളം സന്യാസികളും വൈദികരും മറ്റും ചർച്ചകളിൽ പങ്കെടുത്തു. യാക്കോബ് ബുർദാനയും ചർച്ചകളിൽ സംബന്ധിച്ചു. എന്നാൽ ഐക്യം യാഥാർഥ്യമായില്ല. ടൈബീരിയസ് ചക്രവർത്തിയും (578–582) ഐക്യത്തിനു പരിശ്രമിച്ചു. ജസ്റ്റിന്റെയും ടൈബീരിയസിന്റെയും കാലത്താണ് യാക്കോബ് ബുർദാനയുടെ നേതൃത്വത്തിൽ യാക്കോബായാസഭ ഉടലെടുത്തതും ഏകസ്വഭാവവാദികളുടെ ഇടയിലെ വിവിധ വിഭാഗങ്ങൾ യോജിപ്പിക്കപ്പെട്ടതും ഒരു സമാന്തരഹയരാർക്കി സ്ഥാപിതമായതും. യാക്കോബിന്റെ ജീവിതവുമായി അഭേദ്യം ബന്ധപ്പെട്ടു കിടക്കുന്നവയാണ് ഈ സംഭവങ്ങൾ.

14. ഈ വാഴ്ചയിൽ ഘസ്സനിഡ് അറബികൾ സാരമായ പങ്കു വഹിച്ചു.

# 5
# യാക്കോബ് ബുർദാന (+578)

കാൽസിഡൺ സിനഡോടുകൂടി (451) കത്തോലിക്കാ സഭയിൽ നിന്നു മാറിയ ജനപദം നൂറുവർഷംകൊണ്ട് (551) നേതാക്കന്മാരില്ലാതെ ചിന്നിച്ചിതറി നിരവധി വിഭാഗങ്ങളായി പരസ്പരം മത്സരിക്കുകയും കലഹിക്കുകയും നേതൃത്വം പിടിച്ചെടുക്കാൻ ശ്രമിക്കുകയു ചെയ്തുകൊണ്ടിരുന്നു. ജസ്റ്റീനിയന്റെ കാലത്ത് ഏകസ്വഭാവവാദികളെ തേടിപ്പിടിച്ച് കോൺസ്റ്റാന്റിനോപ്പിളിൽ പാർപ്പിച്ചതുവഴി ഇടയന്മാരില്ലാതെ ജനങ്ങൾ വിഷമിച്ചു.

## വിവിധ വിഭാഗങ്ങൾ

ഏകസ്വഭാവവാദികൾ ആരംഭകാലത്തൊന്നും ഒറ്റക്കെട്ടായി നിന്നിട്ടില്ല. യാക്കോബ് ബുർദാനയുടെ നേതൃത്വംപോലും അവരെയെല്ലാം യോജിപ്പിച്ചില്ല. പരസ്പര വിരുദ്ധങ്ങളായ ആശയങ്ങൾ പുലർത്തുന്നവർ നേതൃസ്ഥാനത്തുവന്നു. അവരിൽ വളരെ പ്രധാനപ്പെട്ടവ താഴെപ്പറയുന്ന വിഭാഗങ്ങളാണ്.

*1. ത്രിത്തെയിസ്റ്റുകൾ:* ത്രിത്വത്തിലെ മൂന്നാളുകൾക്കും ഒരേ ഒരുസത്തയല്ല, വ്യത്യസ്ത സത്തകളാണെന്നു പഠിപ്പിക്കുന്നതാണ് ഈ പാഷണ്ഡത. ജോൺ ഫിലൊപ്പോണസ് ആയിരുന്നു ഇവരുടെ നേതാവ്. അരിസ്റ്റോട്ടലിന്റെ ഒരു ഭാഷ്യകാരനായിരുന്നു ജോൺ. സ്വഭാവവും ആളും തമ്മിൽ താദാത്മ്യപ്പെടുത്തി ചിന്തിച്ച ജോൺ, മൂന്നാളുകൾ ഉണ്ടെങ്കിൽ മൂന്നു സ്വഭാവങ്ങളും മൂന്നും സത്തകളും ഉണ്ടെന്ന് വാദിച്ചു. ഏകസ്വഭാവ ചിന്താഗതിനുസരിച്ച് ക്രിസ്തുവിൽ ഏകസ്വഭാവവും ഏകയാളത്വവുമാണല്ലോ.[1]

*2. അഫ്താർതോ-ഡോസെറ്റിസം:* ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ ക്രിസ്തുവിന്റെ ശരീരം സ്വഭാവത്താലേ അമർത്യവും സഹനാതീതവും അഴിവില്ലാത്തതും ആണ്. എന്നാൽ തന്റെ സ്വതന്ത്രമായ ഇച്ഛയാൽ കർത്താവിന്

1. F. L. Cross, *The Oxford Dictionary of the Christian Church,* 1396.





സഹിക്കാനും മരിക്കാനും സാധിക്കും. ഹലികർണാസുസിലെ ഏകസ്വഭാവ മെത്രാനായ ജൂലിയൻ (+518-നുശേഷം) ഈ അബദ്ധോപദേശം പഠിപ്പിച്ചു. ക്രിസ്തുവിന്റെ മനുഷ്യത്വം ഈ പ്രബോധനമനുസരിച്ച് അപൂർണമാണ്. ജൂലിയനിൽ നിന്ന് ഇക്കൂട്ടർ *ജൂലിയനീത്തർ* എന്നും ഈപാഷൺഡത *ജൂലിയനിസം* എന്നും അറിയപ്പെടുന്നു. അന്ത്യോക്യയിലെ സെവേരൂസ് ഇതിനെ ശക്തിയായി എതിർത്തു. ജൂലിയൻ തന്റെ ഇടവകയിൽനിന്ന് 518-ൽ നിഷ്ക്കാസിതനായി. *ഫന്താസിയാസ്തേ* എന്നും ഇവർ അറിയപ്പെടുന്നു. ക്രിസ്തുവിന്റെ ശരീരം വെറും മായയാണ്, തോന്നലാണ് എന്നുള്ള സിദ്ധാന്തമാണിത്.[2]

*3. കൊറുപ്തികൊളെ:* ജൂലിയന്റെ അനുയായികൾ തങ്ങളുടെ എതിരാളികളായ സെവേരൂസിനെയും അനുഗാമികളെയും വിളിച്ചിരുന്ന പേരാണിത്. ക്രിസ്തുവിന്റെ ശരീരം നശ്വരമാണെന്ന് പഠിപ്പിച്ചവർ എന്ന അർഥത്തിലാണ് അവരെ ഇപ്രകാരം വിളിച്ചത്.[3]

*4. തെയോപാസ്ക്കീത്തർ:* ദൈവം പീഡ അനുഭവിച്ചു എന്നു പഠിപ്പിക്കുന്നവർ എന്നർഥം. ആറാം നൂറ്റാണ്ടിലെ ഒരു വിഭാഗം ഏകസ്വഭാവവാദികൾക്ക് എതിരാളികൾ കൊടുത്ത പേരാണിത്. ഏതാണ്ട് 519-ഓടു കൂടിയാണ് അവർ കോൺസ്റ്റാന്റിനോപ്പിളിൽ പ്രത്യക്ഷപ്പെട്ടത്. ഒരു ജോൺ മാക്സെൻസ്യൂസ് ചില ഷിത്തിയൻ സന്ന്യാസിമാരോടൊപ്പം കോൺസ്റ്റാന്റിനോപ്പിളിൽ തെയോപാസ്ക്കിസം പ്രചരിപ്പിച്ചു. "ത്രിത്വത്തിൽ ഒരാൾ ജഡത്തിൽ പീഡ അനുഭവിച്ചു " എന്നായിരുന്നു അവരുടെ ഫോർമുല. ജസ്റ്റീനിയൻ ചക്രവർത്തിയും ബിസാൻസ്യത്തിലെ ലെയോൺസ്യൂസും ഈ ഫോർമുല സ്വീകാര്യമാണെന്ന് വാദിച്ചു. എന്നാൽ മറ്റുപലരും അത് തിരസ്ക്കരിച്ചു.[4]

*5. ക്തിസോലാത്രി:* ക്രിസ്തുവിന്റെ ശരീരം സൃഷ്ടമാണെന്ന് ഇക്കൂട്ടരും അല്ലെന്ന് എതിരാളികളായ അക്തിസോലാത്രികളും വാദിച്ചു. ക്രിസ്തുവിന് സർവജ്ഞാനമില്ലെന്ന് ഒരു കൂട്ടർ വാദിച്ചു. അലക്സാൺഡ്രിയായിലെ തെമിസ്തിസ് ആയിരുന്നു അവരുടെ നേതാവ്.

ഇപ്രകാരം ഇരുപതോളം അവാന്തരവിഭാഗങ്ങൾ ഏകസ്വഭാവവാദക്കാരുടെ ഇടയിലുണ്ടായി. ഈ വിഭാഗങ്ങൾ പരസ്പരം കലഹിച്ചു കഴിഞ്ഞു.[5] ചിന്നിച്ചിതറി നശിച്ചുകൊണ്ടിരുന്ന ഏകസ്വഭാവവാദികളെ ഒന്നിച്ചുചേർത്ത് അവർക്ക് ഒരു ഹയരാർക്കി ഉണ്ടാക്കിക്കൊടുക്കുന്നതിൽ നിർണായക പങ്കുവഹിച്ചയാളാണ് യാക്കോബ് ബുർദാനാ. ഈ യാക്കോബിൽ നിന്നാണ് ഏഷ്യ

2. *Ibid.* 69.766.
3. *Ibid.*932.
4. *Ibid.*1373- 1374.
5. പ്ലാസിഡ് പൊടിപാറ, *അന്ത്യോക്യാ പാത്രിയർക്കീസ്,* തിരുവല്ലാ, 1931, 135-136.

യിലെ ഏകസ്വഭാവവാദികൾക്ക് യാക്കോബായക്കാർ എന്ന പേരുണ്ടായത്. എന്നാൽ 787-ലെ രണ്ടാം നിഖ്യാസൂനഹദോസു വരെ ഈ പേര് ഔദ്യോഗിക രേഖകളിൽ കാണുന്നില്ല. പിൽക്കാലത്ത് യാക്കോബായക്കാർ തന്നെയും തങ്ങളുടെ സമൂഹത്തിന്റെ പേരായി ഇത് അംഗീകരിച്ചിട്ടുണ്ട്.[6] ഈയടുത്ത കാലത്ത് ഒരു ലേഖനത്തിൽ മാർ യാക്കോബ് ബുർദാനയെ പറ്റിയുള്ള പഠനങ്ങൾ അപഗ്രഥിച്ചിട്ടുണ്ട്.[7]

യാക്കോബ് 542/3-ൽ രഹസ്യമായി മെത്രാനായി. തുടർന്ന് വേഷപ്രച്ഛന്നനായി ജീവിതം നയിച്ചു. രാജസേവകന്മാർ തിരിച്ചറിഞ്ഞാൽ അറസ്റ്റു ചെയ്ത് കോൺസ്റ്റാന്റിനോപ്പിളിൽ വീട്ടുതടങ്കലിൽ പാർപ്പിക്കാൻ ഇടയുണ്ടെന്നു കരുതിയാണ് വേഷപ്രച്ഛന്നനായി നടന്നത്. ഒട്ടകജീനി പുതച്ചാണത്രേ നടന്നത്. അതുകൊണ്ടാണ് ബുർദായാ (നാ) എന്ന പേരുണ്ടായത്. യാക്കോബിന് ജനങ്ങളുടെ ഇടയിൽ നല്ല സ്വാധീനം ഉണ്ടായിരുന്നു. ആരും അദ്ദേഹത്തെ ഒറ്റിക്കൊടുത്തില്ല. അദ്ദേഹം മെത്രാനായി അധികം കഴിയുന്നതിനു മുമ്പ് രണ്ടു മെത്രാന്മാരെ കൂടി വാഴിക്കാൻ മുൻകൈ എടുത്തു. കോൺസ്റ്റാന്റിനോപ്പിളിൽ നിന്ന് തർസോസിലെ കോനോനേയും സെലൂഷ്യയിലെ (ഇസൗരിയാ) എവുജേനിയുസിനെയും കൂട്ടിക്കൊണ്ട് യാക്കോബ് അലക്സാൺഡ്രിയായിലെത്തി. അവിടെ വച്ച് അവരിരുവരും മെത്രാന്മാരായി വാഴിക്കപ്പെട്ടു. അവരെ കൂട്ടിക്കൊണ്ട് അദ്ദേഹം വേഷപ്രച്ഛന്നനായി പശ്ചിമേഷ്യയിൽ ഉടനീളം സഞ്ചരിച്ചു. മെത്രാന്മാർ ഇല്ലാതെ കിടന്ന ഏകസ്വഭാവ സമൂഹങ്ങൾക്കായി മെത്രാന്മാരെ വാഴിച്ചു. മ രിക്കുന്നതുവരെ (578) വിശ്രമരഹിതമായി അത്യധ്വാനം ചെയ്ത് ഒരു സമാന്തര ഹയരാർക്കി കെട്ടിപ്പടുത്തു[8].

കോനോനും എവുജേനിയുസും ത്രിത്തെയിസത്തിന്റെ വക്താക്കളായി മാറി. അവരുടെ പ്രവർത്തനം മൂലം ഏകസ്വഭാവവാദ ലക്ഷ്യം തന്നെ തകരാറിലാകുമെന്നുകണ്ട് യാക്കോബും തിയഡോറും കൂടി *അന്ത്യോക്യാ പാത്രിയർക്കീസ്* എന്ന പേരിൽ ഒരു ഏകസ്വഭാവമെത്രാനെ നിയമിക്കാൻ തീരുമാനിച്ചു. എന്നാൽ അവർ തെരഞ്ഞെടുത്ത തെല്ലായിലെ സേർജിയുസ് ത്രിത്തെയിസ്റ്റ് അനുഭാവയായി മാറി. സാവധാനം അയാളെ മാനസ്സാന്തരപ്പെടുത്തുന്നതിൽ തിയഡോർ വിജയിച്ചു.[9] സേർജിയൂസിനെ 557-ൽ അന്ത്യോ

6. പ്ലാസിഡ് പൊടിപാറ, അതേകൃതി: കർക്കടകം 31: മോർ യാക്കൂബ് ബുർദ് ഓയോ ദ്മേത്തൂലോസെ എശ്ത്താമഹനാൻ യാക്കൂബായേ. അതായത്, മാർ യാക്കോബ് ബുർദായാ,-അദ്ദേഹം നിമിത്തം നാം യാക്കോബായക്കാർ എന്ന് വിളിക്കപ്പെട്ടു. യാക്കോബായാസഭയുടെ ഒരു കയ്യെഴുത്തു പഞ്ചാംഗത്തിലാണ് ഇപ്രകാരം കാണുക (Codex Vatican Syriac 63, 12).
7. D. D. Bundy, *art.cit.* ബുർദ്ആ=ഒട്ടകജീനി,പഴന്തുണി.
8. W.H.C.Frend, *The Rise of the Monophsysite Movement,* Cambridge,1972, 285; E. R.Hambye, *Dimensions of Eastern Christianity,* Kottayam, 1983, 45-46.
9. W.H.C.Frend, *op.cit.*288-289.





ക്യാ പാത്രിയർക്കീസ് എന്ന സ്ഥാനം നൽകി യാക്കോബും മറ്റുള്ളവരും ചേർന്ന് വാഴിച്ചു.[10]

മാർ യാക്കോബ് 559-ൽ ഒരു യോഹന്നാനെ എഫേസോസിന്റെ സ്ഥാനിക മെത്രാനായി വാഴിച്ചു. എഫേസോസിലെ യോഹന്നാൻ എന്ന് ഇയാൾ അറിയപ്പെടുന്നു. ജസ്റ്റീനിയൻ ചക്രവർത്തി തന്നെ അയാളെ ആസിയായിൽ അവശേഷിക്കുന്ന വിജാതിയരെ ക്രിസ്ത്യാനികളാക്കാൻ നിയോഗിച്ചു. മാനസ്സാന്തരപ്പെടുന്നവരെ കാൽസിഡൺ വിശ്വാസത്തിലേക്ക് സ്വീകരിക്കണമെന്നായിരുന്നു നിബന്ധന. യോഹന്നാൻ 7000 പേരേ ക്രിസ്ത്യാനികളാക്കി. തിയഡോഷ്യസ് പാത്രിയർക്കീസ് മരിച്ചപ്പോൾ (566) ഈ യോഹന്നാൻ പൊതുനേതാവായി. ഏകസ്വഭാവവാദികളുടെ ഇടയിൽ 575-ൽ വീണ്ടും പിളർപ്പുണ്ടായപ്പോൾ യോഹന്നാൻ, യാക്കോബിന്റെ എതിർവിഭാഗത്തിലായിരുന്നു. നിരവധി ഗ്രന്ഥങ്ങളുടെ കർത്താവായ യോഹന്നാൻ 586-ൽ മരിച്ചു.

യാക്കോബ് 559-ൽ ആഹൂദെമ്മെയെ *പൗരസ്ത്യമെത്രാപ്പോലീത്താ* ആയി വാഴിച്ചു. പേർഷ്യയിലെ ഏകസ്വഭാവവാദികളെ ഒരു ഹയരാർക്കിയുടെ കീഴിൽ കൊണ്ടുവരാനുള്ള ശ്രമം തുടങ്ങി. ജയിലിൽ കിടന്ന് 575-ൽ ആഹൂദെമ്മെ മരിച്ചു.[11] യാക്കോബും തിയഡോഷ്യസും കൂടി വാഴിച്ച സേർജിയുസ് പാത്രിയർക്കീസ് 560/1-ൽ മരിച്ചു. 564-ൽ യാക്കോബിന്റെ സഹായത്തോടുകൂടെ പൗലോസ് ദ് ബേത് ഊക്കാമാ എന്നയാളെ തിയഡോഷ്യസ് അന്ത്യോക്യാ പാത്രിയർക്കീസ് എന്ന പേരിൽ വാഴിച്ചു. ഈ പൗലോസ് ത്രിത്തേയിസ്റ്റ് വിഭാഗത്തിന്റെ എതിരാളിയും അലക്സാൺഡ്രിയാക്കാരനുമായിരുന്നു. എല്ലാവർക്കും സ്വീകാര്യനായിരിക്കുമെന്നു കരുതിയാണ് തിയഡോഷ്യസ് അയാളെ തെരഞ്ഞെടുത്തത്. എന്നാൽ അയാൾ ഒരു വലിയ വിവാദപുരുഷനായി മാറി. തിയഡോഷ്യസ് 566-ൽ മരിച്ചു. ജസ്റ്റിൻ ചക്രവർത്തി വളരെ ആഘോഷപൂർവം അദ്ദേഹത്തെ സംസ്ക്കരിച്ചു.

ജസ്റ്റിൻ 566-ൽ ഐക്യചർച്ചകൾക്ക് മുൻകൈ എടുത്തു. യാക്കോബും ചർച്ചകളിൽ പങ്കെടുത്തു. ത്രിത്തെയിസ്റ്റർ, സെവേരിയർ എന്നീ ഏകസ്വഭാവവാദികൾ തമ്മിലും ഏകസ്വഭാവവാദികളും കത്തോലിക്കരും തമ്മിലും ചർച്ച നടന്നു. ഏകസ്വഭാവ വാദികളുടെ ഇടയിൽ ഒരു ധാരണയുണ്ടായി. സിറിയൻ സന്ന്യാസികളും കോനോനും എവുജേനിയുസും ഒത്തുതീർപ്പിനെ പിൻതാങ്ങി. തദ്ഫലമായി എവുജേനിയുസിനും കോനോനും ഭരണാധികാരം ലഭിച്ചു. എന്നാൽ കത്തോലിക്കരുമായി നടന്ന ചർച്ചകൾ വിജയിച്ചില്ല. ഏകസ്വഭാവ വാദികൾ ചില ഡിമാന്റുകൾ മുന്നോട്ടുവച്ചു: രണ്ടു സ്വഭാവങ്ങ

10. W.H.C.Frend, *op.cit.*290-291; W.Wright, *A Short History of Syriac Literature,* Amsterdam,1966, 85-87.
11. W.H.C.Frend, *op.cit.* 321.

ളിൽ നിന്ന് ഒന്ന് എന്നത് സ്വീകരിക്കുക, സിറിലിന്റെ 12 ശാപങ്ങൾക്ക് കാനോനികാംഗീകാരം നൽകുക, അല്ലെങ്കിൽ കാൽസിഡൺ കൗൺസിലിനെ തള്ളിപ്പറയുന്ന സെവേരിയൻ അർഥത്തിൽ ഹെനോട്ടിക്കോൻ സ്വീകരിക്കുക, സെവേരൂസിന്റെ പേര് അനുസ്മരണപ്പട്ടികയിൽ ചേർക്കുക. കാൽസിഡോണിയർ ഇവ അംഗീകരിച്ചാൽ, യാക്കോബ് നിയമിച്ച പൗലോസിനെ തള്ളിപ്പറഞ്ഞിട്ട് കാൽസിഡോണിയൻ പാത്രിയർക്കീസ് അനസ്താസ്യോസിനെ അന്ത്യോക്യാ പാത്രിയർക്കീസായി സ്വീകരിക്കാൻ അവർ സന്നദ്ധരായിരുന്നു[12].

ഐക്യചർച്ചകൾ മുന്നോട്ടു കൊണ്ടുപോകാൻ ജസ്റ്റിൻ ഒരു പട്രീഷ്യൻ ജോണിനെ ചുമതലപ്പെടുത്തി. യൂഫ്രട്ടീസ് തീരത്തുള്ള കല്ലിനിക്കം എന്ന പട്ടണത്തിലെ മാർ സക്കായ് ആശ്രമത്തിൽ വച്ച് ചർച്ച നടന്നു. പ്രസ്തുത മീറ്റിംഗിൽ (568) വളരെയധികം സന്ന്യാസികളും വൈദികരും പങ്കെടുത്തു. ജോൺ എല്ലാവരെയും ഐക്യത്തിന് ആഹ്വാനം ചെയ്തു. അദ്ദേഹം കൊണ്ടുവന്ന രാജശാസനം വളരെ ഹ്രസ്വമായിരുന്നു: "വിശ്വാസത്തിനാധാരം നിഖ്യാ മാത്രം മതി, ഇരുസ്വഭാവങ്ങളിൽ നിന്ന് ഏക ഹ്യൂപ്പോസ്തസിസ്, ഏക പ്രോസൊപ്പോൺ അത്രേ ക്രിസ്തു, മൂന്നധ്യായങ്ങളെ ശപിക്കണം, സെവേരൂസിനെതിരെയുള്ള ശാപങ്ങൾ നീക്കിയിരിക്കുന്നു, സിറിലിന്റെ കാലം മുതൽ നാളിതു വരെയുള്ള എല്ലാ ശാപങ്ങളും നീക്കിയിരിക്കുന്നു" എന്നിപ്രകാരം അയാൾ പ്രഖ്യാപിച്ചു. സന്നിഹിതരായ മെത്രാന്മാരും മറ്റു പലരും ഇതിൽ സന്തുഷ്ടി പ്രകടിപ്പിച്ചു.

എന്നാൽ പെട്ടെന്ന് സന്ന്യാസികളിൽ ചിലർ ബഹളമുണ്ടാക്കി. ജോൺ കൊണ്ടുവന്ന രേഖ വലിച്ചുകീറി. ജോൺ ഉടൻതന്നെ അവിടം വിട്ടിറങ്ങിപ്പോയി.[13] കാൽസിഡോണിയരും ഏകസ്വഭാവവാദികളും തമ്മിലുള്ള ഐക്യത്തിനുള്ള അവസാന പ്രതീക്ഷയും ഈ യോഗം തകർത്തുകളഞ്ഞു. ഏകസ്വഭാവനേതാക്കന്മാർ വിട്ടുവീഴ്ചയ്ക്ക് തയാറായിരുന്നു. വൃദ്ധരായ യാക്കോബും യോഹന്നാനും മതപരമായ ഐക്യത്തിനുവേണ്ടി നിലകൊണ്ടു. ചക്രവർത്തിയോട് അവർ വിശ്വസ്തരുമായിരുന്നു. എന്നാൽ താഴെയുള്ള അണികൾ വിട്ടുവീഴ്ചയ്ക്ക് തയാറായില്ല. കാരണം യാക്കോബിനെ തന്നെയും നിയന്ത്രിച്ചിരുന്നത് സിറിയായിലെ ആശ്രമങ്ങളും സന്ന്യാസികളുമായിരുന്നു. ഈ സന്ന്യാസികൾ പൂർണമായി യാക്കോബിന്റെയോ, യോഹന്നാന്റെയോ പൗലോസിന്റെയോ നിയന്ത്രണത്തിൽ അല്ലായിരുന്നു. കടുംപിടുത്തക്കാരും മർക്കടമുഷ്ടിക്കാരുമായ മതഭ്രാന്തന്മാരായിരുന്നു പല സന്ന്യാസികളും. അന്ധമായ പാരമ്പര്യങ്ങളിൽ അവർ അടിയുറച്ച് വിശ്വസിക്കുകയും അവയ്ക്കുവേണ്ടി വീറോടെ വാദിക്കുകയും ചെയ്തു. അവർ ആശ്രമങ്ങൾക്ക്

12. *Ibid*. 317-318.
13. *Ibid*. 318-319.





ചുറ്റുമുള്ള ഗ്രാമീണരുടെ ഇടയിൽ വലിയ സ്വാധീനം ചെലുത്തി. ഗ്രീക്കുകാരായ ചക്രവർത്തിമാർക്കും പട്ടണത്തിലെ ഗ്രീക്ക് ജനപദത്തിനും മെത്രാന്മാർക്കും എതിരെ ഗ്രാമീണരെ ഇളക്കിവിടാൻ ഈ സന്ന്യാസികൾക്ക് കഴിഞ്ഞു.

എങ്കിലും ചക്രവർത്തി തുടർന്നും പ്രതീക്ഷാനിർഭരനായിരുന്നു. അദ്ദേഹം യാക്കോബിനെയും തിയഡോറിനെയും മറ്റ് നേതാക്കന്മാരെയും ഒരിക്കൽ കൂടി ചർച്ചകൾക്കായി കോൺസ്റ്റാന്റിനോപ്പിളിലേക്ക് വിളിച്ചു. അദ്ദേഹം ദാറായിലെ സേനാനായകന് തത്സംബന്ധമായ കത്തുകൾ അയച്ചു. *ദിയാക്രിനോമെനോയ്* എന്നാണ് ഏകസ്വഭാവവാദികൾ അഭിസംബോധന ചെയ്യപ്പെട്ടത്. കാൽസിഡൺ കൗൺസിൽ സ്വീകരിക്കുന്നതിൽ ബുദ്ധിമുട്ടുള്ളവർ എന്നാണ് വാക്കിനർഥം. തിയഡോർ ഉടനേ അനുസരിച്ചു. യാക്കോബിനെ പോകാൻ സന്ന്യാസികൾ അനുവദിച്ചില്ല. കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് 569–570–ൽ ചർച്ചകൾ നടന്നു. അതിൽ എഫേസോസിലെ യോഹന്നാനും നൂബിയായിലെ ലൊൻഗീനൂസും അന്ത്യോക്യയിലെ പൗലോസും സംബന്ധിച്ചു. ഐക്യം സാധ്യമാണെന്ന് ചിലർക്കെങ്കിലും തോന്നലുണ്ടായി. ചക്രവർത്തി 571–ൽ *രണ്ടാം ഹെനോട്ടിക്കോൻ* എന്ന പേരിൽ ഒരു വിശ്വാസപ്രഖ്യാപനം പ്രസിദ്ധീകരിച്ചു. അത് പൂർണമായും സിറില്ലിയൻ ക്രിസ്തുശാസ്ത്ര പദപ്രയോഗങ്ങൾ ആവർത്തിച്ചുറപ്പിക്കുന്നതായിരുന്നു: അത് തെയോപാസ്ക്കിസം അംഗീകരിച്ചു, മൂന്നധ്യായങ്ങളെ വീണ്ടും ശപിച്ചു, *നെയോ–കാൽസിഡോണിയൻ* ചിന്താഗതികൾ സ്വീകരിച്ചു, ത്രിത്വൈയിസ്റ്റ് തർക്കങ്ങൾക്ക് പരിഹാരം നിർദേശിച്ചു, ത്രിത്വത്തിലെ മൂന്നാളുകൾ തമ്മിലുള്ള ഐക്യത്തിൽ കാണുന്ന വ്യത്യാസം ചൂണ്ടിക്കാട്ടി, *ഹ്യൂപ്പോസ്റ്റാറ്റിക്കൈക്യം* എന്ന സിറില്ലിയൻ ഫോർമുല സ്വീകരിച്ചു, കുരിശിൽ മരിച്ചത് ത്രിത്വത്തിൽ ഒരാൾ ആണെന്ന തെയോപാസ്ക്കിസം അംഗീകരിച്ചു. വാക്കുകളെപ്പറ്റിയും ആളുകളെപ്പറ്റിയും മേലിൽ അനാവശ്യചർച്ചകൾ നടത്തരുതെന്നും അതു വിലക്കി. ഹെനോട്ടിക്കോൻ കാൽസിഡൺ സിനഡിനെ പരാമർശിച്ചതേയില്ല. ഈ രേഖ കുറേയൊക്കെ ഏകസ്വഭാവവാദികൾക്ക് സ്വീകാര്യമായിരുന്നു. യോഹന്നാനും പൗലോസും വി. സോഫിയാ ദൈവാലയത്തിൽ വച്ച് കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസിൽ നിന്ന് രണ്ടുപ്രാവശ്യം കുർബാന സ്വീകരിച്ചു. കാൽസിഡൺ കൗൺസിലിനെ എല്ലാവരും ഉടനെ തള്ളിപ്പറയാൻ പോകുന്നെന്ന് അവർ കരുതി. എന്നാൽ മറിച്ചാണ് സംഭവിച്ചത്. ഈ പരിശ്രമവും പരാജയപ്പെട്ടു.

നിരാശനായ ജസ്റ്റിൻ പട്ടണത്തിലുള്ള ഏകസ്വഭാവവാദികളെ അറസ്റ്റു ചെയ്ത് ജയിലിലടച്ചു. തുടർന്ന് തിബേരിയുസ് രണ്ടാമന്റെ കാലമൊഴിച്ച് (578–582) ഏകസ്വഭാവവാദികൾ പീഡിപ്പിക്കപ്പെട്ടു. ചക്രവർത്തിയുടെ ചിന്തയിൽ രാഷ്ട്രീയമായ ഐക്യത്തിന് ഒരേ ഒരു വിശ്വാസം പ്രജകൾക്ക് ഉണ്ടാ

യിരിക്കണമായിരുന്നു. രണ്ടു സഭകൾക്ക് സാമ്രാജ്യത്തിൽ സ്ഥാനമില്ലായിരുന്നു. ചക്രവർത്തിക്ക് രണ്ടു സഭകളുടെ തലവനായിരിക്കാനും സാധിക്കുമായിരുന്നില്ല. ഏകസ്വഭാവ വാദികളുടെ വളരെയധികം ഡിമാന്റുകൾ അംഗീകരിച്ചെങ്കിലും, കാൽസിഡൺ കൗൺസിലിന്റെ കാനോനികനില അംഗീകരിക്കാതിരിക്കാൻ ചക്രവർത്തിമാർക്ക് കഴിഞ്ഞില്ല. എന്നാൽ കാൽസിഡൺ കൗൺസിൽ നീക്കിക്കളഞ്ഞെങ്കിലേ ഐക്യം സുസാധ്യമാകൂ എന്ന നിലപാടാണ് ഏകസ്വഭാവവാദികൾ എടുത്തത്. ചക്രവർത്തിമാരുടെ സന്മനസ്സൊന്നും അവരെ തൃപ്തിപ്പെടുത്തിയില്ല.[14]

അന്ത്യോക്യയിലെ പൗലോസും യാക്കോബു ബുർദാനായും തമ്മിലുള്ള കലഹം പരസ്യമായിരുന്നു. ഈജിപ്തിലെ ഏകസ്വഭാവവാദികളുടെ ഇടയിലെ ഭിന്നത രൂക്ഷമായി വളർന്നു കൊണ്ടിരുന്നു. അവസാനം അലക്സാൺഡ്രിയായിൽ ഒരു പത്രോസിനെ ഏകസ്വഭാവവാദികൾ വാഴിച്ചു. അയാൾ ഉടനേ 70 മെത്രാന്മാരുടെ ഒരു സമൂഹം ഉണ്ടാക്കി. അത് യാക്കോബ് ബുർദാനാ അംഗീകരിച്ചു. അവർ പൗലോസിനെ മുടക്കി. അതിനും യാക്കോബ് സമ്മതം നൽകി. അലക്സാൺഡ്രിയാക്കാരെ അറിയിക്കാതെ ഒരു തിയഡോറിനെ അലക്സാൺഡ്രിയാ പാത്രിയർക്കീസായി പൗലോസ് വാഴിച്ചു എന്നതായരുന്നു ആരോപിക്കപ്പെട്ട കുറ്റം.[15] അതുപോലെ കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് കാൽസിഡോണിയരിൽ നിന്ന് പൗലോസ് കുർബാന സ്വീകരിച്ചതും കുറ്റമായി ചിത്രീകരിക്കപ്പെട്ടു. എന്നാൽ ഘസ്സനിഡ് അറബികളുടെ ഇടയിൽ പൗലോസിന് അംഗീകാരമുണ്ടായിരുന്നു. യാക്കോബ് 578 ജൂലൈ 30-ന് മരിച്ചശേഷം ഏകസ്വഭാവവാദികളുടെ ഇടയിലെ പിളർപ്പ് കുറേക്കൂടി രൂക്ഷമായി. പൗലോസിനെ ഉപേക്ഷിച്ച മെത്രാന്മാരും സന്ന്യാസികളും കൂടി ഒരു പത്രോസിനെ (കല്ലിനിക്കം) അന്ത്യോക്യാ പാത്രിയർക്കീസായി തെരഞ്ഞെടുത്തു (578-581). എന്നാൽ അയാളെ അവിടെ നിയമിക്കാൻ 580-ൽ മാത്രമാണ് സാധിച്ചത്.[16]

ഏകസ്വഭാവവാദികളെ കുറെയൊക്കെ ഒന്നിച്ചു നിർത്താൻ യാക്കോബ് ബുർദാനയ്ക്ക് കഴിഞ്ഞെങ്കിലും പൂർണമായി വിജയിച്ചില്ല. അദ്ദേഹം കരിസ്മാറ്റിക് നേതൃത്വത്തിന്റെ ഉടമയായിരുന്നതിനാൽ പരക്കെ സ്വീകാര്യനായിരുന്നു. എന്നാൽ അന്ത്യോക്യയിലെ പൗലോസും അലക്സാൺഡ്രിയായിലെ പത്രോസും തമ്മിലുള്ള രൂക്ഷമായ അഭിപ്രായവ്യത്യാസം പരിഹരിക്കാൻ യാക്കോബിന് കഴിഞ്ഞില്ല എന്നതാണ് വാസ്തവം. കടുത്ത താപസ്സജീവിതം, എതിർപ്പുകളെ നിരന്തരം എതിരിടാനുള്ള കഴിവ്, അശ്രാന്തപരിശ്രമം എന്നിവ യാക്കോബിനെ ഏകസ്വഭാവവാദികളുടെ ഇടയിൽ അതുല്യ

14. *Ibid*.322 -323.
15. *Ibid*. 327-328.
16. *Ibid*. 328.





നാക്കി. യാക്കോബു ബുർദാനായും സഹപ്രവർത്തകരും കൂടി ആസിയാ, സിറിയാ എന്നിവിടങ്ങളിലായി 27 മെത്രാന്മാരെ വാഴിച്ചു എന്നാണ് എഫേസോസിലെ യോഹന്നാൻ 566-ൽ എഴുതുന്നത്. ഇക്കൂട്ടത്തിൽ രണ്ട് പാത്രിയർക്കീസന്മാരും ഉൾപ്പെടുന്നു. എന്നാൽ ഈജിപ്തിൽ ഏകസ്വഭാവ വാദികളായ മെത്രാന്മാരെ വാഴിക്കുന്നതിൽ യാക്കോബ് വിജയിച്ചില്ല.

യാക്കോബ് ബുർദാനാ വാഴിച്ച മെത്രാന്മാർക്ക് പട്ടണങ്ങളിൽ സ്വാധീനമില്ലായിരുന്നു. അവർ ഗ്രാമങ്ങളിലെ ആശ്രമങ്ങളിലാണ് പാർത്തിരുന്നത്. പാത്രിയർക്കീസിന് അന്ത്യോക്യാ കേന്ദ്രമാക്കി ഭരിക്കാനും സാധിച്ചില്ല. കാരണം ചക്രവർത്തി നിയമിച്ച കത്തോലിക്കാ പാത്രിയർക്കീസ് അവിടെ ഉണ്ടായിരുന്നു. സിറിയായിൽ മർദീനും കെന്നെശ്രീനും ഈജിപ്തിൽ വാദി-ഹബീബും തെക്കുപടിഞ്ഞാറൻ അലക്സാൺഡ്രിയായും ആയിരുന്നു അവരുടെ കേന്ദ്രങ്ങൾ. പത്രോസ് പാത്രിയർക്കീസ് (581-591) ഒരിക്കലും അന്ത്യോക്യയിൽ പോയിട്ടില്ലെന്ന് സ്വയം സാക്ഷിക്കുന്നു.[17] സിറിയായിലെ സന്ന്യാസികൾ ഏകസ്വഭാവ വാദത്തിന്റെ വക്താക്കളായി, ആശ്രമങ്ങൾ അതിന്റെ കേന്ദ്രങ്ങളാക്കി. സുറിയാനിയും കോപ്തിക്കും ഏകസ്വഭാവവാദികളുടെ ആരാധനാഭാഷയായി.[18]

17. മിഖായേൽ റാബോ, ക്രോണിക്കിൾ, 10,22.
18. W.H.C.Frend, *op.cit*. 292-295.

# 6
# യാക്കോബു ബുർദാനയ്ക്കുശേഷം

യാക്കോബിനു ശേഷം ഏകസ്വഭാവവാദികളുടെ ഇടയിലുണ്ടായ സംഭവവികാസങ്ങളും ബിസന്റൈൻ ചക്രവർത്തിമാരുടെ സമീപനങ്ങളും അപഗ്രഥിക്കാം. മെത്രാന്മാരില്ലാതെ ഭിന്നിച്ചുകൊണ്ടിരുന്ന ഏകസ്വഭാവവാദികളെ ഒരു ഹയരാർക്കിയുടെ കീഴിൽ കൊണ്ടുവരാൻ യാക്കോബ് നിർണായക പങ്കു വഹിച്ചു. ആസിയായിലും സിറിയായിലും അവർക്ക് ധാരാളം മെത്രാന്മാരുണ്ടായി. എന്നാൽ ബിസന്റൈൻ ചക്രവർത്തിമാർ ഐക്യചിന്ത പുലർത്തി. വിവിധ ക്രിസ്തീയ വിഭാഗക്കാരെ ഒന്നിച്ചു ചേർത്ത് സാമ്രാജ്യത്തിന്റെ ഐക്യം നിലനിർത്തണം എന്നതിലായിരുന്നു അവരുടെ ശ്രദ്ധ.

മൗരിസ് ചക്രവർത്തി (582-602) ഏകസ്വഭാവവാദികളോട് വിട്ടുവീഴ്ചയില്ലാതെ പെരുമാറി. തദ്ഫലമായി പലയിടങ്ങളിലും അവർ പീഡിപ്പിക്കപ്പെട്ടു. ഏകസ്വഭാവവാദികളെ പിൻതുണച്ചിരുന്ന ഘസ്സനിഡ് അറബിരാജ്യം മൗരീസ് ചക്രവർത്തി തകർത്തു. അൽ-മുൻദീർ എന്ന നേതാവിനെ തടവുകാരനാക്കി. ആ പ്രദേശത്തുള്ള ജനങ്ങളുടെയെല്ലാം എതിർപ്പിന് ഈ സംഭവം ആക്കം കൂട്ടി.[1] അർമേനിയായിൽ ഒരു ഭാഗത്തെക്കൊണ്ട് കാൽസിഡൺ അംഗീകരിപ്പിക്കാൻ മൗരീസിനു കഴിഞ്ഞു. ജോർജിയായും ബിസന്റൈൻപക്ഷം ചേർന്നു.[2] മൗരീസ് 599-ൽ ശക്തിയായ മതപീഡനം നടത്തിയപ്പോൾ, നിരവധി ഏകസ്വഭാവവാദികൾ ഈജിപ്തിലേക്കും പേർഷ്യയിലേക്കും കുടിയേറി.[3]

മൗരീസിനെ വധിച്ച് ഫോക്കാസ് 602-ൽ അധികാരത്തിൽ വന്നപ്പോൾ പശ്ചിമേഷ്യയിലുടനീളം തകിടം മറിച്ചിലുകളുണ്ടായി. മൗരീസിന്റെ മകളുടെ ഭർത്താവായിരുന്നു  പേർഷ്യൻ സാമ്രാജ്യത്തിലെ ഖുസ്രോ രണ്ടാമൻ രാജാവ്

1. W.H.C.Frend, *op.cit*. 329-330.
2. *Ibid*.332-333.
3. *Ibid*.333-335.





(590-628). മൗരീസിനെ വധിച്ചത് കാരണമായെടുത്ത് ഖുസ്രോ ബിസന്റൈൻ സാമ്രാജ്യത്തിന്റെ പൗരസ്ത്യ പ്രവിശ്യകൾ ഒന്നൊന്നായി കീഴടക്കി. ഒരിടത്തും പിടിച്ചു നിൽക്കാൻ കഴിയാതെ ബിസന്റൈൻ സൈന്യം പരാജയപ്പെട്ടു. ജറുസലേമിൽ മാർ സാബായുടെ ആശ്രമം പേർഷ്യാക്കാർ തകർത്ത് അവിടെ ഉണ്ടായിരുന്ന 44 സന്ന്യാസികളെയും വധിച്ചു. ജറുസലേമിലെ കാൽസിഡൺ പാത്രിയർക്കീസ് സക്കറിയാസിനെ 35,000 വിശ്വാസികളോടും വിശുദ്ധ കുരിശിന്റെ ഭാഗങ്ങളോടും കൂടെ 614-ൽ പേർഷ്യയിലേക്ക് കൊണ്ടുപോയി.

പിടിച്ചടക്കിയ പ്രദേശങ്ങളിലെ ഏകസ്വഭാവ വാദികളായ മെത്രാന്മാരെ തുടരാൻ ഖുസ്രോ അനുവദിച്ചു. നാടുകടത്തപ്പെട്ടവർ തിരികെ വന്നു. കാൽസിഡൺ അനുകൂലിക്കുന്നവരെ നീക്കി പകരം ഏകസ്വഭാവവാദികളായ മെത്രാന്മാരെ നിയമിച്ചു. പിടിച്ചടക്കിയ പശ്ചിമേഷ്യൻ പ്രദേശങ്ങളിലെല്ലാം ഏകസ്വഭാവവാദികളായ മെത്രാന്മാരായി. കാൽസിഡൺ നാമം തന്നെ ഈ പ്രദേശങ്ങളിൽ നിന്ന് തുടച്ചു മാറ്റപ്പെട്ടു.[4] "കാൽസിഡൺ രാത്രി കടന്നുപോയതിനാൽ ലോകം സമാധാനത്തിലും സ്നേഹത്തിലും സന്തോഷിക്കുന്നു" എന്ന് 614-ൽ അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസ് അത്തനാസ്യോസ് (595-631) അലക്സാൺഡ്രിയാ പാത്രിയർക്കീസിനെഴുതുന്നു.

അന്ത്യോക്യയിലെ കാൽസിഡൺ അനുകൂല പാത്രിയർക്കീസ് അനസ്താസ്യൂസ് രണ്ടാമൻ (609) പട്ടണത്തിൽ നടന്ന ആഭ്യന്തര കലാപത്തിൽ കൊല്ലപ്പെട്ടു. തുടർന്ന് 30 വർഷത്തേക്ക് അവിടെ അദ്ദേഹത്തിന് പിൻഗാമികൾ ഉണ്ടായില്ല. അതിനുശേഷവും കാൽസിഡൺ അനുകൂലികളായ പാത്രിയർക്കീസന്മാർ ഏറെനാൾ കോൺസ്റ്റാന്റിനോപ്പിളിൽ പാർക്കുകയായിരുന്നു. പീഡകരായ ബിസന്റൈൻ ചക്രവർത്തിമാരിൽ നിന്ന് മോചിപ്പിക്കുന്ന രക്ഷകനായിട്ടാണ് ഖുസ്രോ രാജാവിനെ ആരംഭത്തിൽ ഏകസ്വഭാവവാദികൾ പരിഗണിച്ചത്. കോൺസ്റ്റാന്റിനോപ്പിളിലെ ശത്രുരാജാവിൽ നിന്ന് ജനപദങ്ങളെ അകറ്റിനിർത്താനുള്ള തന്ത്രങ്ങളെല്ലാം പേർഷ്യയിലെ ഖുസ്രോരാജാവ് ആവിഷ്ക്കരിച്ചു. ഖുസ്രോയുടെ ഈ ആക്രമണകാലം ഏകസ്വഭാവവാദികൾക്ക് താൽക്കാലികവിജയം നേടിക്കൊടുത്തു. എന്നാലത് ദീർഘനാൾ നീണ്ടുനിന്നില്ല. തുടർന്നു ഭരിച്ച ഹെരാക്ലിയസ് ചക്രവർത്തി (610-664), നഷ്ടപ്പെട്ട പൗരസ്ത്യപ്രവിശ്യകൾ വീണ്ടെടുക്കുകയും ഖുസ്രോയെ പരാജയപ്പെടുത്തി വിശുദ്ധ  കുരിശ് ജറുസലേമിൽ പുനഃപ്രതിഷ്ഠിക്കുകയും ചെയ്തു.

കാൽസിഡൺ അനുകൂലികളെയും എതിരാളികളെയും യോജിപ്പിക്കുന്ന ഒരു ഫോർമുല കണ്ടുപിടിക്കാൻ ഹെരാക്ലിയസ് ശ്രമിച്ചു. എന്നാൽ ഇക്കാലമായപ്പോഴേക്കും ജനങ്ങൾ സ്പഷ്ടമായി രണ്ടു ക്യാമ്പുകളിലായിക്കഴിഞ്ഞു.

4. മിഖായേൽ റാബോ, ക്രോണിക്കിൾ, 10,25.

അവരുടെ ഇടയിലെ പരസ്പരവിശ്വാസവും നശിച്ചിരുന്നു. അർമേനിയാ ഏക സ്വഭാവവാദം സ്വീകരിച്ചു. അന്ത്യോക്യയിലും അലക്സാൺഡ്രിയായിലും ഏകസ്വഭാവ പാത്രിയർക്കീസന്മാർ ആയിരുന്നു. നഗരങ്ങളിലും ഗ്രാമങ്ങളിലുമൊക്കെ അവർക്ക് മെത്രാന്മാരുണ്ടായി. കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസ് സേർജിയുസും (615-638) ഏകസ്വഭാവചിന്താഗതി പുലർത്തി.

പേർഷ്യയിൽ ഏകസ്വഭാവവാദികൾ 629-ൽ മാർ മാറൂഥാ എന്ന *മഫ്രിയാനെ* വാഴിച്ചു. ഇരുകൂട്ടരെയും യോജിപ്പിക്കാൻ "ക്രിസ്തുവിൽ ഒരു ഇച്ഛാശക്തിയേ ഉള്ളു" എന്നൊരു ഫോർമുല ഹെറാക്ലിയസ് ചക്രവർത്തി മുമ്പോട്ടു വച്ചു. അതിന്റെ അടിസ്ഥാനത്തിൽ നിരവധി ചർച്ചകൾ നടന്നു. ചക്രവർത്തി "ദിയാക്രിനോമെനോയ് " വിഭാഗത്തിന് (ഏകസ്വഭാവവാദികൾക്ക്) ഒരു ചാക്രിക ലേഖനമയച്ചു. എന്നാൽ കാൽസിഡൺ കൗൺസിൽ തിരസ്ക്കരിക്കാതെ ഐക്യം സാധ്യമല്ല എന്ന നിലപാട് അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസ് മാർ അത്തനാസ്യോസിന്റെ ഭാഗത്തു നിന്നുണ്ടായി.

എങ്കിലും ഐക്യം ഉണ്ടാകാൻ ഇടയുണ്ടെന്ന ശുഭപ്രതീക്ഷ പലരും പുലർത്തി. ഹെറാക്ലിയസ് കാൽസിഡൺ പാത്രിയർക്കീസിനെ വാഴിക്കാതെ അന്ത്യോക്യൻ സിംഹാസനം ഒഴിച്ചിട്ടു. "അത്തനാസ്യോസിനെ പൊതുനേതാവായി എല്ലാവരും അംഗീകരിക്കും, ഹെറാക്ലിയസിന്റെ ഫോർമുല ഏകസ്വഭാവവാദികൾ സ്വീകരിക്കും" എന്നൊക്കെ പരക്കെ പ്രചരണം നടന്നു. എന്നാൽ ചില ഏകസ്വഭാവവാദികളായ നേതാക്കന്മാർ ഐക്യശ്രമങ്ങൾക്കൊക്കെ തുരങ്കം വച്ചുകൊണ്ടിരുന്നു. നിരാശനായ ഹെറാക്ലിയസ് ചക്രവർത്തി ചില സ്ഥലങ്ങളിലൊക്കെ കാൽസിഡൺ അംഗീകരിക്കുന്ന മെത്രാന്മാരെ വാഴിച്ചു. കാൽസിഡൺ വിശ്വാസനിർവചനം തന്റെ വിശ്വാസപ്രമാണമായി അദ്ദേഹം അംഗീകരിച്ചു. കാൽസിഡൺ സ്വീകരിക്കാത്തവരെ ശിക്ഷിക്കുമെന്ന് ഭീഷണിപ്പെടുത്തി. തദ്ഫലമായി ചില സന്ന്യാസകേന്ദ്രങ്ങൾ കാൽസിഡൺ ചിന്താഗതിയിലേക്ക് വന്നു.

ക്രിസ്തുവിൽ "ഏക ഇച്ഛയാണ്" എന്ന സിദ്ധാന്തം 638-ൽ *എക്ഥെസിസ്* എന്ന രേഖയിലൂടെ ഹെറാക്ലിയസ് പഠിപ്പിച്ചത് വലിയ കോളിളക്കം ഉണ്ടാക്കി. ക്രിസ്തുവിന്റെ ഇച്ഛയെ കുറിച്ചുള്ള ചർച്ചകളെല്ലാം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, തുടർന്നു ഭരിച്ച കോൺസ്റ്റൻസ് രണ്ടാമൻ ചക്രവർത്തി (641-668) *ത്യൂപ്പോസ്* എന്നൊരു രേഖ പുറപ്പെടുവിച്ചു. നാലാം കോൺസ്റ്റാന്റിനോപ്പിൾ സിനഡോടുകൂടി (680/1) ഔദ്യോഗികമായിത്തന്നെ കാൽസിഡൺ വിശ്വാസത്തിലേക്ക് ചക്രവർത്തിയും മെത്രാന്മാരും വീണ്ടും എത്തിച്ചേർന്നു. ക്രിസ്തുവിൽ രണ്ട് ഇച്ഛകളും രണ്ട് പ്രവർത്തനങ്ങളും ഉണ്ടെന്നും പഠിപ്പിച്ചു. *ഏക ഇച്ഛാവാദം, ഏക മാനസ്സവാദം* എന്നിവ





യുടെ ഉപജ്ഞാതാക്കളെ ശപിച്ചു. അങ്ങനെ രണ്ടു തെറ്റുകൾ കൂടി തെറ്റുകളുടെ പട്ടികയിൽ സ്ഥലം പിടിച്ചു. കാൽസിഡൺ അനുഭാവികളും വിരുദ്ധരും തമ്മിലുള്ള പിളർപ്പിന്റെ അന്ത്യഘട്ടമായിരുന്നു അത് . പിന്നൊരിക്കലും യോജിക്കാത്ത രീതിയിൽ അറബികളുടെ കീഴിൽ അവർ രണ്ട് ഹയരാർക്കിയുടെ കീഴിൽ ജീവിച്ചു.

## അറബികളുടെ ആധിപത്യം

അറബി ആക്രമണകാലത്ത് പൗരസ്ത്യ റോമൻ പ്രവിശ്യകളിലെ സാധാരണ ജനങ്ങൾ ചക്രവർത്തിയിൽ നിന്നും ഭരണാധികാരികളിൽ നിന്നും വളരെ അകന്നു കഴിഞ്ഞിരുന്നു. കാൽസിഡൺ എന്ന നാമം തന്നെ പലർക്കും മർദനത്തിന്റെ പര്യായമായിത്തീർന്നു. അക്കാരണത്താൽ ബിസന്റൈൻ ഭരണത്തേക്കാൾ മുസ്ലീംഭരണം പൗരസ്ത്യർ സ്വീകരിച്ചു. ബിസന്റൈൻ സംസ്ക്കാരത്തിനടിയിൽ കിടന്ന പ്രാചീന സംസ്ക്കാരങ്ങൾ അറബികളുടെ കീഴിൽ ആദ്യമൊക്കെ തലപൊക്കി ഉയർത്തെഴുന്നേൽക്കാൻ തുടങ്ങി. ബിസന്റൈൻ കോട്ടകൊത്തളങ്ങളും സൗധങ്ങളും പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളുമെല്ലാം ഉപരിപ്ലവമായി മാറി. അതിനിടയിൽ അടിച്ചമർത്തപ്പെട്ടിരുന്ന പ്രീ ഹെല്ലനിക സംസ്ക്കാരങ്ങൾ നവജന്മമെടുത്ത് ഉയർന്നുവന്നു. സിറിയയിൽ സുറിയാനിയും ഈജിപ്തിൽ കോപ്തിക്കും ഗ്രീക്കിന്റെ സ്ഥാനം കരസ്ഥമാക്കി. ലത്തീൻ ആഫ്രിക്ക ബേർബർ ആഫ്രിക്കയായി മാറി. ഗ്രീക്കു സ്ഥലനാമങ്ങൾ കൂടി മാറ്റി, പ്രാചീനനാമങ്ങൾ നൽകിത്തുടങ്ങി. അലക്സാൺഡ്രിയാ റക്കോട്ടേ എന്നായി. ഹിയെരാപ്പൊളീസ് മാബുഗ് ആയി. പട്ടണജീവിതം ഗ്രാമജീവിതത്തിനു വഴിമാറി. പേർഷ്യൻ-റോമൻ അതിർത്തികൾ പുതിയ സംവിധാനത്തിൽ അപ്രസക്തമായി. വിസ്തൃതമായ അറബി സാമ്രാജ്യത്തിൽ എവിടെയും സ്വതന്ത്രസഞ്ചാരം ചെയ്യാൻ ഏകസ്വഭാവവാദികളായ മിഷണറിമാർക്ക് സാധിച്ചു. അങ്ങനെ മധ്യധരണ്യാഴിപ്രദേശത്ത് പണിതുയർത്തിയ സാംസ്ക്കാരിക ശൈലികൾ നിമിഷനേരം കൊണ്ട് അറബികൾ തകർത്തു. ഐക്യത്തിനുവേണ്ടി ചക്രവർത്തിമാർ നടത്തിയ നിരന്തര പരിശ്രമങ്ങളെല്ലാം പരാജയപ്പെട്ടു.

മുസ്ലീം ഭരണാധികാരികളെ ഗർവോടുകൂടെ സ്വീകരിച്ച ഏകസ്വഭാവവാദികൾ അതിന്റെ വില കൊടുക്കേണ്ടിവന്നു. ബിസന്റൈൻ ചക്രവർത്തിമാരുടെ തെറ്റുകൊണ്ടാണ് ദൈവം അവരെ അറബികൾക്ക് ഏൽപ്പിച്ചതെന്ന് പറഞ്ഞുനടന്ന സുറിയാനിക്കാർ തങ്ങളുടെ സ്വാതന്ത്ര്യമല്ല, തങ്ങളുടെ ശവക്കല്ലറകളാണ് വിലകൊടുത്തു വാങ്ങിയത്. ഇസ്ലാം സാവധാനത്തിൽ സുറിയാനിക്കാർക്ക് കനത്ത പ്രഹരം ഏൽപ്പിച്ചു. മതപരിവർത്തനം, കൊല എന്നിവയിലൂടെ സുറിയാനിക്കാരുടെ എണ്ണം അനുദിനം കുറഞ്ഞുവന്നു. ഇസ്ലാമിന്റെ കീഴിൽ മറ്റൊരു മതവും പുരോഗമിച്ചിട്ടില്ല. മറിച്ച് അടിക്കടി അധഃപതിച്ച്

ഇല്ലാതയതേയുള്ളു. അങ്ങനെ അന്ധമായ കാൽസിഡൺ വിരോധത്തിന്റെ ദുഷ്ഫലങ്ങൾ ഇന്നും പശ്ചിമേഷ്യയിലും ഉത്തര ആഫ്രിക്കയിലും ഉള്ള ക്രിസ്ത്യാനികൾ അനുഭവിച്ചുകൊണ്ടിരിക്കയാണ്.[5]

അറബികളുടെ കീഴിൽ സാവധാനം സുറിയാനി ഭാഷയുടെ പ്രചരണം കുറഞ്ഞു. അറബിഭാഷ സുറിയാനിയുടെ സ്ഥാനം കരസ്ഥമാക്കി. സുറിയാനി ഭവനങ്ങളിലും പള്ളികളിലുമായി ചുരുങ്ങി. അബ്ബസിഡ് കാലിഫുമാരിൽ അൽ മഹ്ദി (775–785), ഹറൂൺ അൽ റഷീദ് (785–809), അൽ മുതവക്കീൽ (846–861) എന്നിവർ ക്രിസ്ത്യാനികളെ ക്രൂരമായി പീഡിപ്പിച്ചു. പലപ്പോഴും ക്രിസ്ത്യാനികളുടെ വർധിച്ചു വരുന്ന സ്വാധീനത്തിൽ അസൂയ പൂണ്ട ജനക്കൂട്ടമാണ് കലഹത്തിന് തീ കൊളുത്തിയതും കാലിഫുമാരുടെ ക്രോധം ക്ഷണിച്ചു വരുത്തിയതും. ക്രിസ്ത്യാനികളുടെ ഇടയിലുള്ള ഒറ്റിക്കൊടുക്കുന്നവരും പീഡനത്തിന് കാരണമായിട്ടുണ്ട്.പള്ളികൾക്ക് തീ വയ്ക്കുക, പാത്രിയർക്കീസുമാരെ അവഹേളിക്കുക, ക്രിസ്തീയ വനിതകളോട് നിന്ദ്യമായി പെരുമാറുക തുടങ്ങിയവ മേൽപ്പറഞ്ഞ കാലിഫുമാരുടെ കീഴിൽ സംഭവിച്ചിരുന്നു. ക്രിസ്ത്യാനികൾ നല്ല കെട്ടിടം വയ്ക്കാൻ പാടില്ല, പള്ളിമണി അടിക്കാൻ പാടില്ല, കുരിശു പരസ്യമായി പ്രദർശിപ്പിക്കാൻ പാടില്ല, പള്ളിപ്രദക്ഷിണങ്ങൾ നടത്താൻ പാടില്ല, ആഘോഷമായി ശവമടക്കാൻ പാടില്ല, കുതിരപ്പുറത്ത് കയറാൻ പാടില്ല എന്നൊക്കെ നിയമം ഉണ്ടായിരുന്നു. പാത്രിയർക്കീസുമാരുടെ തെരഞ്ഞെടുപ്പ് കാലിഫുമാർ അംഗീകരിക്കണം എന്നനിലയിലേക്ക് സംഗതികൾ വഴുതിവീണു. തലക്കരവും സ്ഥലക്കരവും കൂടെക്കൂടെ വർധിപ്പിച്ചു കൊണ്ടിരുന്നു.

ഏഴാം നൂറ്റാണ്ടിലും ഐക്യം അസാധ്യമായതിന് താഴെപ്പറയുന്ന കാരണങ്ങൾ നൽകുന്നുണ്ട്:

1. സിറിലിനോടും അദ്ദേഹത്തിന്റെ ദൈവശാസ്ത്ര പദപ്രയോഗങ്ങളോടുമുള്ള അന്ധമായ താൽപര്യം.

2. സിറിയാക്കാർക്കും ഈജിപ്തുകാർക്കും ബിസന്റൈൻ ഭരണാധികാരികളോടുള്ള എതിർപ്പ്.

3. അറബി ആക്രമണത്താൽ ശിഥിലമായിപ്പോയ രാഷ്ട്രീയവും മതപരവുമായ ഐക്യം.

4. സന്ന്യാസികളുടെ അമിതസ്വാധീനം. സിറിയൻ, കോപ്റ്റിക് സന്ന്യാസികൾ അന്ധമായ കാൽസിഡൺ വിരോധത്തിന് തീ കൊളുത്തിക്കൊണ്ടിരുന്നു. ഒരു തരത്തിലുമുള്ള ഒത്തുതീർപ്പിനും അവർ സന്നദ്ധരല്ലായിരുന്നു.[6]

5. W.H.C.Frend, *op.cit.*358-359.
6. E.R.Hambye, *Dimensions*, 49.





## ഉപസംഹാരം

പരസ്പരം സ്വീകരിക്കാൻ ഇരുകൂട്ടരും സന്നദ്ധരായിരുന്നെങ്കിൽ, പരസ്പരം മനസ്സിലാക്കാൻ ഒരുക്കമായിരുന്നെങ്കിൽ, ഏകപക്ഷീയ ക്രിസ്തുശാസ്ത്ര പദപയോഗങ്ങൾക്കുവേണ്ടി തലതല്ലിക്കീറാതിരുന്നെങ്കിൽ, സഭാഗാത്രത്തിലെ ഈ വലിയ മുറിവ് ഒഴിവാക്കാമായിരുന്നു. എന്നാൽ നൂറ്റാണ്ടുകൾക്കിപ്പുറത്ത് വ്യത്യസ്ത സാഹചര്യങ്ങളിൽ ജീവിക്കുന്ന ജനപദങ്ങൾ പോലും കാൽസിഡന്റെയും കാൽസിഡൺ വിരുദ്ധതയുടെയും ഭാരമുള്ള ഭാണ്ഡക്കെട്ടുകളും പേറി കലഹിച്ചു കഴിയുന്നതാണ് മനസ്സിലാക്കാൻ പ്രയാസം. നാം ജീവിക്കുന്നത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണെങ്കിലും ഈ ഭാരമുള്ള ചുമടുകളൊക്കെ മാറ്റിവച്ച് ഒന്നിച്ച് മുന്നോട്ടുപോകുന്നതിനെപ്പറ്റി എത്ര പേർ ഗൗരവമായി ചിന്തിക്കുന്നു! അടുത്ത തലമുറയ്ക്കും ഈ ഭാണ്ഡക്കെട്ടുകളെല്ലാം കൈമാറാനുള്ള വ്യഗ്രതയാണിന്നു പലയിടത്തും കാണുക.

എന്നാൽ ഈ കാലത്തു ജീവിക്കുന്ന പലരിലും ഐക്യത്തിനുള്ള അടങ്ങാത്ത ദാഹം ദർശിക്കാൻ സാധിക്കും. നൂറ്റാണ്ടുകൾക്കപ്പുറത്ത് നമ്മിൽ നിന്ന് വളരെ വ്യത്യസ്തമായ ചരിത്ര, സാംസ്കാരിക പശ്ചാത്തലങ്ങളിൽ നടന്ന സംഘട്ടനങ്ങളുടെ വക്താക്കളാകാതിരിക്കാൻ ശ്രമിക്കണമെന്ന ചിന്ത പലയിടങ്ങളിലും കാണാം. "അവതരിച്ച വചനമായ ദൈവത്തിന്റെ ഏകസ്വഭാവം" *(മിയാ ഫ്യൂസിസ് തൂ തെവൂ ലോഗൂ സെസർക്കോമെനേ)* എന്ന സിറില്ലിയൻ ഫോർമുലയ്ക്ക് *ഏകയാളത്വം* എന്ന അർഥം നാം കാണുന്നു. ആ ഏകയാൾ ക്രിസ്ത്യാനികളെ ഒന്നിപ്പിക്കട്ടെ. നമ്മിൽ നിന്നെടുത്ത മനുഷ്യത്വം അവിടുത്തെ ദൈവത്വവുമായിച്ചേർന്ന് ഏകസ്വഭാവം *(മിയാ ഫ്യൂസിസ്)* ആയി. സിറില്ലിയൻ അർഥത്തിൽ *ഏക ആളായി* തീർന്നതുപോലെ, അതായത് ഏക ആളത്വത്തിൽ ഒന്നിച്ചതുപോലെ, നമ്മെയെല്ലാവരെയും അവിടുന്ന് ഒന്നിപ്പിക്കട്ടെ. അവിടുന്ന് നമ്മെപ്പോലെ ആയിത്തീർന്നെങ്കിലും, എന്നും പിതാവിന്റെ ഏകജാതനാണ് എന്ന സംഗതി നാം ഒരിക്കലും വിസ്മരിക്കരുത്. നമ്മിൽ ഒരുവനായി തീർന്നതിനാൽ, അവിടുന്ന് പിതാവിങ്കലേക്കുള്ള പാലമായിത്തീർന്നു. അവിടുന്ന് ഏകവ്യക്തിയായിത്തന്നെ പിതൃവലഭാഗത്തിരിക്കുന്ന മഹാപുരോഹിതനും മനുഷ്യകുലത്തിന്റെ ശിരസ്സും മധ്യസ്ഥനുമാകുന്നു. അവിടുന്ന് ഭൂവാനങ്ങളിലുള്ള ഏക മധ്യസ്ഥനാണ് എന്നതിനെ കുറിച്ച് നമുക്ക് ചിന്തിക്കാം. തന്നിൽ വിശ്വസിക്കുന്ന സകലരെയും ജീവിപ്പിക്കാൻ പര്യാപ്തമായിത്തീർന്ന അവിടുത്തെ രക്ഷയെപ്പറ്റി പ്രാർഥനാപൂർവം നമുക്ക് ധ്യാനിക്കാം. അവിടുത്തെ ദൈവത്വത്തെയും മനുഷ്യത്വത്തെയും നമുക്കാരാധിക്കാം. എന്തെന്നാൽ അവിടുന്ന് സത്യദൈവവും സത്യമനുഷ്യനുമാകുന്നു. എന്നാൽ എന്നുമെന്നേക്കും അമ്മാനുവേൽ ഏകനും അവിഭാജ്യനും ഏകവ്യക്തിയുമാകുന്നു. അവിടുന്ന് എന്നും പിതാവിന്റെ

ഏകജാതനും കന്യകയുടെ ആദ്യജാതനുമാകുന്നു. അവിടുത്തെ ഏകത്വം ദ്വിത്വത്തെ ഇല്ലായ്മ ചെയ്യുന്നില്ല. ദ്വിത്വം ഏകത്വത്തെ ഹനിക്കുന്നുമില്ല.

അവിടുന്ന് ഏകനാകുന്നു. അവിടുന്ന് ദൈവവും മനുഷ്യനുമാകുന്നു. ഏകത്വവും ദ്വിത്വവും രണ്ടു തലങ്ങളിലാണ് നാം കാണേണ്ടത്. അവിടുന്ന് വി. സിറിലിന്റെ ശൈലിയിൽ ഏകസ്വഭാവമാണ്. എന്നു പറഞ്ഞാൽ ഏകയാൾ എന്നർഥം. വി. സിറിൽ *സ്വഭാവവും (ഫ്യൂസിസ്) ഹ്യുപ്പോസ്റ്റസിസും പ്രോസൊപ്പോണും (വ്യക്തി)* ഒരേ അർഥത്തിൽ എടുത്തു. ഈ മൂന്നു വാക്കുകൾക്കും വി. സിറിലിന് ഒരേ അർഥമായിരുന്നു. എന്നാൽ വി. സിറിൽ ദൈവത്വമോ മനുഷ്യത്വമോ നിഷേധിച്ചില്ല. അതായത്, പുത്രൻ തമ്പുരാന്റെ ആളത്വം അഥവാ വ്യക്തിത്വം ഏകമാണ് എന്ന കാര്യത്തിൽ വി. സിറിലിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. അവിടുത്തെ വ്യക്തിത്വം ഏകമാണ്. അവിടുന്ന് ഒരു വ്യക്തിയാണ്. രണ്ട് വ്യക്തികളുടെ സംയോജനമല്ല. രണ്ടു വ്യക്തിത്വം അവിടുത്തേക്കില്ല. അവിടുത്തെ ഏകവ്യക്തിത്വം ആദിയിലും കന്യകയുടെ ഉദരത്തിലും പിതൃവലഭാഗത്തും ഒന്നുതന്നെ.

അവിടുത്തെ ദ്വിസ്വഭാവം എന്നാൽ, ദൈവസ്വഭാവത്തിന്റെ ഉടമയായ പുത്രൻ തമ്പുരാൻ നമ്മുടെ മനുഷ്യസ്വഭാവം കൂടി എടുത്ത് രൂപത്തിൽ മനുഷ്യനായി കാണപ്പെട്ടു എന്നർഥം. ദൈവത്തിന്റെ സാദൃശ്യമായവൻ ദാസന്റെ സാദൃശ്യമെടുത്തു. അങ്ങനെ വചനം മാംസമായി നമ്മിൽ വസിച്ചു. ആ കർത്താവേശുമിശിഹാ ഇന്നലെയും ഇന്നും എന്നുമെന്നേക്കും ഒരാൾ തന്നെ. എന്നും മഹാരഹസ്യമായിത്തന്നെ നിലകൊള്ളുന്ന തന്റെ രക്ഷാകര വ്യാപാരത്തിന്റെ മുമ്പിൽ സാഷ്ടാംഗം വീണ് തന്റെ ഉൺമയെ നിത്യമായി ആരാധിക്കാം. ഇതാണ് യഥാർഥ ക്രിസ്തുശാസ്ത്രം. ലോകം മുഴുവനുമുള്ള വ്യത്യസ്ത പാരമ്പര്യങ്ങളുള്ള ക്രിസ്ത്യാനികളിൽ സന്മനസ്സുള്ളവരെല്ലാം ഇന്ന് ഐക്യത്തിന് വലിയ വില കൽപ്പിക്കും. യഥാർഥ മൂല്യം കണ്ടെത്താനും സത്തയെ എത്തിപ്പിടിക്കാനുമുള്ള ഒരു തീവ്രയത്നം സഭകളിൽ നടക്കുന്നുണ്ട്. ഏകസ്വഭാവമെന്നോ, ഇരുസ്വഭാവങ്ങളിലെന്നോ പറയുന്നതിലല്ല, ഏക കർത്താവായ യേശുക്രിസ്തുവിനെ സ്വന്തമാക്കി പിൻചെല്ലുന്നതിലാണ് ഇക്കൂട്ടർ അർഥം കാണാൻ പരിശ്രമിക്കുന്നത്. ആ പരിശ്രമം ഇന്ന് പടിപടിയായി യാഥാർഥ്യമായിക്കൊണ്ടിരിക്കുന്നു. അതിന്റെ വിജയത്തിനായി പരിശ്രമിക്കാം.



# 7
# അന്ത്യോക്യൻ സഭാനേതൃത്വം

## പാത്രിയർക്കീസന്മാർ

റോമൻ സാമ്രാജ്യത്തിലെ ക്രിസ്തീയസഭ വിവിധ പാത്രിയാർക്കേറ്റുകളിൽ ഉൾക്കൊണ്ടിരുന്നു. അവ റോമൻ, അലക്സാണ്ഡ്രിയൻ, അന്ത്യോക്യൻ, ബിസന്റൈൻ, ജറുസലേം എന്നിവയാണ്. മെത്രാന്മാരുടെ മേൽ അധികാരമുള്ള വ്യക്തികളെയാണ് പാത്രിയർക്കീസന്മാർ എന്നു വിളിച്ചിരുന്നത്. പൊതുപിതാവ് എന്നാണ് പാത്രിയർക്കീസ് എന്ന വാക്കിനർഥം. പൗരസ്ത്യം (ഓറിയൻസ്) എന്ന റോമൻ പ്രോവിൻസിന്റെ മേൽ മുഴുവൻ അധികാരമുള്ള ആളായിരുന്നു അന്ത്യോക്യാ പാത്രിയർക്കീസ്. നിഖ്യാസൂനഹദോസിന്റെ കാലത്ത് (325) അന്നത്തെ റോമൻ സാമ്രാജ്യത്തിലെ മൂന്നാമത്തെ സിംഹാസനവും സഭയുമായിരുന്നു അന്ത്യോക്യാ (കാനൻ 6). കാൽസിഡൺ കൗൺസിലിനുശേഷം (451) അന്ത്യോക്യയിൽ കത്തോലിക്കാസഭയുടെ പാത്രിയർക്കീസിന് സമാന്തരമായി 557 മുതൽ ഒരു യാക്കോബായാ പാത്രിയർക്കീസും ഉണ്ടായി. അങ്ങനെ ആറാം നൂറ്റാണ്ടോടുകൂടി രണ്ടു ഹയരാർക്കികൾ അന്ത്യോക്യയിൽ നിലവിൽ വന്നു. കാൽസിഡൺ കൗൺസിൽ അംഗീകരിച്ചവർ (കത്തോലിക്കർ) രാജപക്ഷക്കാർ എന്ന അർഥത്തിൽ *മെൽക്കീത്തർ* എന്നും കാൽസിഡൺ അംഗീകരിക്കാത്തവർ യാക്കോബ് ബുർദാനയുടെ നേതൃത്വം അംഗീകരിച്ചവർ എന്ന അർഥത്തിൽ *യാക്കോബായക്കാർ* എന്നും അറിയപ്പെട്ടു. ഗ്രീക്കുഭാഷ സംസാരിക്കുന്നവരും പട്ടണങ്ങളിൽ വസിച്ചിരുന്നവരും ബിസന്റൈൻ രാജകീയ സ്വാധീനത്തിൽ വന്നവരും കാൽസിഡൺ കൗൺസിൽ അംഗീകരിച്ചു. സുറിയാനിഭാഷ സംസാരിക്കുന്നവരും ഗ്രാമങ്ങളിൽ പാർത്തിരുന്നവരും ബിസന്റൈൻ ചക്രവർത്തിയോട് വിരോധം പുലർത്തിയിരുന്നവരും കാൽസിഡൺ തിരസ്ക്കരിച്ചു.

കാലാന്തരത്തിൽ യാക്കോബായാസഭയിൽ നിന്ന് കത്തോലിക്കാ സഭയുമായി സമ്പൂർണ കൂട്ടായ്മയിൽ എത്തിച്ചേർന്നവർക്കായി സിറിയൻ കത്തോലിക്കാ പാത്രിയർക്കേറ്റ് രൂപീകൃതമായി.

മെൽക്കീത്താ പാത്രിയർക്കീസന്മാർ അന്ത്യോക്യയിൽ പാർത്തിരുന്നു. യാക്കോബായാ പാത്രിയർക്കീസന്മാരാകട്ടെ ഗ്രാമങ്ങളിലും ആശ്രമങ്ങളിലും വസിച്ചു. അവരാരും അന്ത്യോക്യാ കേന്ദ്രമാക്കി ഭരിച്ചിട്ടില്ല. എന്നാൽ അറബി മുസ്ലീം ആക്രമണ പശ്ചാത്തലത്തിൽ (702-742 കാലഘട്ടത്തിൽ) മെൽക്കീത്താ ലൈനിൽ പാത്രിയർക്കീസന്മാർ ഇല്ലായിരുന്നു. ഈയവസരം പ്രസ്തുത പാത്രിയാർക്കേറ്റിൽ പെട്ട മാർ മാറോ ആശ്രമസ്ഥരും സമീപസ്ഥരായ മെത്രാന്മാരും കൂടി ഒരാളെ അന്ത്യോക്യാ പാത്രിയർക്കീസ് ആയി തെരഞ്ഞെടുത്തു. അങ്ങനെ പുതിയൊരു പാത്രിയാർക്കൽ ലൈൻ ഉടലെടുത്തു. എന്നും കത്തോലിക്കരായി നിലനിന്ന അവർ *മാറോനീത്തർ* എന്ന് അറിയപ്പെടുന്നു.

മെൽക്കീത്തർക്ക് 742-നു ശേഷം വീണ്ടും പാത്രിയർക്കീസന്മാരുണ്ടായി. അവർ ബിസന്റൈൻ സഭയോട് കൂടുതൽ അടുത്തു. മുസ്ലീം ആക്രമണങ്ങൾ ഇതിന് ആക്കം കൂട്ടി. കാലക്രമത്തിൽ ഇക്കൂട്ടർ ബിസന്റൈൻ ആരാധനക്രമങ്ങൾ സ്വീകരിച്ച് ബിസന്റൈൻകാരായി തീർന്നു. 11-ാം നൂറ്റാണ്ടു വരെ അവർ കത്തോലിക്കാസഭയുമായി സമ്പൂർണകൂട്ടായ്മ പുലർത്തി. 1054-ൽ ലത്തീൻസഭയും ഗ്രീക്കുസഭയും തമ്മിൽ പിളർന്നപ്പോൾ അന്ത്യോക്യൻ മെൽക്കീത്തർ മധ്യവർത്തിയായി നിൽക്കാൻ ശ്രമിച്ചു. അവസാനം അവർ ഗ്രീക്ക് (ബിസന്റൈൻ) പക്ഷം ചേർന്ന് സമ്പൂർണ കൂട്ടായ്മ നഷ്ടപ്പെടുത്തി.

ഇക്കൂട്ടരിൽ നിന്ന് കത്തോലിക്കാ സഭയുമായുള്ള സമ്പൂർണ കൂട്ടായ്മയിൽ വന്നവരാണ് മെൽക്കീത്താ കത്തോലിക്കർ. അവർക്കും ഒരു പാത്രിയർക്കീസുണ്ട്.

അങ്ങനെ അന്ത്യോക്യൻ സഭയുടെ പിൻതുടർച്ചയിൽ ഇപ്പോൾ അഞ്ച് പാത്രിയർക്കീസന്മാരും അഞ്ച് സഭകളുമുണ്ട്. മൂന്നു കത്തോലിക്കരും ഒരു യാക്കോബായക്കാരനും ഒരു ബിസന്റൈൻകാരനും. *അന്ത്യോക്യയുടെയും കിഴക്കൊക്കെയുടെയും* എന്ന സ്ഥാനമാണ് ഇവർക്കെല്ലാം. എന്നാൽ ഇവരിൽ ആരും തന്നെ അന്ത്യോക്യയിൽ താമസമില്ല. സ്ഥാനനാമം മാത്രമേയുള്ളു. കിഴക്കൊക്കെയുടെയും എന്നു പറഞ്ഞാൽ പുരാതന റോമൻ സാമ്രാജ്യത്തിലെ കിഴക്ക് (ഓറിയൻസ്-പൗരസ്ത്യം) എന്ന ഭൂപ്രദേശത്തിന്മേൽ എന്നു മാത്രമേ അർഥമുള്ളു.

ഇപ്പോഴുള്ള അന്ത്യോക്യൻ സഭകൾ:

1. അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭ
2. മാറോനീത്താ സുറിയാനി കത്തോലിക്കാ സഭ
3. മെൽക്കീത്താ ഗ്രീക്ക് കത്തോലിക്കാ സഭ
4. മെൽക്കീത്താ ബിസന്റൈൻ (ഗ്രീക്ക്) ഓർത്തഡോക്സ് സഭ
5. അന്ത്യോക്യൻ യാക്കോബായാ സുറിയാനി സഭ





ഈ സഭകളുടെ അഞ്ചു പാത്രിയർക്കീസന്മാരും സിറിയായിലെ ആഭ്യന്തര കലാപം നിമിത്തം ഇപ്പോൾ ലബനോനിലാണ് താമസം. സിറിയായിൽ ക്രിസ്ത്യാനികൾ കൂടുതൽ ഉണ്ടായിരുന്ന അലെപ്പോ, ഹോംസ്, ഡമാസ്ക്കസ് എന്നിവിടങ്ങളിലെ ക്രിസ്ത്യാനികളും മറ്റു ജനങ്ങളിൽ നല്ല പങ്കും ഇപ്പോൾ അയൽരാജ്യങ്ങളിലെ അഭയാർഥി ക്യാമ്പുകളിലാണ്. പശ്ചിമേഷ്യയിലെ ആഭ്യന്തരകലാപങ്ങൾ ക്രിസ്ത്യാനികളെ വളരെ ഗൗരവമായി ബാധിക്കുന്നുണ്ട്. അവരുടെ ഭാവി അനിശ്ചിതത്വത്തിലാണ്.

## സന്ന്യാസസ്വാധീനം

സാംസ്ക്കാരികമായി വലിയൊരു പൈതൃകത്തിന്റെ ഉടമയായിരുന്നു അന്ത്യോക്യൻ സഭ. ഗ്രീക്കുസംസ്ക്കാരവും സിറിയൻ സംസ്ക്കാരവും തമ്മിൽ കൂട്ടിയിണക്കാൻ അന്ത്യോക്യൻ സഭ പരിശ്രമിച്ചു. ഈ സഭ പൊതുവേ സന്ന്യാസത്തിന് വളരെ പ്രാധാന്യം നൽകി. കോപ്തിക് സന്ന്യാസം ഇവരുടെ സന്ന്യാസത്തെ ഗണ്യമായി സ്വാധീനിച്ചു. അന്ത്യോക്യൻ സഭയിൽ സന്ന്യാസപ്രസ്ഥാനം വളരെ ശക്തി പ്രാപിച്ചു. അവിടെ സന്ന്യാസത്തിന് ആരംഭം കുറിച്ചത് ക്ലിസ്മായിലെ മാർ ഔഗേനാണ് (363). കഠിന താപസ്സജീവിതം ഇവിടുത്തെ സന്ന്യാസികളുടെയും മുഖമുദ്രയായിരുന്നു. അന്ത്യോക്യൻ സഭയിൽ പിളർപ്പുണ്ടായപ്പോഴും സന്ന്യാസപ്രസ്ഥാനത്തിൽ പാദമൂന്നി സഭയെ വളർത്താൻ വിവിധ വിഭാഗങ്ങൾ ശ്രദ്ധിച്ചു.

## സ്തംഭതാപസ്സർ (സ്റ്റൈലൈറ്റ്സ്)

സിറിയൻ സന്ന്യാസത്തിൽ കാണുന്ന ഒരു പ്രത്യേകതയാണ് സ്തംഭതാപസ്സരീതി. സ്തംഭം (തൂൺ) എന്നർഥം വരുന്ന സ്തീലോസ് എന്ന ഗ്രീക്കു വാക്കിൽ നിന്നാണ് ഈ പേരുണ്ടായത്. വലിയ സ്തംഭങ്ങൾ കെട്ടിയുണ്ടാക്കി അതിന്മീതേ നിന്ന് തപസ്സു ചെയ്യുന്ന താപസ്സരിൽ നിന്നാണ് ഇതുത്ഭവിച്ചത്. വെയിലും മഴയും ഗണ്യമാക്കാതെ ജീവിതകാലമത്രയും തൂണിന്മേൽ ചെലവഴിച്ച താപസ്സരുണ്ട്. ശെമയോൻ (389-459), ദാനിയേൽ (+502), മറ്റൊരു ശെമയോൻ (+592) ആദിയായവർ പ്രശസ്തരായ സ്തംഭതാപസ്സരായിരുന്നു. ശെമയോൻ സിസിൽ ജനിച്ചു. ആട്ടിടയനായി ജിവിച്ചു. വിദ്യാഭ്യാസം ലഭിക്കാതെ ആടുകളുമായി അലഞ്ഞു നടന്ന ശെമയോൻ സന്ന്യാസത്തിൽ ആകൃഷ്ടനായി. അദ്ദേഹം ഒരാശ്രമത്തിൽ ചേർന്ന് കഠിനതാപസ്സജീവിതം ആരംഭിച്ചു. അത് ആശ്രമാധ്യക്ഷന്റെ താക്കീതിന് കാരണമായി. പുറത്താക്കപ്പെട്ട ശെമയോൻ സ്വന്തമായി കഠിന താപസ്സജീവിതം തുടങ്ങി. അദ്ദേഹത്തെപ്പറ്റി കേട്ടറിഞ്ഞ ജനക്കൂട്ടം അനുഗ്രഹം പ്രാപിക്കാൻ ഓടിക്കൂടി. വന്ധ്യകൾ, തളർവാദരോഗികൾ ആദിയായവർ അനുഗ്രഹം പ്രാപിക്കാനും രോഗശാന്തി നേടാനുമായി എത്തി. അദ്ദേഹത്തെ സ്പർശിക്കാനായി ജനം ഓടിക്കൂടി. അപ്പോൾ വലിയൊരു പീഠം കെട്ടിയുണ്ടാക്കി അതിന്മേൽ അദ്ദേഹം

നിലയുറപ്പിച്ചു. അതിൽ നിന്നുകൊണ്ട് ജനക്കൂട്ടത്തെ ഉപദേശിച്ചു. ആ സ്തംഭത്തിന് ആദ്യം പത്തടി ഉയരമേ ഉണ്ടായിരുന്നുള്ളു. പിന്നീടത് 17 അടിയാക്കി, തുടർന്ന് 22 അടിയാക്കി. അതിന്മീതേ 7 വർഷം ജീവിച്ചു. അവസാനം അത് 40 അടിയാക്കി ഉയർത്തി. 30 വർഷം കൂടി അതിന്മേൽ ചെലവഴിച്ചു. തലയിലൊരു ശിരോവസ്ത്രമല്ലാതെ മറ്റൊരു മേൽക്കൂരയും അദ്ദേഹത്തിന് ഇല്ലായിരുന്നു. നീക്കാവുന്ന ഒരു ഗോവണി സ്തംഭത്തോടു ചേർന്നുണ്ടായിരുന്നു. അതുവഴി അദ്ദേഹത്തിന് അത്യാവശ്യമുള്ളവ ലഭിച്ചിരുന്നു.

സന്ദർശകരുടെ എണ്ണം വർധിച്ചുകൊണ്ടിരുന്നു. സ്തംഭത്തിനു ചുറ്റും ചിലർ സ്ഥിരതാമസമായി. അങ്ങനെ അവിടം ജനക്കൂട്ടങ്ങളെ കൊണ്ട് നിറഞ്ഞു. സിറിയാ, അർമേനിയാ, ജോർജിയാ, പേർഷ്യാ, അറേബ്യാ, സ്പെയിൻ, ഗോൾ (ഫ്രാൻസ്), ബ്രിട്ടൺ, ഇറ്റലി എന്നിവിടങ്ങളിൽ നിന്നുള്ള തീർഥകരുടെ പ്രവാഹം തന്നെയുണ്ടായി. തിയഡോഷ്യസ് ചക്രവർത്തി ശെമയോനെ ആളയച്ചു വിളിപ്പിച്ചു. എന്നാൽ ശെമയോൻ തന്റെ തൂണിൽ നിന്ന് ഇറങ്ങിയില്ല.

ശെമയോൻ മരിച്ചപ്പോൾ നിരവധി മെത്രാന്മാരുടെയും വലിയൊരു ജനസമൂഹത്തിന്റെയും അകമ്പടിയോടുകൂടി കാസ്സിയന്റെ പള്ളിയിൽ സംസ്കരിച്ചു. ഒരു മാസത്തിനുശേഷം ശരീരം അന്ത്യോക്യയിലെ കത്തീഡ്രൽ ദൈവാലയത്തിലക്ക് മാറ്റി. അദ്ദേഹം സന്ന്യസിച്ച സ്ഥലത്ത് കുരിശാകൃതിയിൽ ഒരു മനോഹര ദൈവാലയം ഉയർന്നു. തീർഥാടകർക്കും സന്ന്യസ്ഥർക്കും പാർക്കാനുള്ള കെട്ടിടങ്ങളും അവരുടെ സിമിത്തേരിയും ഒക്കെ അവിടെ ഉണ്ടായിരുന്നു. ഈ ലേഖകൻ കുറേ വർഷങ്ങൾക്കുമുമ്പ് ആ സ്ഥലം സന്ദർശിച്ചു. ഇന്നവിടം സിറിയായിലെ ഒരു വിജനപ്രദേശമാണ്. തകർന്നടിഞ്ഞ കെട്ടിടങ്ങളുടെ അവശിഷ്ടം മാത്രമേ അവിടെ കാണാനുള്ളു.

## അന്ത്യോക്യൻ ആരാധനക്രമം

അന്ത്യോക്യയിൽ നിന്ന് സമീപപ്രദേശങ്ങളിലേക്ക് ആരാധനക്രമപാരമ്പര്യങ്ങൾ പ്രചരിച്ചു. വാചികമായിട്ടല്ല, ലിഖിതരൂപത്തിൽ തന്നെ. അന്ത്യോക്യയിൽ നിന്ന് പ്രാർഥനാരൂപങ്ങൾ ചുറ്റും പരന്നു. അങ്ങനെ ഓറിയൻസ് (പൗരസ്ത്യം) എന്ന റോമൻ പ്രോവിൻസു മുഴുവൻ അന്ത്യോക്യൻ ക്രമമെത്തി. അന്ത്യോക്യയിലെ ആദ്യക്രൈസ്തവസമൂഹത്തിന്റെ സ്തോത്രാർപ്പണരീതി ജറുസലേമിൽ വ്യാപിക്കുകയും പ്രചരിക്കുകയും ചെയ്തു. കാലക്രമത്തിൽ ജറുസലേമിലെ ആരാധനക്രമം ഗ്രീക്കിലായി. ജറുസലേമിൽ വച്ച് അന്ത്യോക്യൻ ആരാധനക്രമം കുറെയൊക്കെ മാറ്റങ്ങൾക്ക് വിധേയമായി. പിൽക്കാലത്തുള്ള എല്ലാ ആരാധനക്രമങ്ങളുടെയും മാതൃക അന്ത്യോക്യൻ ക്രമമാണ്.





അന്ത്യോക്യൻ സഭയിലെ ഒരു വൈദികനായിരുന്ന ജോൺ ക്രിസൊസ്തോം (+407) കോൺസ്റ്റാന്റിനോപ്പിളിൽ പാത്രിയർക്കീസായപ്പോൾ, അന്ത്യോക്യയിലെ ആരാധനക്രമത്തിൽ ചില വ്യത്യാസങ്ങൾ വരുത്തി അവിടെ നടപ്പാക്കി. അലക്സാൺഡ്രിയായിൽ കുറേക്കൂടി നേരത്തെ ചില വ്യത്യാസങ്ങളോടു കൂടെ അന്ത്യോക്യൻക്രമം പ്രചരിച്ചു.

അന്ത്യോക്യയിലെ പ്രാചീന ആരാധനക്രമത്തെപ്പറ്റി *അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷൻ* എട്ടാം പുസ്തകത്തിൽ (4-ാം നൂ.) ഒരു വിവരണമുണ്ട്. പഴയനിയമം, നടപടി, ലേഖനങ്ങൾ, സുവിശേഷം എന്നിവയിൽ നിന്നുള്ള വായന, മെത്രാന്റെ പ്രസംഗം എന്നിവയ്ക്കുശേഷം സഭാംഗങ്ങൾ അല്ലാത്തവർ, സ്നാനാർഥികൾ, പരസ്യപ്രായശ്ചിത്തം നടത്തേണ്ട പരസ്യപാപികൾ എന്നിവരെ സമൂഹത്തിൽ നിന്ന് പുറത്താക്കുന്നു. തുടർന്ന് എല്ലാ വിശ്വാസികൾക്കും വേണ്ടിയുള്ള പ്രാർഥന, സമാധാനചുംബനം, മെത്രാന്റെ ആശംസ, കൈകഴുകൽ എന്നിവ നടക്കുന്നു. പിന്നീട് അർപ്പിതവസ്തുക്കൾ മെത്രാനെ ഏൽപ്പിക്കുന്നു. മെത്രാൻ അവയുടെമേൽ കൃതജ്ഞതാസ്തോത്രപ്രാർഥന നടത്തുന്നു. ആമുഖം, പരിശുദ്ധൻ, സ്ഥാപനവാക്കുകൾ, കൽപ്പനാനുസ്മരണം, റൂഹാക്ഷണം, ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടിയുള്ള പ്രാർഥന, കുർബാനസ്വീകരണത്തിന് ഒരുക്കമായുള്ള പ്രാർഥന, കുർബാനസ്വീകരണം, കൃതജ്ഞതാപ്രാർഥനകൾ, അവസാനത്തെ ആശീർവാദം. ഇടയ്ക്കിടെ ഡീക്കൻ അറിയിപ്പുകൾ നൽകുന്നു. തുടരെത്തുടരെ ഡീക്കൻ അറിയിക്കുകയും ജനം കുറിയേലായിസ്സോൻ എന്ന് ചൊല്ലുകയും ചെയ്യുന്നു. റൂഹാക്ഷണം സ്ഥാപനവാക്കുകൾക്ക് ശേഷമാണ്.

ആദ്യത്തെ ആറു നൂറ്റാണ്ടുകളിൽ അന്ത്യോക്യൻ സഭയിൽ ആകമാനം ഈ ആരാധനക്രമം നിലനിന്നു. കാൽസിഡൺ സിനഡോടുകൂടി (451) അന്ത്യോക്യൻസഭ പിളർന്നപ്പോഴും ഈ നില തുടർന്നു. ഏഴാം നൂറ്റാണ്ടോടുകൂടി ഇതിനു മാറ്റം വന്നു. കാൽസിഡൺ അംഗീകരിക്കുന്നവർ കൂടുതൽ കൂടുതലായി ബിസന്റൈൻ ആരാധനക്രമം സ്വീകരിക്കാൻ തുടങ്ങി. കാലക്രമത്തിൽ അന്ത്യോക്യൻ സഭയിൽ പെട്ട മെൽക്കീത്തർ പൂർണമായി ബിസന്റൈൻ ലിറ്റർജി സ്വീകരിച്ചു. അന്ത്യോക്യൻ ലിറ്റർജി, സുറിയാനി, അറബി ഭാഷകളിൽ അൽപ്പസ്വൽപ്പ വ്യത്യാസങ്ങളോടെ യാക്കോബായക്കാരുടെ സ്വന്തമായി തീർന്നു. പിന്നീട് അവർ തന്നെയും അതിൽ ചില്ലറ വ്യതിയാനങ്ങൾ വരുത്തി.

# 8
# അന്ത്യോക്യൻ യാക്കോബായാ പാത്രിയാർക്കേറ്റ്

അന്ത്യോക്യയിലെ സിറിയൻ ഓർത്തഡോക്സ് പാത്രിയാർക്കേറ്റ് എന്ന് ഇത് അറിയപ്പെട്ടിരുന്നു. ഇപ്പോൾ *സിറിയക് ഓർത്തഡോക്സ്* എന്നാക്കിയിട്ടുണ്ട്. അന്തർദേശീയ സഭൈക്യചർച്ചകളിൽ ഈ സഭ ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ ഉൾപ്പെടുന്നു. കാൽസിഡൺ കൗൺസിൽ അംഗീകരിക്കാത്ത പുരാതന സഭകളുടെ ഇപ്പോഴത്തെ പൊതുപേരാണ് *ഓറിയന്റൽ ഒർത്തഡോക്സ് സഭകൾ* എന്നത്. കാൽസിഡൺ കൗൺസിൽ അംഗീകരിക്കാതെ കത്തോലിക്കാസഭയിൽ നിന്ന് പിളർന്നു മാറിയവരുടെ പിൻതലമുറക്കാരാണല്ലോ അന്ത്യോക്യൻ യാക്കോബായക്കാർ. ആദ്യകാലത്ത് നേതാക്കന്മാരില്ലാതെ ഇക്കൂട്ടർ വളരെ വിഷമിച്ചു. *അസെഫലോയ് (തലവനില്ലാത്തവർ)* എന്നാണ് രേഖകളിൽ ഇവരെപ്പറ്റി പരാമർശിച്ചിരിക്കുന്നത്. കാൽസിഡൺ കൗൺസിലിന് തൊട്ടുപിമ്പുള്ള കാലഘട്ടത്തിൽ കാൽസിഡൺ അനുഭാവികളും വിരുദ്ധരുമായ പാത്രിയർക്കീസന്മാർ മാറിമാറി അന്ത്യോക്യയിൽ ഭരണം നടത്തി. പീറ്റർ ഫുള്ളർ ആയിരുന്നു ആദ്യത്തെ കാൽസിഡൺ വിരുദ്ധ പാത്രിയർക്കീസ് (470. 476-477. 485-489). പിന്നീട് വന്ന പല്ലാഡിയുസ് (490-498), ഫ്ളാവിയൻ (498-512), സെവേരൂസ് (512-518) എന്നിവർ കാൽസിഡൺ വിരുദ്ധർ ആയിരുന്നു. ജസ്റ്റിൻ ചക്രവർത്തി 518-ൽ സെവേരൂസിനെ സ്ഥാനഭ്രഷ്ടനാക്കി. തുടർന്ന് 557/8 വരെ അന്ത്യോക്യൻ സിംഹാസനത്തിൽ കാൽസിഡൺ വിരുദ്ധർ ആരും ഉണ്ടായില്ല.

യാക്കോബു ബുർദാനാ (542-578) ഏകസ്വഭാവവാദികളുടെ നേതൃത്വം ഏറ്റെടുത്തശേഷം 557/8-ൽ തെല്ലായിലെ സേർജിയുസിനെ (+561), കാൽസിഡൺ വിരുദ്ധർക്കുവേണ്ടി അന്ത്യോക്യാ പാത്രിയർക്കീസ് എന്ന പേരിൽ വാഴിച്ചു. സേർജിയുസ് സിറിയായിലെ ഒരാശ്രമത്തിൽ താമസിച്ചു. പിന്നീട് ഒരു പൗലോസിനെ (565-577) യാക്കോബ് വാഴിച്ചു. യാക്കോബിന്റെ നേതൃത്വം അംഗീകരിച്ചതിനാൽ ഇക്കൂട്ടർ യാക്കോബായക്കാർ എന്ന് അറിയപ്പെ





ടാൻ തുടങ്ങി. ചിലയിടങ്ങളിൽ ആദ്യമാദ്യം ഇവരെ സെവേരിയർ എന്നും വിളിച്ചിരുന്നു. പ്രസ്തുത യാക്കോബായാ ലൈനിൽ ഇടയ്ക്കിടെ എതിർ പാത്രിയർക്കീസന്മാർ ഉണ്ടായെങ്കിലും 1292 വരെ തുടർച്ചയായി അവർക്ക് പാത്രിയർക്കീസന്മാർ ഉണ്ടായിരുന്നു.

പേർഷ്യയിലെ യാക്കോബായക്കാർക്കു വേണ്ടി 629-ൽ യാക്കോബായാ പാത്രിയർക്കീസ് അത്തനാസ്യോസ് ഒരു പ്രധാന മേൽപ്പട്ടക്കാരനെ *മഫ്രിയാൻ* എന്ന സ്ഥാനനാമത്തോടു കൂടെ വാഴിച്ചു. പാത്രിയർക്കീസിന്റെ കീഴിൽ പേർഷ്യേയിലെ യാക്കോബായാ സഭയുടെ തലവൻ എന്ന നിലയ്ക്കാണ് ഈ സ്ഥാനം. ഫലം പുറപ്പെടുവിക്കുന്നയാൾ എന്ന് പദാർഥം. മെത്രാന്മാരെയും മെത്രാപ്പോലീത്താമാരെയും വാഴിക്കാൻ അധികാരമുള്ള ആത്മീയനേതാവ് എന്നർഥം. ആദ്യം ഇറാക്കിലെ തഗ്രീത്തായിരുന്നു അദ്ദേഹത്തിന്റെ ആസ്ഥാനകേന്ദ്രം. പിന്നെ മോസൂളിലേക്കു മാറ്റി. 1860/3-ൽ മഫ്രിയാൻസ്ഥാനം യാക്കോബ് രണ്ടാമൻ പാത്രിയർക്കീസിന്റെ നേതൃത്വത്തിലുള്ള സിനഡ് നിർത്തലാക്കി.

യാക്കോബായക്കാരുടെ ഇടയിൽ 1292-ൽ കലഹവും പിളർപ്പും ശക്തമായി. പാശ്ചാത്യ യാക്കോബായക്കാരെന്നും പൗരസ്ത്യ യാക്കോബായക്കാരെന്നും അവർ തിരിഞ്ഞു. പാശ്ചാത്യ യാക്കോബായക്കാർ 1292-ൽ മെലിറ്റീൻ, സിലീഷ്യ എന്നിവിടങ്ങളിൽ ഓരോ പാത്രിയർക്കീസിനെ വാഴിച്ചു. പൗരസ്ത്യ യാക്കോബായക്കാർ മർദീനിലും (1293-1493) തുർ അബ്ദീനിലും (1364-1493) പാത്രിയർക്കീസന്മാരെ വാഴിച്ചു. തുർ അബ്ദീനിൽ ഉള്ളവർ *ഇഗ്നേഷ്യസ്* എന്ന് പേരെടുത്തു. 1493-ൽ കിഴക്കും പടിഞ്ഞാറുമുള്ള വിവിധ യാക്കോബായാ വിഭാഗങ്ങൾ ഒന്നിച്ച് ഇഗ്നേഷ്യസ് 12-ാമനെ (+1509) പൊതു പാത്രിയർക്കീസായി തെരഞ്ഞെടുത്തു. തുടർന്നു വന്നവരെല്ലാം തങ്ങളുടെ പേരിനോടു കൂടെ *ഇഗ്നേഷ്യസ്* എന്ന് ചേർക്കുന്നു. ആ പതിവ് ഇപ്പോഴും തുടരുന്നു. ഇപ്പോഴത്തെ യാക്കോബായാ പാത്രിയർക്കീസ് സക്കാ പ്രഥമൻ, ഇഗ്നേഷ്യസ് നാൽപ്പതാമനാണ്. യാക്കോബായാ പാത്രിയർക്കീസന്മാർ ആരും തന്നെ അന്ത്യോക്യയിൽ താമസിച്ച് ഭരിച്ചിട്ടില്ല. അന്ത്യോക്യാ പാത്രിയർക്കീസ് എന്ന സ്ഥാനനാമം സ്വീകരിക്കുന്നു എന്നു മാത്രം. ചിലർ 721-നു ശേഷം അപൂർവമായി അന്ത്യോക്യാ സന്ദർശിച്ചിട്ടുണ്ട്. മറ്റുള്ളവർ സന്ദർശിച്ചിട്ടു പോലുമില്ല. മിക്ക പാത്രിയർക്കീസന്മാരും ആശ്രമങ്ങളിലാണ് വസിച്ചിരുന്നത്. ദയർ മാർ ഗബ്രിയേൽ (മിദിയാത്/തുർ അബ്ദീൻ), ദയർ ബർ സൗമാ (മെലിറ്റീൻ) ദയർ സഫാറാൻ (മർദീൻ) എന്നീ ആശ്രമങ്ങളായിരുന്നു പ്രധാനമായി ആസ്ഥാനകേന്ദ്രങ്ങൾ. യോജിച്ച് ഒരു പാത്രിയർക്കീസിന്റെ കീഴിൽ വന്നശേഷം വളരെക്കാലത്തേക്ക് പാത്രിയാർക്കൽ ആസ്ഥാനം മർദീനടുത്തുള്ള ദയർ സഫാറാനിലായിരുന്നു.

കേരളത്തിലെ മാർതോമാ നസ്രാണികളുമായി ബന്ധപ്പെട്ട ചില അന്ത്യോക്യൻ പാത്രിയർക്കീസന്മാരെ പറ്റി പരാമർശിക്കാം. കേരളത്തിലെ നവീകരണ കക്ഷിയുടെ, അഥവാ മാർ തോമാസഭയുടെ ഒന്നാമത്തെ മെത്രാനായ മാത്യൂസ് മാർ അത്തനാസ്യോസിന് 1843–ൽ മർദീനിൽ വച്ച് പട്ടം നൽകിയത് ഏലിയാസ് രണ്ടാമൻ (1838–1847) പാത്രിയർക്കീസാണ്. അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസ് മലങ്കരയിൽ ഒരാൾക്ക് പട്ടം നൽകിയ ആദ്യസംഭവമാണിത്. പശ്ചിമേഷ്യയിൽ പോയി യാക്കോബായക്കാരിൽ നിന്ന് പട്ടം വാങ്ങിയ ആദ്യത്തെ മലങ്കരക്കാരൻ മാത്യൂസാണ്. മാത്യൂസ് മാർ അത്തനാസ്യോസിനെ സഭാഭ്രഷ്ടനാക്കി അധികാരം കൈയടക്കാൻ മലങ്കരയിലെത്തിയ പാത്രിയർക്കീസാണ് പത്രോസ് മൂന്നാമൻ (+1894). അദ്ദേഹം 1875–ൽ കേരളത്തിലെത്തി മുളന്തുരുത്തി സിനഡ് വിളിച്ചുകൂട്ടി. മാത്യൂസിനെയും അനുയായികളെയും മുടക്കി സഭാഭ്രഷ്ടരാക്കി. ഈ സഭയിൽ വലിയൊരു പിളർപ്പിനും പുതിയൊരു സഭയ്ക്കും അയാൾ ആരംഭമിട്ടു. പുലിക്കോട്ടിൽ മാർ യൗസേപ്പ് കത്തനാരും (മാർ ദിവന്നാസ്യോസ് അഞ്ചാമൻ) വട്ടശ്ശേരിൽ മൽപ്പാനും (മാർ ദിവന്നാസ്യോസ് ആറാമൻ) പൗലോസ് മൽപ്പാനും (മാർ കൂറില്ലോസ്) പശ്ചിമേഷ്യയിൽ പോയി യാക്കോബായാ പാത്രിയർക്കീസന്മാരിൽ നിന്ന് മെത്രാൻപട്ടം ഏറ്റവരാണ്.

വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനെ മുടക്കുകയും വീണ്ടും ഒരു പിളർപ്പ് ഉണ്ടാക്കുകയും ചെയ്തയാളാണ് 1909–ൽ ഇവിടെയെത്തിയ മാർ അബ്ദള്ളാ പാത്രിയർക്കീസ് (1906– 1915). യാക്കോബായക്കാരനായിരുന്ന അദ്ദേഹം കത്തോലിക്കനായി 1896 മുതൽ 1906 വരെ ഹോംസിലെ കത്തോലിക്കാ രൂപതാധ്യക്ഷനായി. പിന്നീട് വീണ്ടും യാക്കോബായക്കാരനായി യാക്കോബായാ പാത്രിയർക്കീസായി. ഇവിടുത്തെ പുത്തൻകൂർ സമുദായം ഓർത്തഡോക്സ് എന്നും യാക്കോബായ എന്നും രണ്ടായി തിരിയാൻ ഹേതുഭൂതൻ മാർ അബ്ദള്ളായാണ്. ഇവിടുത്തെ സഭയുടെ ആത്മികവും ലൗകികവുമായ എല്ലാം സംഗതികളുടെയും മേൽ അദ്ദേഹത്തിന് അധികാരമുണ്ടെന്ന് എല്ലാ മെത്രാന്മാരും എഴുതിക്കൊടുക്കണമെന്ന് അദ്ദേഹം ശാഠ്യം പിടിച്ചു. അതിന് വിസമ്മതിക്കായ്കയാൽ വട്ടശ്ശേരിൽ തിരുമേനിയെയും അനുയായികളെയും ഈ പാത്രിയർക്കീസ് മുടക്കി സഭയിൽ പിളർപ്പുണ്ടാക്കി.

മലങ്കരയിൽ മഫ്രിയാനേറ്റ് അഥവാ കാതോലിക്കേറ്റ് 1912–ൽ സ്ഥാപിച്ചത് മാർ അബ്ദേദ് മിശിഹാ (1895–1905) എന്ന അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസാണ്. കേരളത്തിൽ നിന്ന് തിരികെ എത്തിയ പാത്രിയർക്കീസ് പശ്ചിമേഷ്യയിൽ ചെന്ന് കത്തോലിക്കനായി കത്തോലിക്കാസന്ന്യാസികളുടെ കൂടെ താമസിച്ചു. എന്നാൽ മരിക്കുന്നതിനുമുമ്പ് വീണ്ടും യാക്കോബായക്കാരനായി തീർന്നു. മാർ ഏലിയാസ് മൂന്നാമൻ പാത്രിയർക്കീസ് (1917–1932) കേരളത്തിലെത്തി മഞ്ഞിനിക്കരയിൽ കബറടങ്ങി. അത് യാക്കോബായക്കാ





രുടെ ഒരു തീർഥാടനകേന്ദ്രമാണ്. ഫെബ്രുവരി മാസത്തിലാണ് അവിടുത്തെ ഓർമപ്പെരുന്നാൾ. എഫ്രേം ബർ സൗമാ പാത്രിയർക്കീസ് (1933–1957) തന്റെ ആസ്ഥാനം മർദീനിൽ നിന്ന് ഹോംസിലേക്ക് മാറ്റി. തുടർന്നു ഭരിച്ച യാക്കൂബ് മൂന്നാമൻ (1957–1980) സിറിയായിലെ ഡമാസ്ക്കസ് ആസ്ഥാനമാക്കി. ആഹാദ് റമ്പാൻ എന്ന പേരിൽ ദീർഘനാൾ (1933–1946) അദ്ദേഹം മഞ്ഞിനിക്കരയിൽ താമസിച്ചിരുന്നു. അദ്ദേഹം 1964–ൽ വീണ്ടും കേരളത്തിലെത്തി യോജിച്ച ഓർത്തഡോക്സ്–യാക്കോബായാ സഭയ്ക്കുവേണ്ടി ഔഗേൻ മാർ തിമോതിയോസിനെ (+1975) കാതോലിക്കാ ആയി വാഴിച്ചു. എന്നാൽ 1975–ൽ ഈ പാത്രിയർക്കീസു തന്നെ ഔഗേൻ തിരുമേനിയെ മുടക്കി.

ഇപ്പോഴത്തെ പാത്രിയർക്കീസ് മാർ സക്ക ഈവാസ് 1980–ൽ കേരളത്തിൽ എത്തി ഇവിടുത്തെ യാക്കോബായക്കാരെ സന്ദർശിച്ചു. മാർ യാക്കൂബും മാർ സക്കായും റോമിലെത്തി മാർപാപ്പായെ സന്ദർശിക്കുകയും സഭൈക്യചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

## പ്രശസ്തരായ മെത്രാന്മാർ

യാക്കോബായാസഭയിലെ വളരെ പ്രശസ്തരായ ചില മെത്രാന്മാരെ പറ്റി പരാമർശിക്കാം. ദൈവശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും മറ്റു ശാസ്ത്രങ്ങളിലും അഗാധപാണ്ഡിത്യമുള്ളവർ അക്കൂട്ടത്തിൽ പെടും. *സെവേരൂസ് സെബോക്ത് (+667)* വലിയൊരു പണ്ഡിതനായിരുന്നു. *എഡേസ്സായിലെ യാക്കോബ് (+708)* വലിയ ഭാഷ്യകാരനും കവിയും ആരാധനക്രമ പരിഷ്ക്കർത്താവും ചരിത്രകാരനും നിയമപണ്ഡിതനുമായിരുന്നു. സുറിയാനി ആരാധനക്രമ പരിഷ്ക്കരണത്തിൽ മാർ യാക്കോബിന്റെ നാമം അനശ്വരമാണ്. മാർ യാക്കോബിന്റെ പേരിൽ അറിയപ്പെടുന്ന അനാഫുറ അദ്ദേഹം പരിഷ്ക്കരിച്ചു. പുതിയൊരു അനാഫുറ, ഒരു മാമോദീസാക്രമം, വിവാഹക്രമം, സഭാപഞ്ചാംഗം ആദിയായവ അദ്ദേഹത്തിന്റെ സംഭാവനകളാണ്. അദ്ദേഹത്തിന്റെ പേരിൽ ആരാധനക്രമത്തിൽ നിരവധി പ്രാർഥനകളുണ്ട്. ഒരു *ഏലിയാസ് (709–724), തശ്രീതുകാരൻ കുറിയാക്കോസ് (793–817), ഡയനീഷ്യസ് ദ് തെൽമാറേ (817–845)* എന്നിവരും പ്രത്യേകം സ്മരണീയരാണ്. *മോശ ബർ കേഫാ (+903)* വ്യാഖ്യാതാവും ആരാധനക്രമ പണ്ഡിതനുമായിരുന്നു. അതുപോലെ *ഡയനീഷ്യസ് ബർ സലീബി (+1171)* ഭാഷ്യകാരനും ആരാധനക്രമ പണ്ഡിതനും എന്ന നിലയിൽ പ്രശോഭിച്ചു. അദ്ദേഹം ഒരു *കൂദാശാഭാഷ്യം* രചിച്ചു. കുർബാനക്രമം പരിഷ്ക്കരിച്ചു. രണ്ട് അനാഫറകൾ എഴുതിയുണ്ടാക്കി. അനാഫറയ്ക്കു മുമ്പുള്ള പല സെദറാകളും പ്രാർഥനകളും അദ്ദേഹത്തിന്റെ സംഭാവനയത്രേ. 12–ാം നൂറ്റാണ്ടിലെ യാക്കോബായാ നക്ഷത്രം എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. *മിഖായേൽ റാബോ (+1199)* 31–ാം വയസ്സിൽ മൂന്നാം കുരിശുയുദ്ധകാലത്ത് പാത്രിയർക്കീസാ

യി. കുരിശുയുദ്ധക്കാരുമായി അദ്ദേഹം രമ്യതയിൽ കഴിഞ്ഞു. അദ്ദേഹം പട്ടംകൊട ശുശ്രൂഷക്രമം പരിഷ്ക്കരിച്ചു. സെദറാകൾ രചിച്ചു. *ബർ എബ്രായാ (+1286)* താത്വികൻ, ദൈവശാസ്ത്രജ്ഞൻ, വ്യാഖ്യാതാവ്, വ്യാകരണകാരൻ, നിയമജ്ഞൻ എന്നീ നിലകളിൽ വിഖ്യാതനായിരുന്ന ബഹുമുഖ പ്രതിഭ ആയിരുന്നു.

## സന്ന്യാസപ്രസ്ഥാനം

ഈജിപ്തിൽ, ഷേതിലുള്ള *ദയർ എസ്-സുറിയാനി* എന്ന ആശ്രമം സുറിയാനി സഭയുടെ ഒരു പ്രശസ്താശ്രമം ആയിരുന്നു. എന്നാൽ സിറിയൻ-മെസപ്പൊട്ടേമിയൻ പ്രദേശങ്ങളിലായിരുന്നു അന്ത്യോക്യൻ സഭയുടെ പ്രധാനപ്പെട്ട ആശ്രമങ്ങളെല്ലാം. സന്ന്യാസത്തിന്റെ പ്രധാന കാലഘട്ടങ്ങളിൽ ആയിരത്തിൽ പരം സന്ന്യാസികൾ പാർത്തിരുന്ന ആശ്രമങ്ങൾ ഉണ്ടായിരുന്നു. ഏകാന്തവാസികളും കൂട്ടജീവിതക്കാരും ചേർന്നുള്ള സന്ന്യാസരീതിയായിരുന്നു പലയിടങ്ങളിലും. മെലിറ്റീനടുത്തുള്ള *ദയർ ബർ സൗമാ* മാതൃ ആശ്രമമായി കണക്കാക്കപ്പെടുന്നു. മർദീനിലെ *ദയർ സഫാറാൻ*, മിദിയാതിലെ (തുർ അബ്ദീൻ) *ദയർ മാർ ഗബ്രിയേൽ*, മോസൂളിലെ *ദയർ മാർ മത്തായി* എന്നിവ വിഖ്യാതാശ്രമങ്ങളായിരുന്നു.

സാമസോട്ടായ്ക്കും മെലിറ്റീനും ഇടയ്ക്കുള്ള മലകളിൽ സ്ഥിതി ചെയ്തിരുന്ന ദയർ ബർ സൗമാ യാക്കോബായാ സഭയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ആശ്രമമായിരുന്നു. രണ്ടാം എഫേസോസ് സിനഡിൽ (449) ഈ ആശ്രമത്തിന്റെ അധ്യക്ഷൻ പങ്കെടുത്തു. അറബി ഭരണകാലത്ത് അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസന്മാർ ഇവിടെയാണ് പാർത്തിരുന്നത്. കുർദികൾ 14-ാം നൂറ്റാണ്ടിൽ ഈ ആശ്രമം നശിപ്പിച്ചു. അന്നു മുതൽ ഇന്നുവരെ അത് നഷ്ടക്കൂമ്പാരമായി കിടക്കുന്നു. യാക്കോബായാസഭയുടെ ഏറ്റവും വലിയ സാഹിത്യസൃഷ്ടികൾ രൂപം കൊണ്ടത് ഈ ആശ്രമത്തിലാണ്. മിഖായേൽ റാബോ (1166-1199) ഇവിടെ താമസിച്ചാണ് തന്റെ ക്രോണിക്കിൾ എഴുതിയത്.

കുർദികളുടെ ആക്രമണാനന്തരം ദയർ സഫാറാൻ അഥവാ ഹനനിയാ ആശ്രമം യാക്കോബായാ പാത്രിയർക്കീസന്മാരുടെ ആസ്ഥാനമായിത്തീർന്നു. പാത്രിയർക്കീസന്മാർ 1293 മുതൽ കൂടെക്കൂടെ അവിടെ താമസിച്ചുവന്നു. മർദീന് സമീപത്തുള്ള മലയിലാണ് ഈ ആശ്രമം. വിവിധ സ്ഥലങ്ങളെ ബന്ധിക്കുന്ന കച്ചവടപ്പാതകൾ ഇതിനടുത്തുകൂടെ കടന്നുപോകുന്നു. അവിടുത്തെ സന്ന്യാസികളിൽ 21 പേർ പാത്രിയർക്കീസന്മാരും 9 പേർ മഫ്രിയാന്മാരും 110 പേർ മെത്രാന്മാരുമായി. കിഴക്കും പടിഞ്ഞാറുമുള്ള നിരവധി സന്ന്യാസികൾ ഇവിടം സന്ദർശിച്ചിട്ടുണ്ട്.





യാക്കോബായാ സഭയിലെ മറ്റൊരു പ്രശസ്താശ്രമമാണ് ഇറാക്കിലെ മാർ മത്തായി ആശ്രമം. അറബികളുടെ കാലത്ത് *ഷേക്ക് മത്തായി* എന്നായിരുന്നു ഇതിന്റെ പേര്. മോസൂളിൽ നിന്ന് 20 മൈൽ അകലെ പഴയ നിനിവെ നഗരത്തിന് സമീപത്താണിത്. പാറയിൽ തുരന്നുണ്ടാക്കിയ പല അറകളും അവിടെയുണ്ട്. അമീദിൽ നിന്നുള്ള ഒരു മത്തായി സന്ന്യാസിയുടെ പേരിൽ ഇതറിയപ്പെടുന്നു. ജൂലിയൻ ചക്രവർത്തിയുടെ (+363) മതപീഡനം ഭയന്ന് അബ്രഹാം, സക്കായ് എന്നിവരോടുകൂടി മാർ മത്തായി ഈ സ്ഥലത്തു വന്ന് ആശ്രമജീവിതം തുടങ്ങി. 12-13 നൂറ്റാണ്ടുകളിൽ ആയിരത്തോളം സന്ന്യാസികൾ അതുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്നു എന്ന് അറബി ചരിത്രകാരനായ യാക്കൂത് രേഖപ്പെടുത്തുന്നു. അതിൽ അൽപ്പം അതിശയോക്തി ഉണ്ടാകാമെങ്കിലും വളരെയധികം സന്ന്യാസികൾ അക്കാലത്ത് ഉണ്ടായിരുന്നു . ഇത് വലിയൊരു പഠനകേന്ദ്രം കൂടി ആയിരുന്നു.

പേർഷ്യയിലെ യാക്കോബായാ മഫ്രിയാനും മാർ മത്തായി ആശ്രമത്തിലെ അധ്യക്ഷനും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധം സംബന്ധിച്ച് 629-ലെ സിനഡിൽ ഡിക്രികൾ എഴുതിയുണ്ടാക്കി. യാക്കോബായാ സഭയിൽ ബർ സൗമാ ആശ്രമത്തിനു തുല്യമായ സ്ഥാനം 10-ാം നൂറ്റാണ്ടോടു കൂടി മാർ മത്തായി ആശ്രമത്തിന് ഉണ്ടായിരുന്നു. യാക്കോബായാ മഫ്രിയാനന്മാർ വളരെനാൾ അവിടെ പാർത്തിരുന്നു. ബർ എബ്രായായുടെ മുറിയും കല്ലറയും ഈ ആശ്രമത്തിലാണ്. അദ്ദേഹം തന്റെ ക്രോണിക്കിൾ ഇവിടെ വച്ചാണ് പൂർത്തിയാക്കിയത്. ഒരമൂല്യഗ്രന്ഥശേഖരം അവിടെ ഉണ്ടായിരുന്നു. എന്നാൽ അവയിൽ ഭൂരിഭാഗവും ഇപ്പോൾ യൂറോപ്യൻ ഗ്രന്ഥാലയങ്ങളിലാണ്. വളരെ അപ്രധാനങ്ങളായ കൈയെഴുത്തു പ്രതികൾ മാത്രമേ ഇപ്പോൾ അവിടെയുള്ളു. അവിടെ നാലോ അഞ്ചോ സന്ന്യാസികൾ മാത്രമേ ഇപ്പോഴുള്ളു.

## യാക്കോബായാസഭയും അറബികളും

അറബി മുസ്ലീങ്ങൾ ആദ്യമാദ്യം ക്രിസ്ത്യാനികളെ സംരക്ഷിത പ്രജകളായി കരുതി. സ്ഥലക്കരം, തലക്കരം എന്നീ കരങ്ങൾ കൊടുക്കാൻ മാത്രമേ അവർക്ക് ബാധ്യത ഉണ്ടായിരുന്നുള്ളു. പലസ്തീന, മെസപ്പൊട്ടേമിയാ, പേർഷ്യ എന്നിവിടങ്ങളിലെ യാക്കോബായക്കാരെല്ലാം അറബിഭരണകാലത്ത് ഏക രാഷ്ട്രീയ ഭരണാധികാരിയുടെ കീഴിൽ വന്നു. ബൗദ്ധികതലത്തിൽ കുറേ വളരാൻ യാക്കോബായക്കാർക്ക് സാധിച്ചു എന്നതൊഴിച്ചാൽ അറബികളുടെ കീഴിൽ കാര്യമായ മിഷണറി പ്രവർത്തനം നടന്നില്ല. സുറിയാനിഭാഷ തന്നെ മാറി. അറബി സംസാരഭാഷ ആയി. സുറിയാനി ആരാധനയിൽ മാത്രമായി ചുരുങ്ങി. ഗ്രീക്ക് തത്വശാസ്ത്രവും മറ്റും അറബിയിൽ ആക്കുവാൻ ക്രിസ്ത്യാനികൾ അറബികളെ സഹായിച്ചു. ആരംഭകാലത്ത് ചില

അറബി ഗോത്രങ്ങൾ യാക്കോബായക്കാരുടെ കൂടെ നിന്നു. അത്തരത്തിൽ പെട്ടതാണ് ഘസ്സനിഡ്, ബനി-തർനൂക് ആദിയായ ഗോത്രങ്ങൾ. കാലാന്തരത്തിൽ ഈ അറബി ക്രിസ്ത്യാനികൾ മുസ്ലീങ്ങളായി.

ഇറാനിലും ഇറാക്കിലുമുള്ള നെസ്തോറിയരുടെ ഇടയിൽ പ്രവർത്തിച്ച് അവരിൽ ചിലരെ തങ്ങളുടെ കൂടെ ചേർക്കാൻ യാക്കോബായക്കാർക്കു സാധിച്ചു എന്നത് ഒഴിച്ചാൽ അവർ ഗണ്യമായ മിഷൻപ്രവർത്തനം നടത്തിയെന്നു പറയാനാവില്ല. എങ്കിലം ആദ്യകാലത്ത് അറബികളുടെ കീഴിൽ ഒരു വിധം ഭദ്രമായി കഴിയാൻ യാക്കോബായക്കാർക്കു സാധിച്ചു. എന്നാൽ തുർക്കികൾ അധികാരത്തിൽ വന്നപ്പോൾ ഈ നില മാറി. കാലിഫ് അൽ മുതസിമിനോടുകൂടി (833-842) തുർക്കിഭരണം തുടങ്ങുന്നു. സംസ്ക്കാരശൂന്യരായ കാടന്മാരായിരുന്നു അവർ. ക്രിസ്ത്യാനികൾ അറബികളെ സംസ്ക്കാരമുള്ളവരാക്കി. അപ്പോഴാണ് മറ്റൊരു വിഭാഗത്തിന്റെ മുന്നേറ്റം. അപരിഷ്കൃതരായ ഈ കിരാതന്മാർ എല്ലാവിധ ക്രൂരതകളും കാട്ടി. തുർക്കികൾ അറബികളെയും അവരുടെ സ്ഥാപനങ്ങളെയും തകർത്തു തരിപ്പണമാക്കി. ക്രിസ്തീയാരാധനാലയങ്ങൾ നശിപ്പിച്ചു. ക്രിസ്ത്യാനികൾക്ക് ഉദ്യോഗങ്ങൾ നിഷേധിച്ചു. അവരുടെ കീഴിൽ യാക്കോബായാസഭ അധഃപതനത്തിലേക്ക് നീങ്ങി.

തുർക്കികൾക്കു ശേഷം കടന്നുവന്ന മംഗോളിയരും തകർച്ചയ്ക്ക് ആക്കം കൂട്ടി. മംഗോളിയൻ മലവെള്ളപ്പാച്ചിലിൽ ക്രിസ്തീയ കേന്ദ്രങ്ങൾ കടപുഴകിയൊഴുകി. മംഗോളിയർ ആദ്യമാദ്യം ക്രിസ്ത്യാനികളെ പീഡിപ്പിച്ചില്ല. എന്നാൽ അവർ മുസ്ലീങ്ങളായി കഴിഞ്ഞപ്പോൾ, കഠിനമായ മതമർദനം ആരംഭിച്ചു. ടൈമൂറിന്റെ വരവ് (1394) പശ്ചിമേഷ്യയിലെ സർവ മനുഷ്യർക്കും നാശഹേതുവായിരുന്നു. അമീദ്, മർദീൻ, മോസൂൾ, തുർ-അബ്ദീൻ, തഗ്രീത് എന്നിവിടങ്ങളിലെ യാക്കോബായാസഭ തുടച്ചു മാറ്റപ്പെട്ടു. ആശ്രമങ്ങൾ നിലംപരിചായി. ദൈവാലയങ്ങൾ ഇടിച്ചു നിരത്തപ്പെട്ടു. മഫ്രിയാനേറ്റിൽ 1379-1404 കാലഘട്ടത്തിൽ ഭരണാധികാരികൾ ഇല്ലായിരുന്നു.

പാത്രിയാർക്കാ സ്ഥാനത്തിനുവേണ്ടിയുള്ള കിടമത്സരങ്ങളുമുണ്ടായി. വൈദികർ പാണ്ഡിത്യമില്ലാത്തവരായിത്തീർന്നു. ഇതിന്റെയെല്ലാം ഫലമായി യാക്കോബായാസഭ അധഃപതിച്ചു. തുടർന്നു വന്ന സെല്യുക്-ഒട്ടോമൻ തുർക്കികളും കൊള്ളയടിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. ഒന്നാം ലോകമഹായുദ്ധത്തോടുകൂടി തകർച്ച പൂർത്തിയായി. ഇക്കാലത്ത് പശ്ചിമേഷ്യയിൽ 15 ലക്ഷം ക്രിസ്ത്യാനികൾ നിഷ്ക്കരുണം വധിക്കപ്പെട്ടു. ഇതിൽ എല്ലാ വിഭാഗങ്ങളിൽ പെട്ട ക്രിസ്ത്യാനികളും ഉൾപ്പെടുന്നു. ഈ കനത്ത പ്രഹരം യാക്കോബായാസഭയെ സാരമായി ബാധിച്ചു. അനേകം രൂപതകൾ തന്നെ തുടച്ചു നീക്കപ്പെട്ടു. വൈദികരും വിശ്വാസികളും വാളിനിരയായി. പള്ളികളും ആശ്രമങ്ങളും നഷ്ടക്കൂമ്പാരമായി. സുപ്രസിദ്ധമായ എഡേസ്സാ





നഗരത്തിൽ ഒറ്റ ക്രിസ്ത്യാനിയെപ്പോലും അവശേഷിപ്പിച്ചില്ല. മർദീൻ, ദിയാർബക്കീർ, നിസിബിസ് എന്നിവയുടെ സ്ഥിതിയും മെച്ചമായിരുന്നില്ല. മർദീനിൽ തന്നെ യാക്കോബായക്കാർക്ക് 96.000 പേർ നഷ്ടപ്പെട്ടു. ശേഷിച്ചവർ യൂറോപ്യൻ, അമേരിക്കൻ നാടുകളിലേക്ക് കുടിയേറി. പശ്ചിമേഷ്യയിലെ ഈയടുത്തകാല സംഭവവികാസങ്ങൾ ക്രിസ്ത്യാനികളെ സാരമായി ബാധിക്കുന്നു.

## ഹയരാർക്കി

പാത്രിയർക്കീസാണ് അത്യുന്നത ഭരണാധികാരി. അദ്ദേഹത്തെ സഹായിക്കാൻ മെത്രാന്മാരുടെ സിനഡുണ്ട്. മഫ്രിയാൻ എന്ന സ്ഥാനസംജ്ഞയുള്ള മെത്രാനായിരുന്നു 629 മുതൽ പേർഷ്യയിലെ യാക്കോബായക്കാരുടെ തലവൻ. പാത്രിയർക്കീസിന്റെ വികാരി എന്ന നിലയിലാണ് അയാൾ പ്രവർത്തിച്ചത്. എന്നാൽ ഇരുവരും തമ്മിലുള്ള ബന്ധം കൃത്യമായി നിശ്ചയിക്കപ്പെട്ടിരുന്നില്ല. സന്ന്യാസികളിൽ നിന്നാണ് മെത്രാന്മാരെ തെരഞ്ഞെടുത്തിരുന്നത്. അക്കാരണത്താൽ സന്ന്യാസികളുടെ ശിരോവസ്ത്രം മെത്രാന്മാരുടെ വേഷത്തിന്റെ അവിഭാജ്യഘടകമായി. വിശുദ്ധ ശുശ്രൂഷകൾക്ക് മെത്രാന് ഒരു പ്രത്യേക ശിരോവസ്ത്രവും *(മസ്നഫ്സാ)* കാപ്പയുടെ മുകളിൽ ഒരു വലിയ ഊറാറായും *(ബർഥശീൽ)* ഉണ്ട്.

പശ്ചിമേഷ്യയിലെ യാക്കോബായ സഭയിൽ ചില രൂപതകളിലെ മെത്രാന്മാർക്ക് സ്ഥിരനാമങ്ങൾ ഉണ്ടായിരുന്നു. ഇഗ്നേഷ്യസ് എന്ന് ഇപ്പോൾ യാക്കോബായ പാത്രിയർക്കീസന്മാർ പേരെടുക്കുന്നു. ജറുസലേം മെത്രാന്മാർ ഗ്രിഗോറിയോസ് എന്നും എഡേസ്സാ മെത്രാന്മാർ സെവേരൂസ് എന്നും അമീദ് മെത്രാന്മാർ തിമോതി എന്നും മർദീൻ മെത്രാന്മാർ അത്തനാസ്യോസ് എന്നും മോസൂൾ മെത്രാന്മാർ ബസേലിയോസ് എന്നും അലെപ്പോ മെത്രാന്മാർ ദിവന്നാസ്യോസ് എന്നും പേരെടുത്തിരുന്നു. ഇപ്പോൾ ആ നില മാറിയിട്ടുണ്ട്.

ഇടവക വൈദികർ മിക്കവാറും എല്ലാവരും തന്നെ വിവാഹിതരാണ്. ഭാര്യ മരിച്ചാൽ പുനർവിവാഹം പാടില്ല. ആശ്രമജീവിതം നയിച്ച് അവർക്ക് മെത്രാനാകാൻ കഴിയുമായിരുന്നു. വൈദികർ മുടി പറ്റെ വെട്ടുകയോ, വടിക്കുകയോ ചെയ്യുന്നു. താടി വളർത്തുന്നു. കറുത്ത വസ്ത്രവും കറുത്ത തൊപ്പിയും ധരിക്കുന്നു. മെത്രാന്മാർ മോതിരം ധരിക്കുന്നില്ല. പകരം കൈയിൽ കുരിശു വഹിക്കുന്നു.

മറ്റു പൗരസ്ത്യസഭകളിലെ പോലെ യാക്കോബായാസഭയിലും മാമോദീസായും മൂറോനഭിഷേകവും കുർബാനയും ഒന്നിച്ച് ശിശുവിന് നൽകുന്നു. മാമോദീസായ്ക്ക് ഓരോ പ്രാവശ്യവും വെള്ളം വാഴ്ത്തുന്നു. ശിശുവിന് തിരുരക്തത്തിൽ നിന്ന് കൊടുക്കുന്നു. കുമ്പസാരം പൊതുവേ കുറവാണ്.

എങ്കിലം അപൂർവമല്ല. രോഗീലേപനം, വിവാഹം, പട്ടം എന്നിത്യാദി ഏഴു കൂദാശകൾ അവർ അംഗീകരിക്കുന്നു. എല്ലാ കൂദാശകളും പരികർമം ചെയ്യുന്നത് വൈദികനാണ്.

### ആരാധനക്രമം

അന്ത്യോക്യൻ സഭയിലെ പ്രാചീന ആരാധനക്രമം കൃത്യം ആ രീതിയിലല്ല ഇന്ന് യാക്കോബായാ സഭയിൽ ഉള്ളത്. ജറുസലേമിലെ വി. സിറിൽ, മൊപ്സുവെസ്ത്യായിലെ തിയഡോർ, വി. ജോൺ ക്രിസൊസ്തോം എന്നിവരുടെ പ്രഭാഷണങ്ങൾ വിശകലനം ചെയ്താൽ അന്നത്തെ രീതികളെപ്പറ്റി കൃത്യമായി മനസ്സിലാക്കാം. യാക്കോബായക്കാർ മൂന്നു രീതികളിൽ അന്ത്യോക്യൻ ക്രമം വികസിപ്പിച്ചു. സിറിയൻ പ്രദേശങ്ങളിൽ പാശ്ചാത്യ രീതി, മെസൊപ്പൊട്ടേമിയായിൽ പൗരസ്ത്യരീതി, പലസ്തീനായിൽ ജറുസലേം രീതി. കേരളത്തിലെ യാക്കോബായക്കാരുടേത് കൂടുതലും മഫ്രിയാനേറ്റിലെ പൗരസ്ത്യ രീതിയാണ്.

പാത്രിയർക്കീസുമാർ ഏഴാം നൂറ്റാണ്ടു മുതൽ പതിനൊന്നാം നൂറ്റാണ്ടുവരെ സിറിയായിലെ ആശ്രമങ്ങളിൽ മാറിമാറി പാർത്തിരുന്നു. അവരാരും അന്ത്യോക്യയിൽ പാർത്തിരുന്നില്ല. പിന്നീട് തുർക്കിയിലെ ബർ സൗമാ ആശ്രമത്തിലും (1034-1293) മർദീനടുത്തുള്ള ദയർ സഫാറാനിലും (1293-1924) സിറിയായിലെ ഹോംസിലും (1924-1959) സിറിയായിലെ ഡമാസ്ക്കസിലും (1959- )പാർത്തിരുന്നു. സിറിയായിലെ ആഭ്യന്തരകലാപം നിമിത്തം ഇപ്പോൾ ലബനോനിലാണ് താമസം. സിറിയായിലെ മാറാത് സെദ്നായായിൽ യാക്കോബായാ സഭയ്ക്ക് 1996 മുതൽ ഒരു പുതിയ സെമിനരിയുണ്ട്. അതിനു മുമ്പ് ലെബനോനിലെ സാലേ, ഇറാക്കിലെ മോസൂൾ, വീണ്ടും സാലേ, ബെയ്റൂട്ടിനടുത്തുള്ള അറ്റ്ച്ചാനെഹ്, സിറിയായിലെ ഡമാസ്ക്കസ് എന്നിവിടങ്ങളിൽ മാറിമാറി വൈദികവിദ്യാർഥികൾ അഭ്യസനം നടത്തി. യാക്കോബായാ സിനഡ് 2000-ത്തിൽ സഭയുടെ പേര് *സിറിയൻ* ഓർത്തഡോക്സ് എന്നതിൽ നിന്ന് *സിറിയക്* ഓർത്തഡോക്സ് എന്നാക്കി. സിറിയായിലെ ആഭ്യന്തരകലാപം നിമിത്തം വളരെ ഞെരുക്കത്തിലാണ് ഈ സഭയും മറ്റുസഭകളും. സിറിയാ, ലെബനോൻ, തുർക്കി, ഇസ്രായേൽ എന്നീ പശ്ചിമേഷ്യൻ രാജ്യങ്ങളിലാണ് യാക്കോബായക്കാർ കൂടുതലായിട്ടുള്ളത്. ഈ പ്രദേശങ്ങളിൽ നിന്ന് കുടിയേറിയവർ ലോകത്തിന്റെ മറ്റിടങ്ങളിലുമുണ്ട്. അവിടെയൊക്കെ അവർക്ക് അവരുടെ വൈദികരും മെത്രാന്മാരുമുണ്ട്. ഇപ്പോഴത്തെ അധ്യക്ഷൻ ഇഗ്നാത്യോസ് സക്കാ ഈവാസ് പാത്രിയർക്കീസാണ്. അന്ത്യോക്യൻ യാക്കോബായാ സഭയ്ക്ക് മലങ്കരസഭയുമായുള്ള ബന്ധം പിന്നാലെ ചർച്ച ചെയ്യുന്നതാണ്.



# 9
# സുറിയാനി കത്തോലിക്കാ പാത്രിയാർക്കേറ്റ്

മുസ്ലീങ്ങളുടെ ഇടയിൽ കിടന്ന് എല്ലാവിധത്തിലും അധഃപതിച്ച അന്ത്യോക്യൻ യാക്കോബായാ സഭയെ ഉണർത്തി ഉയർത്തിയത് അവരുടെ ഇടയിൽ പ്രവർത്തിച്ച മിഷണറിമാരാണ്. അറബി, ടർക്കിഷ്, മംഗോളിയൻ ആക്രമണങ്ങളാൽ തകർന്ന സഭ കുർദിസ്ഥാനിലെ മലകളിൽ അഭയം തേടി. അമേരിക്കൻ, ഇംഗ്ലീഷ്, ഫ്രഞ്ച് മിഷണറിമാർ ഇവരെ ഉദ്ധരിക്കാൻ ശ്രമങ്ങളാരംഭിച്ചു.

സുറിയാനി യാക്കോബായക്കാർ അറബികളെ ആദ്യമാദ്യം സ്വാഗതം ചെയ്തെങ്കിലും കാലാന്തരത്തിൽ അറബി മുസ്ലീങ്ങളുടെ കീഴിലുള്ള ജീവിതം ക്രിസ്ത്യാനികൾക്ക് ദുസ്സഹമായിത്തീർന്നു. തങ്ങളുടെ സഹോദരങ്ങളായ കാൽസിഡൺ വിശ്വാസികൾ തന്നെയാണ് മെച്ചമെന്ന ചിന്തയാൽ പ്രേരിതരായി അനേകർ കാൽസിഡൺ കൗൺസിൽ അംഗീകരിക്കുന്നവരായ മെൽക്കീത്തരുടെ കൂടെ കൂടി.

എട്ടാം നൂറ്റാണ്ടുമുതൽ ഐക്യശ്രമങ്ങൾ നടത്തിയവർ യാക്കോബായാ സഭയിൽ ഉണ്ടായിട്ടുണ്ട്. മീഫർക്കീനിലെ ഗീവർഗീസ് മെത്രാൻ, ഹാറാനിലെ കോൺസ്റ്റന്റൈൻ മെത്രാൻ, പിൻഗാമിയായ ലെയോ മെത്രാൻ എന്നിവർ എട്ടാം നൂറ്റാണ്ടിൽ കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ടു. മാർ ഇഗ്നേഷ്യസ്, ഹൊസൻസയ്യിദിലെ മാർ മോശ മെത്രാൻ, അക്രയിലെ ഇസഹാക്ക് തുടങ്ങി നിരവധി പേർ 11-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കത്തോലിക്കരായി. അക്രായിലെ മാർ പത്രോസ്, സെജെസ്ഥാനിലെ മാർ ആറൂൻ, മർദീനിലെ മാർ യോഹന്നാൻ എന്നിവർ 11-ാം നൂറ്റാണ്ടിന്റെ മധ്യഭാഗത്ത് കത്തോലിക്കരായി.

യാക്കോബായാ പാത്രിയർക്കീസായ ഇഗ്നേഷ്യസ് ദാവീദും മഫ്രിയാനായ ജോൺ ബർ മാദാനിയും 1237-ൽ കത്തോലിക്കരായി. കുരിശുയുദ്ധ

ക്കാരുമായുള്ള ബന്ധത്തിന്റെ ഫലമായി പലയിടങ്ങളിലും ഐക്യവാഞ്ഛ വളർന്നുകൊണ്ടിരുന്നു. ഫ്ളോറൻസ് കൗൺസിലിൽ പാത്രിയർക്കീസും നിരവധി യാക്കോബായാ മെത്രാന്മാരും സംബന്ധിച്ചു. മംഗോളിയൻ ആക്രമണങ്ങൾ ഐക്യത്തിന് ആക്കം കൂട്ടി. സുറിയാനി കത്തോലിക്കരുടെ എണ്ണം കൂടിക്കൂടിവന്നു. എന്നാൽ അവരുടേതായ ഹയരാർക്കി നിലവിൽ വന്നില്ല. ഐക്യപ്പെട്ടവർ ലെബനോനിലെ മാറോനീതാ പാത്രിയർക്കീസിന്റെയോ, ജറുസലേമിലെ ലത്തീൻ മെത്രാന്റെയോ കീഴിൽ വന്നു. കാലക്രമത്തിൽ ഇവരുടെ പിൻഗാമികൾ മാറോനീത്തരായിത്തീർന്നു.

തുടർന്നുള്ള കാലഘട്ടങ്ങളിൽ അലെപ്പോ നഗരം ഐക്യപരിശ്രമങ്ങളുടെ കേന്ദ്രമായി. ആൻഡ്രൂ 1654-ൽ കത്തോലിക്കനായി. മാറോനീത്താ പാത്രിയർക്കീസ് അദ്ദേഹത്തെ വൈദികനും മെത്രാനുമാക്കി അലെപ്പോയിലെ സുറിയാനി കത്തോലിക്കർക്കുവേണ്ടി നിയമിച്ചു. തുടർന്ന് അദ്ദേഹം പാത്രിയർക്കീസായി ആൻഡ്രൂസ് ദിവന്നാസ്യോസ് എന്ന് പേരെടുത്തു. അദ്ദേഹം പല മെത്രാന്മാരെയും ജനങ്ങളെയും കത്തോലിക്കാസഭയുമായി ഐക്യപ്പെടുത്തി. അദ്ദേഹം 1677-ൽ മരിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായി വന്നയാൾക്ക് റോമുമായുള്ള ബന്ധം നിലനിർത്താൻ കഴിയാതെ വന്നു. കത്തോലിക്കരായി തീർന്ന സുറിയാനിക്കാരുടെ നില പരിതാപകരമായിരുന്നു. അവർക്കുവേണ്ടി സഭാധ്യക്ഷനെ വാഴിക്കാൻ മുസ്ലീങ്ങൾ സമ്മതിച്ചില്ല. സുറിയാനി കത്തോലിക്കർ നിരവധി പീഡനങ്ങൾക്ക് വിധേയരാകുകയും ചെയ്തു. 1783-ൽ അന്നത്തെ യാക്കോബായ പാത്രിയർക്കീസ് മരിച്ചപ്പോൾ അലെപ്പോ മെത്രാൻ മിഖായേൽ ഷർവേ പാത്രിയർക്കീസായി. എന്നാൽ ഐക്യസംരംഭങ്ങളെ എതിർത്ത യാക്കോബായക്കാരുടെ പ്രവർത്തനം മൂലം അദ്ദേഹം ലബനോനിൽ അഭയം തേടി അവിടെ ഒരാശ്രമം സ്ഥാപിച്ച് ഒരു സെമിനരി തുടങ്ങി. അദ്ദേഹം 1800-ൽ മരിച്ചു. തുടർന്ന് അലെപ്പോ, ഡമാസ്ക്കസ് തുടങ്ങിയ സ്ഥലങ്ങളിൽ ധാരാളം സുറിയാനിക്കാർ കത്തോലിക്കരായി. മോസൂൾ പ്രദേശത്ത് അവർ ഭൂരിപക്ഷവുമായി. മാർ മൂശെ, (സിറിയാ), മാർ ബഹനാൻ (ഇറാക്ക്) ആശ്രമങ്ങളും കത്തോലിക്കരുടെ വകയായി.

മിഖായേൽ ഷർവെയുടെ പിൻഗാമി മിഖായേൽ ദാഹെർ എട്ടുവർഷം ഭരിച്ചു (1802-1810). നിരവധി യുവവിദ്യാർഥികൾ വൈദികരാകാനും സന്ന്യാസികളാകാനും ഷർഫെയിലെ സെമിനരിയിലെത്തി. അവിടെ അവർ ഒരു പ്രസ് തുടങ്ങി. അന്ത്യോക്യൻ സഭാഗ്രന്ഥങ്ങൾ അച്ചടിക്കാൻ വേണ്ട സാഹചര്യമുണ്ടാക്കി. അത് സുറിയാനിക്കാർക്കെല്ലാം ഗുണകരമായി. വേണ്ടത്ര ഗ്രന്ഥങ്ങളില്ലാതെ പരിതാപകരമായ നിലയിലായിരുന്നു യാക്കോബായക്കാർ. തുടർന്ന് മോസൂൾ, അലെപ്പോ, മർദീൻ, ജറുസലേം എന്നിവിടങ്ങളിലെല്ലാം സുറിയാനി കത്തോലിക്കാ മെത്രാന്മാരുണ്ടായി.





അതിനുശേഷം മാർ ശെമഓൻ പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ടെങ്കിലും, അധികം താമസിയാതെ രാജിവച്ചു. പീറ്റർ ഷർവെ 1820-ൽ പാത്രിയർക്കീസായി. ഇഗ്നേഷ്യസ് പീറ്റർ ഏഴാമൻ എന്നു പേരെടുത്തു. അദ്ദേഹം 1851-ൽ മരിച്ചു. അദ്ദേഹത്തിന്റെ കാലത്ത് ഒരു യാക്കോബായാ പാത്രിയർക്കീസും 8 മെത്രാന്മാരും കത്തോലിക്കരായി. 1853-ൽ ആന്റോൺ സംഹീറി കത്തോലിക്കരുടെ അധ്യക്ഷനായി.

ഇക്കാലമായപ്പോഴേക്കും യാക്കോബായക്കാരും കത്തോലിക്കരും തമ്മിലുള്ള കലഹം ഒട്ടൊക്കെ ശമിച്ചിരുന്നു. ഇരുകൂട്ടരും പരസ്പരം അംഗീകരിക്കാനും സന്നദ്ധരായി. യാക്കോബായാ ഹയരാർക്കിയിൽ നിന്ന് വ്യത്യസ്തമായ ഹയരാർക്കിയായി സുറിയാനി കത്തോലിക്കരെ സുൽത്താൻ കണക്കാക്കി. സുൽത്താന്റെ പക്കലേക്ക് അയക്കാൻ പറ്റിയ ആളെ കത്തോലിക്കർ അന്വേഷിച്ചുകൊണ്ടിരുന്ന സാഹചര്യത്തിലാണ് ആന്റോൺ സംഹീറി ഷർഫെയിലെത്തുന്നത്.

മാർ സംഹീറിയും മാർ ഈസായും മർദീനിലെ യാക്കോബായാ പാത്രിയർക്കീസിന്റെ സഹായമെത്രാന്മാരായിരുന്നു. പാത്രിയർക്കീസ് മിക്കപ്പോഴും ദിയാർ ബക്കീറിലാണ് താമസിച്ചിരുന്നത്. മഫ്രിയാൻ എന്ന സ്ഥാനനാമത്തോടു കൂടെ വികാരി ജനറാളായി ഭരിച്ചിരുന്നത് സംഹീറി ആയിരുന്നു. ഒരു പെസഹാ വ്യാഴാഴ്ച മൂറോൻ കൂദാശയ്ക്ക് ദിയാർ ബക്കീറിലേക്കു ഈസാ പോയി. ശുശ്രൂഷാമധ്യേ മൂറോൻ തനിയെ തിളച്ചു പൊങ്ങുമെന്നൊരു വിശ്വാസം യാക്കോബായക്കാരുടെ ഇടയിൽ ഉണ്ടായിരുന്നു. എന്നാൽ അത് ശരിയല്ലെന്ന് ഈസായ്ക്ക് തദവസരം മനസ്സിലായി.

സംഹീറി ആയിടയ്ക്ക് മർദീനിലെ രഹസ്യരേഖകളുടെ കൂട്ടത്തിൽ നാല് യാക്കോബായാ പാത്രിയർക്കീസന്മാരുടെ കത്തോലിക്കാസഭയോടുള്ള വിശ്വാസപ്രഖ്യാപനം കാണാനിടയായി. പേരും ഒപ്പും മുദ്രയും തീയതിയും ഉള്ളവയായിരുന്നു അവയെല്ലാം. എന്നാൽ ഈ പാത്രിയർക്കീസന്മാർ വലിയ കത്തോലിക്കാവിരോധികളായി പ്രത്യക്ഷപ്പെട്ടിരുന്നു. അക്കൂട്ടത്തിൽ ഗീവർഗീസ് അഞ്ചാമൻ ഇബ്ന് അസ് സയ്യാറിന്റെ വിശ്വാസപ്രഖ്യാപനവും ഉണ്ടായിരുന്നു. അത് സംഹീറിയെ ചിന്താക്കുഴപ്പത്തിലാക്കി. അദ്ദേഹം ദിയാർ ബക്കീറിലേക്കു പോയി പാത്രിയർക്കീസിനെ കണ്ട് വിശദീകരണം തിരക്കി. യാക്കോബായസഭ കത്തോലിക്കാ സഭയിൽനിന്ന് വേർപെട്ട ഒരു സഭയാണെന്നും എന്നാൽ ഈ സത്യം പരസ്യമായി പ്രഖ്യാപിക്കാൻ സമയമായിട്ടില്ലെന്നും പാത്രിയർക്കീസ് സംഹീറിയെ അറിയിച്ചു.

ഈസായും സംഹീറിയും തങ്ങൾക്ക് ലഭിച്ച അറിവുകൾ കൈമാറി. മർദീനിലെ ജനങ്ങളെ കൂട്ടിച്ചേർത്ത് കത്തോലിക്കാസഭയിൽ ചേരാൻ അവർ തീരുമാനിച്ചു. അവർ 1827-ൽ കത്തോലിക്കരായി. രണ്ടു വൈദികരൊഴിച്ച്

മർദീനിലെ എല്ലാ യാക്കോബായാ വൈദികരും നൂറ്റൻപത് കുടുംബങ്ങളും കത്തോലിക്കരായി. കുറച്ചു മാസങ്ങൾക്കുശേഷം മാർ ജോസഫ് കാരും എന്ന യാക്കോബായാ മെത്രാനും കത്തോലിക്കനായി.

ഇതേ തുടർന്നാണ് മാർ സംഹീറി ഷർഫെയിൽ എത്തുന്നത്. ഉടൻ തന്നെ സുൽത്താന്റെ പക്കൽ പോയി കത്തോലിക്കരെ പ്രത്യേകം അംഗീകരിക്കുന്ന രേഖ 1830-ൽ സമ്പാദിച്ചു. ഭയം കൂടാതെ യാക്കോബായക്കാർക്ക് കത്തോലിക്കർ ആകാമെന്ന നിലവന്നു. ആ വർഷം തന്നെ പാത്രിയാർക്കീസിന്റെ ആസ്ഥാനം ഷർഫെയിൽ നിന്ന് അലെപ്പോയിലേക്ക് മാറ്റി. തുടർന്ന് കൂട്ടത്തോടെയുള്ള പുനരൈക്യം നടന്നു. ഡമാസ്ക്കസിൽ 15 കുടുംബങ്ങൾ ഒഴിച്ച് ബാക്കിയെല്ലാവരും അവരുടെ മെത്രാനോടുകൂടെ കത്തോലിക്കരായി.

മാർ സംഹീറി പാത്രിയർക്കീസ് യൂറോപ്യൻ പര്യടനം നടത്തി പണം സമ്പാദിച്ച് സ്കൂളുകളും പള്ളികളും പണിതു. റോമൻ കത്തോലിക്കാ സഭയോടുള്ള അമിത സ്നേഹത്താൽ ലത്തീനീകരണത്തിന് അദ്ദേഹം മുൻകൈ എടുത്തു. എന്നാൽ മറ്റുചിലർ അതിനെ ശക്തിയായി എതിർത്തതിനാൽ അത് മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചില്ല. സംഹീറി 1864-ൽ മരിച്ചു. തുടർന്ന് ഇഗ്നേഷ്യസ് ഫിലപ്പ് ആർകുസാ (1866-1874) പാത്രിയർക്കീസായി. തന്റെ കൂടെയുള്ള 9 മെത്രാന്മാരോടു കൂടെ അദ്ദേഹം ഒന്നാം വത്തിക്കാൻ കൗൺസിലിൽ സംബന്ധിച്ചു.

പിന്നീട് ജോർജ് ഷെൽതത് പാത്രിയർക്കീസായി (1874-1891). അദ്ദേഹത്തിന്റെ കാലത്ത് സഭയ്ക്ക വളരെ പുരോഗതിയുണ്ടായി. സഭയിൽ നവീകരണവും പുനഃസംവിധാനവും നടത്തി. സിറിയാ, സിലീഷ്യാ, മെസൊപ്പൊട്ടേമിയാ എന്നിവിടങ്ങളിലായി 13 പള്ളികൾ പണിയിച്ചു. മർദീനിൽ ഒരാശ്രമം സ്ഥാപിച്ചു. അലെപ്പോയിലെ ഗ്രന്ഥശേഖരത്തിൽ കൈയെഴുത്തുപ്രതികൾ ശേഖരിച്ചു. ഷർഫെയിൽ വച്ച് 1888-ൽ ഒരു സിനഡു കൂടി. അവിടെ വച്ചുണ്ടാക്കിയ ഡിക്രികളാണ് സുറിയാനി കത്തോലിക്കരുടെ നിയമസംഹിതയിൽ കൂടുതലും. അദ്ദേഹം പല ആരാധനക്രമഗ്രന്ഥങ്ങളുംപരിഷ്ക്കരിച്ച് പ്രസിദ്ധീകരിച്ചു. ഈ കാലത്താണ് പത്രോസ് മൂന്നാമൻ എന്ന യാക്കോബായാ പാത്രിയർക്കീസ് കേരളത്തിൽ വന്ന് മാത്യൂസ് മാർ അത്തനാസ്യോസിനെ മുടക്കിയതും മുളന്തുരുത്തി സൂനഹദോസ് വിളിച്ചുകൂട്ടിയതും.

അടുത്ത പാത്രിയർക്കീസ് ബഹനാം ബന്നി (1893-1897)റോമിൽ പോയി പൗരസ്ത്യ കത്തോലിക്കാ പാത്രിയർക്കീസന്മാരുടെ ഒരു സിനഡ് കൂടണമെന്ന് ആവശ്യപ്പെട്ടു. ലെയോ 13-ാമന്റെ നേതൃത്വത്തിൽ 1894 ഒക്ടോബർ 24-ന് സിനഡുകൂടി. അവസാനത്തെ അഞ്ചാം സെഷൻ കൂടിയത് 1896-ലാണ്. അതിന്റെ തുടർച്ചയായിട്ടാണ് ഡിസംബർ 6-ന് *ഓറിയെന്താലിയും*





*ദീഞ്ഞിത്താസ്* എന്ന ചാക്രികലേഖനം മാർപാപ്പാ പ്രസിദ്ധീകരിച്ചത്. വട്ടശ്ശേരിൽ തിരുമേനിക്ക് മെത്രാൻ പട്ടം കൊടുക്കുകയും പിന്നെ മുടക്കുകയും ചെയ്ത അബ്ദള്ളാ ബാവാ യാക്കോബായാ മെത്രാനായിരിക്കെ 1896-ൽ കത്തോലിക്കനായി 10 വർഷം ഹോംസിലെ കത്തോലിക്കാ രൂപത ഭരിച്ചു. മാർ അബ്ദൽ മിശിഹായെ നീക്കിയിട്ട് പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ മാർ അബ്ദള്ള മെത്രാൻ ഹോംസ് കത്തോലിക്കാ രൂപത വിട്ട് യാക്കോബായാ പാത്രിയർക്കീസായി.

മാർ ബഹനാം ബന്നിക്കു ശേഷം സുറിയാനി കത്തോലിക്കാ പാത്രിയർക്കീസായത് മാർ എഫ്രേം റഹമാനിയായിരുന്നു (1898-1929). അദ്ദേഹം നിരവധി സ്കൂളുകളും പള്ളികളും പണിയിച്ചു. അദ്ദേഹം വലിയ ലിറ്റർജി പണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ കാലത്താണ് പശ്ചിമേഷ്യയിലെ ക്രിസ്തീയ കൂട്ടക്കൊല നടന്നത്. (1915-1917). കൂട്ടക്കൊലയ്ക്കു ശേഷം ലെബനോൻ, സിറിയാ എന്നിവിടങ്ങളിൽ ഉദ്ധാരണപ്രവർത്തനങ്ങൾ നടന്നു. എന്നാൽ ടർക്കിയിലെ സഭ തുടച്ചു മാറ്റപ്പെട്ടു.

മാർ റഹമാനി നിരവധി ഭാഷകളിൽ ഗ്രന്ഥരചന നടത്തിയിട്ടുണ്ട്. കിഴക്കും പടിഞ്ഞാറുമുള്ളവരെല്ലാം അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെ വിലമതിക്കുന്നു. കേരളത്തിലെ ഓർത്തഡോക്സ് സഭയിൽ പെട്ടവർ കത്തോലിക്കാ കൂട്ടായ്മയിലേക്കു വരാൻ ആദ്യം ചർച്ചകൾ നടത്തിയത് റഹമാനി പാത്രിയർക്കീസുമായിട്ടാണ്. മാർ അബ്ദള്ളാ പാത്രിയർക്കീസ് 1911-ൽ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയതും മാർ അബ്ദേദ് മിശിഹാ പാത്രിയർക്കീസ് 1912-ൽ ഇവിടെ വന്ന് മഫ്രിയാനേറ്റ് അഥവാ കാതോലിക്കേറ്റ് സ്ഥാപിച്ചതും റഹമാനി, കത്തോലിക്കാ പാത്രിയർക്കീസായിരുന്ന കാലത്താണ്.

തുടർന്ന് ഗബ്രിയേൽ തപ്പൂണിയും (1929-1968) അന്തോണിയോസ് ഹയെകും (1968-1998) കർദിനാൾ മൂസാ ദാവൂദും (1998-2001) ഇഗ്നാത്യോസ് പത്രോസ് എട്ടാമനും (2001 -2008) സുറിയാനി കത്തോലിക്കരുടെ പാത്രിയർക്കീസന്മാരായി. ഇപ്പോഴത്തെ പാത്രിയർക്കീസ് ഇഗ്നാത്യോസ് യൂസിഫ് യൗനാൻ ആണ്. അദ്ദേഹം മലങ്കര കത്തോലിക്കാസഭയിൽ ഈയടുത്ത കാലത്ത് സന്ദർശനം നടത്തിയിട്ടുണ്ട്. ഏതാണ്ട് ഒരു ലക്ഷത്തിൽപരം ആളുകളേ ഈ സഭയിലുള്ളു.

# 10

# മെൽക്കീത്താ ഓർത്തഡോക്സ് പാത്രിയാർക്കേറ്റ്

കാൽസിഡൺ കൗൺസിൽ (451) അംഗീകരിച്ച പൗരസ്ത്യരെ സൂചിപ്പിക്കാൻ മറ്റുള്ളവർ ഉപയോഗിച്ച പദമാണ് മെൽക്കീത്തർ. രാജപക്ഷക്കാർ എന്നർഥം. സുറിയാനിയിൽ മൽക്കാ എന്നാൽ രാജാവ് എന്നർഥം. ക്രിസ്തുഭാഷ്യതർക്കങ്ങളിൽ ഇവർ കാൽസിഡൺ കൗൺസിൽ അംഗീകരിച്ചുകൊണ്ട് രാജപക്ഷത്തു നിന്നു. കാൽസിഡൺ കൗൺസിലും തുടർന്നുള്ള കൗൺസിലുകളും അംഗീകരിച്ചുകൊണ്ട് ഈ സഭ പാശ്ചാത്യസഭയോട് ഐക്യത്തിൽ മുന്നോട്ടുപോയി. അന്ത്യോക്യാ, ജറുസലേം, അലക്സാൺഡ്രിയാ എന്നീ പാത്രിയാർക്കേറ്റുകളിൽ മെൽക്കീത്തർ ഉണ്ടായിരുന്നു. കാൽസിഡൺ കഴിഞ്ഞപ്പോൾ യാക്കോബായക്കാരെന്നും മെൽക്കീത്തരെന്നുമാണല്ലോ ഈ പാത്രിയാർക്കേറ്റുകളിലെ ജനങ്ങൾ വിഭജിതരായത്.

യാക്കോബായക്കാർ അന്ത്യോക്യൻ ആരാധനക്രമം സുറിയാനിയിൽ ഉപയോഗിച്ചു. മെൽക്കീത്തരാകട്ടെ ഗ്രീക്കിൽ ഉപയോഗിച്ചു. പട്ടണങ്ങളിലും പട്ടണങ്ങളോട് അടുത്തുള്ള സ്ഥലങ്ങളിലുമായിരുന്നു ഗ്രീക്ക് അധികവും. ഈജിപ്തിലെ യാക്കോബായക്കാരാണ് ഇവരെ 460–ൽ ആദ്യമായി *മെൽക്കീത്തർ* എന്നു വിളിച്ചത്. പിന്നീട് അത് പൊതുപേരായി. മേൽപ്പറഞ്ഞ മൂന്നു പാത്രിയാർക്കേറ്റുകളിലും യാക്കോബായക്കാർ ഭൂരിപക്ഷവും മെൽക്കീത്തർ ന്യൂനപക്ഷവുമായിരുന്നു. മുസ്ലീം ആക്രമണം മറ്റു സഭകളെപ്പോലെ മെൽക്കീത്തരെയും ക്ഷീണിപ്പിച്ചു. 702–742 കാലയളവിൽ പാത്രിയർക്കീസന്മാരെ വാഴിക്കാൻ അറബികൾ സമ്മതിച്ചില്ല. തുടർന്നുള്ള കാലഘട്ടങ്ങളിലും ദീർഘനാൾ പാത്രിയർക്കീസന്മാർ കോൺസ്റ്റാന്റിനോപ്പിളിൽ ആയിരുന്നു താമസം. കാൽസിഡൺ അംഗീകരിക്കുന്ന മെൽക്കീത്തർ എല്ലാവരും ഓർത്തഡോക്സ് എന്ന് പേരെടുത്തു.

മുസ്ലീങ്ങൾ കൈയടക്കി വച്ചിരുന്ന സിറിയായുടെ ഒരു ഭാഗം 960–ൽ ബിസന്റൈൻകാർ തിരിച്ചു പിടിച്ചതോടുകൂടി മെൽക്കീത്തർ കോൺസ്റ്റാന്റി





നോപ്പിളിനോട് കൂടുതൽ അടുക്കാൻ തുടങ്ങി. എങ്കിലും ലത്തീൻ സഭയും ഗ്രീക്കുസഭയും തമ്മിലകന്നപ്പോൾ (1054) അവരെ തമ്മിൽ അടുപ്പിക്കുന്ന മധ്യസ്ഥനായി അന്ത്യോക്യൻ മെൽക്കീത്താ പാത്രിയർക്കീസ് വർത്തിച്ചു. എന്നാൽ ആ ശ്രമം വിജയിച്ചില്ല. സാവധാനം അന്ത്യോക്യൻ ആരാധനക്രമത്തിന്റെ സ്ഥാനത്ത് ബിസന്റൈൻ ആരാധനക്രമം അവരുടെ ഇടയിൽ ഉപയോഗത്തിൽ വന്നു. ഏതാണ്ട് പന്ത്രണ്ടാം നൂറ്റാണ്ടോടുകൂടി മെൽക്കീത്തർ ബിസന്റൈൻകാരായി തീർന്നു.

കുരിശുയുദ്ധക്കാരുടെ നോട്ടത്തിൽ മെൽക്കീത്തർ ശീശ്മക്കാരും പാഷണ്ഡികളുമായിരുന്നു. ഈ മനോഭാവം അകൽച്ചയ്ക്ക് ആക്കം കൂട്ടി. കുരിശുയുദ്ധക്കാർ ജറുസലേമിലും അന്ത്യോക്യയിലും അലക്സാൺഡ്രിയായിലും ലത്തീൻ പാത്രിയാർക്കേറ്റുകൾ സ്ഥാപിച്ചു. കുരിശുയുദ്ധക്കാരുടെ മേധാവിത്വകാലത്ത് അന്ത്യോക്യാ മെൽക്കീത്താപാത്രിയർക്കീസ് കോൺസ്റ്റാന്റിനോപ്പിളിൽ ആയിരുന്നു. കുരിശുയുദ്ധക്കാർ 1268–ൽ പരാജിതരായപ്പോൾ പാത്രിയർക്കീസ് അന്ത്യോക്യയിൽ തിരിച്ചെത്തി. അതിനുശേഷം അവർ റോമൻ വിരുദ്ധമനോഭാവം പുലർത്തിയെന്ന് പറയപ്പെടുന്നു. മമ്ലൂക് തുർക്കികളുടെ ആക്രമണത്തിൽ അന്ത്യോക്യയ്ക്ക് സാരമായ നാശനഷ്ടങ്ങളുണ്ടായി. പാത്രിയർക്കീസ് 1366–ൽ തന്റെ ആസ്ഥാനം ഡമാസ്ക്കസിലേക്ക് മാറ്റി. ഈ പാത്രിയാർക്കേറ്റിനെ ഒരു കാലത്ത് ഈജിപ്തിലെ സുൽത്താൻ നിയന്ത്രിച്ചിരുന്നു. അന്ന് ഈജിപ്തിന്റെ ഭാഗമായിരുന്നു സിറിയാ. പാശ്ചാത്യലോകവുമായി ബന്ധം പുലർത്താൻ സുൽത്താൻ അവരെ അനുവദിച്ചില്ല. പിൽക്കാലത്ത് വളരെയധികം ഞെരുക്കങ്ങളിൽ കൂടി ഈ പാത്രിയാർക്കേറ്റിന് കടന്നു പോകേണ്ടി വന്നു.

ചരിത്രത്തിൽ ആദ്യമായി 1985–ൽ ഇഗ്നേഷ്യസ് നാലാമൻ ഹസിം പാത്രിയർക്കീസ് റോമിൽ പോയി ജോൺ പോൾ രണ്ടാമൻ മാർപാപ്പായെ സന്ദർശിച്ചു. പശ്ചിമേഷ്യയ്ക്കു പുറമേ ഈ സഭയ്ക്ക് അർജന്റീനാ, ബ്രസീൽ, ചിലി,മെക്സിക്കോ, യു.എസ്.ഏ. ആസ്ട്രേലിയാ, ഫ്രാൻസ് എന്നിവിടങ്ങളിലും വിശ്വാസികളും മെത്രാന്മാരുമുണ്ട്. അന്ത്യോക്യയുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസ് എന്നാണ് സ്ഥാനസംജ്ഞ. ഇപ്പോഴത്തെ പാത്രിയർക്കീസ് ജോൺ പത്താമൻ യസീഗിയാണ്.

# 11
# മെൽക്കീത്താ കത്തോലിക്കാ പാത്രിയാർക്കേറ്റ്

മെൽക്കീത്താ ഓർത്തഡോക്സ് സഭയിൽ നിന്ന് കത്തോലിക്കാസഭയുമായി ഐക്യപ്പെട്ടവരാണിവർ. അന്ത്യോക്യാ, ജറുസലേം, അലക് സാൺഡ്രിയാ എന്നീ പാത്രിയാർക്കേറ്റിലുള്ള മെൽക്കീത്തർ ഉൾപ്പെടുന്നതാണ് ഈ സമൂഹം. പതിനാറാം നൂറ്റാണ്ടിനുശേഷം പശ്ചിമേഷ്യയിൽ എത്തിയ പല പാശ്ചാത്യമിഷണറിമാരും വിശാലമനസ്ഥിതി ഉള്ളവരായിരുന്നു. പരസ്പര ബഹുമാനത്തോടുകൂടി പരസ്പരം അംഗീകരിച്ചുകൊണ്ട് അവർ മെൽക്കീത്താ ഓർത്തഡോക്സുകാരുടെ ഇടയിൽ പ്രവർത്തിച്ചു. പൗരസ്ത്യസഭകളെ പാഷണ്ഡികളായി കണക്കാക്കുന്ന ചിന്താരീതി അവർക്കില്ലായിരുന്നു. എങ്കിലും ലത്തീനീകരണ പ്രവണത അവിടെയും ഇവിടെയും ദൃശ്യമായിരുന്നു. ലത്തീൻ മിഷണറിമാരുടെ ഭാഗത്തുനിന്നുള്ള തുറന്ന മനസ്ഥിതിക്ക് പൗരസ്ത്യരുടെ ഭാഗത്തുനിന്ന് പ്രതികരണം ഉണ്ടായി. ചില ഓർത്തഡോക്സ് പാത്രിയർക്കീസുമാർ പോലും ലത്തീനീകരണത്തെ സ്വാഗതം ചെയ്തു എന്നു പറയപ്പെടുന്നു.

ജറുസലേം, അലക്സാൺഡ്രിയൻ പാത്രിയാർക്കേറ്റുകളിലെ മെൽക്കീത്തർ ആദ്യമാദ്യം ഐക്യത്തിന് വലിയ താത്പര്യം കാണിച്ചില്ല. എന്നാൽ അന്ത്യോക്യാ പാത്രിയാർക്കേറ്റിൽ അതായിരുന്നില്ല സ്ഥിതി. നിരവധി ലത്തീൻ മിഷണറിമാർ 1614-ൽ അലെപ്പോയിൽ (സിറിയാ) പ്രവർത്തിച്ചു. അവിടെയുണ്ടായിരുന്ന ലത്തീൻകാർ, സുറിയാനിക്കാർ, മെൽക്കീത്തർ എന്നിവർക്ക് അവർ സേവനം നടത്തി. ലബനോനിലും ഇത്തരം പ്രവർത്തനം നടന്നു. റോമിൽ പ്രൊപ്പഗാന്താ തിരുസംഘം സ്ഥാപിതമായതു മുതൽ (1622) മിഷണറിമാരുടെ പ്രവർത്തനം ത്വരിതപ്പെട്ടു. റോമുമായി ഐക്യപ്പെടാനുള്ള അഭിവാഞ്ഛ 1634 മുതൽ അന്ത്യോക്യയിലെ മെൽക്കീത്തരുടെ ഇടയിൽ കണ്ടുതുടങ്ങി. എന്നാൽ അന്നും അവർ കോൺസ്റ്റാന്റിനോപ്പിൾ





പാത്രിയാർക്കേറ്റുമായി അടുത്ത ബന്ധം പുലർത്തിക്കൊണ്ടിരുന്നു. 1697 മുതൽ മെൽക്കീത്തരുടെ ഇടയിൽ ഐക്യാഭിവാഞ്ഛ സാർവത്രികമായി.

അന്ത്യോക്യയിലെ മെൽക്കീത്താ പാത്രിയർക്കീസ് അത്തനാസ്യോസ് മൂന്നാമൻ 1724-ൽ മരിച്ചപ്പോൾ, ഐക്യത്തിനുവേണ്ടി നിലകൊണ്ട സിറിൽ നാലാമൻ താനാസ് തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ ന്യൂനപക്ഷത്തിന്റെ പിൻതുണ മാത്രമേ അദ്ദേഹത്തിന് ലഭിച്ചുള്ളു. അദ്ദേഹത്തെ എതിർത്ത മെൽക്കീത്താ ഓർത്തഡോക്സുകാർ ഒരു സിൽവെസ്റ്ററിനെ പാത്രിയർക്കീസായി തെരഞ്ഞെടുത്തു. അങ്ങനെ മെൽക്കീത്തർ രണ്ടായി പിളർന്നു. ബനഡിക്ട് 14-ാമൻ മാർപാപ്പാ 1744-ൽ സിറിൽ പാത്രിയർക്കീസിനെ അംഗീകരിച്ചു. സിറിൽ 1759-ൽ രാജിവച്ചപ്പോൾ, അനന്തിരവൻ ഗോഹാറിനെ സിറിൽ നാമനിർദേശം ചെയ്തു. എന്നാൽ മറ്റുള്ളവരുടെ എതിർപ്പു കാരണം കുറച്ചുകാലം മാത്രമേ അദ്ദേഹത്തിന് ഭരിക്കാൻ സാധിച്ചുള്ളു (1759-1760). റോം നേരിട്ട് മാക്സിമുസ് രണ്ടാമനെ പാത്രിയർക്കീസായി നിയമിച്ചു. അത് പരക്കെ സ്വീകാര്യമായി. ആദ്യമാദ്യം പാത്രിയർക്കീസിന്റെ അധികാരം അന്ത്യോക്യയിൽ മാത്രമേ ഉണ്ടായിരുന്നുള്ളു. 1772-ൽ ജറുസലേം, അലക്സാൺഡ്രിയാ എന്നിവിടങ്ങളിലെ മെൽക്കീത്തരുടെ മേലും പാത്രിയർക്കീസിന് അധികാരം ലഭിച്ചു.

റോമും മെൽക്കീത്താ സിനഡും തമ്മിൽ പലപ്പോഴും അധികാരം സംബന്ധിച്ച് ഉരസലുകൾ നടന്നിട്ടുണ്ട്. ഖർഖാഫെൽ (1806) ജറുസലേം (1849) സിനഡുകൾ കൂടുതൽ ആഭ്യന്തര സ്വാതന്ത്ര്യത്തിനുവേണ്ടി വാദിച്ചു. എന്നാൽ റോം അതംഗീകരിക്കാൻ കൂട്ടാക്കിയില്ല. മാക്സിമുസ് മൂന്നാമൻ പാത്രിയർക്കീസിന് റോമുമായി പല പ്രശ്നങ്ങൾ ഉണ്ടായി. അന്ത്യോക്യയുടെയും അലക്സാൺഡ്രിയായുടെയും ജറുസലേമിന്റെയും പാത്രിയർക്കീസ് എന്ന സ്ഥാനമെടുക്കാൻ 1838-ൽ റോം അദ്ദേഹത്തെ വ്യക്തിപരമായി അനുവദിച്ചു. അതിനു ശേഷമുള്ള പാത്രിയർക്കീസന്മാർക്കെല്ലാം ഈ സ്ഥാനസംജ്ഞയുണ്ട്. റോം എതിർപ്പു പ്രകടിപ്പിച്ചില്ല. മാക്സിമുസ് പാത്രിയർക്കീസ് 1834-ൽ തന്റെ ആസ്ഥാനം ഡമാസ്ക്കസിൽ ഉറപ്പിച്ചു. സുൽത്താനെ കൊണ്ട് തന്റെ സ്ഥാനം പൂർണമായി അംഗീകരിപ്പിക്കാൻ 1848-ൽ അദ്ദേഹത്തിന് സാധിച്ചു.

ഗ്രിഗറി രണ്ടാമൻ യൂസിഫ് (1864-1897) പാത്രിയർക്കീസ് ഒന്നാം വത്തിക്കാൻ കൗൺസിലിൽ (1869-1870) പേപ്പൽ പ്രൈമസി പ്രഖ്യാപനത്തെ എതിർത്തു സംസാരിച്ചു. പൗരസ്ത്യകത്തോലിക്കാ പാത്രിയർക്കീസന്മാരുടെ റോമൻ സമ്മേളനത്തിൽ (1894) ഗ്രിഗറി പ്രശസ്തമായ പങ്കുവഹിച്ചു. മാക്സിമുസ് നാലാമൻ സെയ്ദ് പാത്രിയർക്കീസ് രണ്ടാം വത്തിക്കാൻ കൗൺസിലിലെ ഒരു പ്രമുഖ ദൈവശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹത്തിന്റെ സ്വരം

കൗൺസിൽ ഹാളിലും പുറത്തും അലയടിച്ചു. പല സുപ്രധാന കാര്യങ്ങളിലും പൗരസ്ത്യ വീക്ഷണങ്ങൾ അംഗീകരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. പൗരസ്ത്യ കത്തോലിക്കരെയും ഓർത്തഡോക്സുകാരെയും അദ്ദേഹം പ്രതിനിധീകരിച്ചു. പാശ്ചാത്യരും പൗരസ്ത്യരും, കത്തോലിക്കരും ഓർത്തഡോക്സുകാരും മാക്സിമുസിനെ ബഹുമാനിച്ച് ആദരിച്ചിരുന്നു. തുടർന്ന് സഭാധ്യക്ഷസ്ഥാനത്തു വന്ന മാക്സിമുസ് അഞ്ചാമൻ ഹക്കീം 1980-ൽ മലങ്കര പുനരൈക്യ സുവർണ ജൂബിലിയിൽ പങ്കെടുക്കാൻ കേരളത്തിലെത്തി. ഇപ്പോഴത്തെ അധ്യക്ഷൻ ഗ്രിഗറി മൂന്നാമൻ ലുഫ്തി ലഹം പാത്രിയർക്കീസും മലങ്കര കത്തോലിക്കാ സഭയിൽ സന്ദർശനം നടത്തിയിട്ടുണ്ട്.

പൗരസ്ത്യ കത്തോലിക്കാസഭകളിൽ പൗരസ്ത്യപാരമ്പര്യങ്ങൾ പരിരക്ഷിച്ചുകൊണ്ട് പുരോഗമിക്കുന്ന സഭകളുടെ കൂട്ടത്തിൽ ഒന്നാം സ്ഥാനമാണ് മെൽക്കീത്താ കത്തോലിക്കാസഭയ്ക്കുള്ളത്. ഇതിനൊരു കാരണം 1882 മുതൽ 1967 വരെ ജറുസലേമിലുള്ള അവരുടെ സെമിനരി നടത്തിയ വൈറ്റ് ഫാദേഴ്സിന്റെ ദീർഘവീക്ഷണമാണ്. യഥാർഥ പൗരസ്ത്യാരൂപിയിൽ അവർ വൈദികവിദ്യാർഥികളെ വളർത്തി. വൈദികർ ലത്തീനീകരണത്തിന് വിധേയരാകാതിരുന്നതിനാൽ ജനങ്ങളും സഭയും മൊത്തത്തിൽ പൗരസ്ത്യമായി നിലകൊണ്ടു. നിങ്ങൾ കൗൺസിലിൽ ഞങ്ങളെ പ്രതിനിധീകരിക്കുന്നു എന്ന് എക്യുമെനിക്കൽ പാത്രിയർക്കീസ് അത്തനാഗോറസ് തിരുമേനി മാക്സിമുസിനോട് പറയത്തക്കവിധം അത്ര സ്പഷ്ടമായി പൗരസ്ത്യപാരമ്പര്യങ്ങൾ മെൽക്കീത്തർ മുറുകെപ്പിടിക്കുന്നു. തികച്ചും പൗരസ്ത്യരായി ഓർത്തഡോക്സി ഉയർത്തിപ്പിടിച്ചുകൊണ്ട് മെൽക്കീത്താ കത്തോലിക്കർ നിലകൊള്ളുന്നു. മെൽക്കീത്താ കത്തോലിക്കരിൽ നിന്ന് മറ്റു പൗരസ്ത്യ കത്തോലിക്കർ ധാരാളം പഠിക്കാനുണ്ട്. മറ്റു പൗരസ്ത്യർക്കെല്ലാം മാതൃകയാണിവർ. ലത്തീൻസഭയിൽ ഓർത്തഡോക്സിയും ഓർത്തഡോക്സുകാരുടെ ഇടയിൽ കാതോലികത്വവും അവർ ഉയർത്തിക്കാട്ടുന്നു. തങ്ങളുടെ ദൗത്യത്തെപ്പറ്റി മെൽക്കീത്താ മെത്രാന്മാർക്ക് ഉത്തമബോധ്യമുള്ളതിനാൽ, അവർ ഉത്സാഹവും ഉണർവും ഉള്ളവരായി പ്രവർത്തിക്കുന്നു. സഭൈക്യ സംരംഭങ്ങളിലും അവർ സർവാത്മനാ സഹകരിക്കുന്നു. അവർക്ക് വിവാഹിതരും അവിവാഹിതരുമായ വൈദികരുണ്ട്. മെൽക്കീത്താ ആരാധനക്രമം ബിസന്റൈൻക്രമം തന്നെയാണ്. പശ്ചിമേഷ്യയ്ക്കു പുറമേ, ബ്രസീൽ, യു.എസ്.എ., കാനഡാ എന്നിവിടങ്ങളിലും അവർക്ക് രൂപതകളുണ്ട്.



# 12
# മാറോനീത്താ പാത്രിയാർക്കേറ്റ്

പ്രധാനമായും ലബനോൻ കേന്ദ്രമാക്കിയുള്ള ഈ അന്ത്യോക്യൻ സുറിയാനി സഭയുടെ ഉത്ഭവം ഇപ്പോഴും നിഗൂഢമാണ്. അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭം മുതലേ ലബനോനിൽ സുറിയാനി ക്രിസ്ത്യാനികളുടെ വലിയ സമൂഹങ്ങളുണ്ടായിരുന്നു. വടക്കുപടിഞ്ഞാറൻ സിറിയായിൽ നിന്ന് കൂടുതൽ സുറിയാനി ക്രിസ്ത്യാനികൾ പിൽക്കാലങ്ങളിൽ ലബനോനിൽ കുടിയേറി. അതുപോലെ സിറിയാ സെക്കുൻദായിലെ അപ്പമേയാ പട്ടണത്തിനടുത്ത് ഒരു പ്രധാനപ്പെട്ട സന്ന്യാസഭവനം ഉണ്ടായിരുന്നു. അന്ത്യോക്യൻ പാത്രിയാർക്കേറ്റിലെ സ്വാധീനമുള്ള ആശ്രമങ്ങളിൽ ഒന്നായിരുന്നു അത്. ക്രി.വ. 423-നു മുമ്പ് മരിച്ച ഒരു മാർ മാറോയുടെ നാമത്തിലായിരുന്നു അത്. ഈ മാറോയുടെ നാമത്തോടു ചേർത്താണ് മാറോനീത്താസഭ അറിയപ്പെടുന്നത്. മാർ മാറോ ആശ്രമത്തിൽ നിരവധി സന്ന്യാസികളുണ്ടായിരുന്നു. സുറിയാനിഭാഷ സംസാരിച്ചിരുന്ന ഈ സന്ന്യാസികൾ ചുറ്റുപാടുമുള്ള സുറിയാനിക്കാരുടെ ഇടയിൽ ഗണ്യമായ സ്വാധീനം ചെലുത്തി. കാൽസിഡൺ പ്രശ്നം ഉടലെടുത്തപ്പോൾ ഈ സന്ന്യാസികൾ കാൽസിഡൺ വിശ്വാസത്തിനുവേണ്ടി നിലകൊണ്ടു. പിൽക്കാലത്ത് ഉടലെടുത്ത ഏകചിത്തവാദം (മോണോത്തെലിറ്റിസം) എന്ന പാഷണ്ഡതയിൽ ഇവർ ഉൾപ്പെട്ടു എന്ന് ചിലർ പറഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ പൊതുവേ പല പണ്ഡിതന്മാരും ഈ അഭിപ്രായം അംഗീകരിക്കുന്നില്ല. അവിഭക്ത അന്ത്യോക്യാ പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിലായിരുന്നു ഈ ആശ്രമം. ആരംഭം മുതൽ ഈ ആശ്രമത്തിന് മെത്രാന്മാരുണ്ടായിരുന്നു.

അന്ത്യോക്യൻ കാൽസിഡൺ ലൈനിൽ 702-742 കാലയളവിൽ പാത്രിയർക്കീസന്മാരില്ലായിരുന്നു. ഈ അവസരം മാർ മാറോ ആശ്രമസ്ഥരും സമീപസ്ഥരായ മെത്രാന്മാരും കൂടി ഒരു പാത്രിയർക്കീസിനെ അന്ത്യോക്യാ പാത്രിയർക്കീസായി തെരഞ്ഞെടുത്തു. അങ്ങനെ പുതിയൊരു പാത്രി

യാർക്കൽ ലൈൻ ഉടലെടുത്തു. ആദ്യമാദ്യം ഹയരാർക്കിക്കൽ വികസനം നടന്നില്ല. രൂപതകളായി തിരിക്കാതെ പാത്രിയർക്കീസിന്റെ കീഴിലുള്ള ഭരണമായിരുന്നു. മുസ്ലീങ്ങളെയും യാക്കോബായക്കാരെയും ഭയന്ന് എട്ടാം നൂറ്റാണ്ടോടു കൂടി നിരവധി സുറിയാനിക്കാർ സിറിയായിൽ നിന്ന് ലബനോനിലേക്ക് കുടിയേറി. പത്താം നൂറ്റാണ്ടിനു മുമ്പ് അവർ ലബനോൻ മലകളിൽ ഗണ്യമായി വർധിച്ചിരുന്നു. ലബനോൻ മലകളിൽ 749-ൽ ആദ്യത്തെ മാറോനീത്താ പള്ളി ഉയർന്നു. പത്താം നൂറ്റാണ്ടിൽ മാറോയുടെ ആദ്യ സന്ന്യാസ ഭവനം നശിപ്പിക്കപ്പെട്ടു. അവസാനത്തെ സന്ന്യാസിയും ലബനോനിൽ അഭയം തേടി. അവിടെ ഖദീശാ എന്ന സ്ഥലം കേന്ദ്രമാക്കി അവർ താമസിച്ചു.

ഈ ലൈനിൽ ഏതാണ്ട് 12-ാം നൂറ്റാണ്ടോടുകൂടി ഇടമുറിയാതെ പാത്രിയർക്കീസന്മാരുണ്ട്. ഗ്രീക്ക് ഓർത്തഡോക്സ് (മെൽക്കീത്താ) പാത്രിയർക്കീസിനോടും യാക്കോബായാ പാത്രിയർക്കീസിനോടും ബന്ധമില്ലാതെ മാറോനീത്തർ ജീവിച്ചു. മലകളാൽ ചുറ്റപ്പെട്ട ലബനോൻ ശത്രുക്കളിൽ നിന്ന് അവരെ സംരക്ഷിച്ചു. തങ്ങൾ എക്കാലവും സത്യവിശ്വാസം പാലിച്ചെന്ന് അവർ അവകാശപ്പെടുന്നു. അന്ത്യോക്യൻ സിറിയൻ ആരാധനക്രമമാണ് അവരുടേത്. മാറോനീത്താ സഭയ്ക്ക് സമാന്തരമായി അകത്തോലിക്കർ ഇല്ല. ഈ പാത്രിയാർക്കേറ്റ് 1180-നോടടുത്ത് റോമിനോട് സമ്പർക്കം പുലർത്തി. കുരിശുയുദ്ധക്കാരുടെ സാന്നിധ്യം ഇതിനു സഹായകമായി. എന്നാൽ 15-ാം നൂറ്റാണ്ടുവരെ ഈ ബന്ധം അത്ര ദൃഢത്തമല്ലായിരുന്നു. ഇടയ്ക്കിടെ റോമൻ വിരുദ്ധ പ്രവണതകൾ അവരുടെ ഇടയിൽ ഉടലെടുത്തിരുന്നെന്നു പറയപ്പെടുന്നു.

ജറമിയാസ് അൽ അംഷിട്ടി പാത്രിയർക്കീസ് (1199-1230) നാലാം ലാതറൻ സിനഡിൽ (1215) സംബന്ധിച്ചു. റോം സന്ദർശിച്ച ആദ്യത്തെ മാറോനീത്താ പാത്രിയർക്കീസാണ് അദ്ദേഹം. ഈ സിനഡോടു കൂടി മാറോനീതാ സഭയിൽ ലത്തീനീകരണപ്രക്രിയ ആരംഭിച്ചു. കുരിശുയുദ്ധക്കാരുടെ പരാജയവും പലായനവും നിമിത്തം തുടർന്നുള്ള കാലഘട്ടങ്ങളിൽ റോമുമായുള്ള സമ്പർക്കം കുറയാനിടയായി. എന്നാൽ ചില കുരിശുയുദ്ധക്കാർ മാറോനീത്തരുടെ ഇടയിൽ അഭയം തേടി. അവർക്ക് ഹൃദ്യമായ സ്വീകരണവും ലഭിച്ചു. 15-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ യാക്കോബായക്കാർ ചില മാറോനീത്തരുടെ ഇടയിൽ ശക്തിയായി പ്രവർത്തിക്കുകയും ചിലരെ തങ്ങളുടെ സ്വാധീനത്തിൽ കൊണ്ടുവരികയും ചെയ്തു. എന്നാൽ ഇബ്ന് അൽ ഖിലായി തുടങ്ങിയ മാറോനീത്തരുടെ പ്രവർത്തനഫലമായി പ്രസ്തുത യാക്കോബായക്കാരെ കൂടി മാറോനീത്തരാക്കാൻ സാധിച്ചു. സലിം ഒന്നാമൻ എന്ന മുസ്ലീം ഭരണാധികാരി 1516-ൽ സിറിയാ, ലബനോൻ, ഈജിപ്ത് എന്നീ രാജ്യങ്ങളെല്ലാം ആക്രമിച്ച് കീഴടക്കി. മാറോനീത്തർ പാശ്ചാത്യരുടെ സഹായം അഭ്യർഥിച്ചെങ്കിലും ഒന്നും ലഭിച്ചില്ല. 1580, 1596, 1598 എന്നീ വർഷ





ങ്ങളിൽ മൂന്നു മാറോനീത്താ സിനഡുകൾ നടന്നു. ഈ സിനഡുകൾ വഴി മാറോനീത്തരെ ട്രെന്റ് കൗൺസിലിന്റെ ഡിക്രികൾ അംഗീകരിപ്പിക്കുകയും വളരെയധികം ലത്തീനീകരിക്കുകയും ചെയ്തു. ഗ്രിഗറി 13-ാമൻ മാർപാപ്പാ 1548-ൽ റോമിൽ ഒരു മാറോനീത്താ കോളേജ് സ്ഥാപിച്ചു. ജസ്വിട്ട്, ഫ്രാൻസിസ്ക്കൻ സന്ന്യാസികൾ താൽപര്യപൂർവം മാറോനീത്തരുടെ ഇടയിൽ പ്രവർത്തിക്കുകയും അവരുടെ സർവതോന്മുഖമായ പുരോഗതിക്കായി യത്നിക്കുകയും ചെയ്തു. ജോസഫ് അൽ റേസേ പാത്രിയർക്കീസ് 1606-ൽ മാറോനീത്തരുടെ ഇടയിൽ ഗ്രിഗോറിയൻ കലണ്ടർ നടപ്പിലാക്കി. ഉപവാസം, വർജന ആദിയായവയെ സംബന്ധിച്ച നിയമങ്ങൾ ലഘൂകരിച്ചു. റോമിലെ മാറോനീത്താ കോളേജിന്റെ ചുമതല ജസ്വിട്ടർക്കായിരുന്നു. പൗരസ്ത്യസഭകളെ പറ്റിയുള്ള അറിവ് പാശ്ചാത്യലോകത്തിന് നൽകാൻ ഈ സ്ഥാപനം വളരെ സഹായിച്ചു. ഗബ്രിയേൽ സീയോനീതാ (1577-1648), അബ്രഹാം എക്കെലൈൻസിസ് (+1644), ജെ. എസ്. അസ്സെമാനി (1687-1768), ജെ.എ. അസ്സെമാനി (1710-1782), എസ്. ഇ. അസ്സെമാനി (1711-1782) എന്നിവർ പ്രഗത്ഭരായ മാറോനീത്തരാണ്.

മാറോനീത്താ സഭയിൽ 1700-ൽ മാർ ആന്റണിയുടെ മാറോനീത്താ ഓർഡറും 1704-ൽ മാർ ഏശായായുടെ ആന്റോണിയൻ ഓർഡറും സ്ഥാപിതമായി. 1736-ലെ ലബനോൻ സിനഡിൽ വച്ച് ലിറ്റർജിയിലും കാനൻ നിയമത്തിലും നിരവധി മാറ്റങ്ങൾ വരുത്തി. കുരിശുയുദ്ധക്കാർ നേരത്തെ പ്രചരിപ്പിച്ച പല ലത്തീൻ രീതികളും ഈ സിനഡിൽ നിയമമായി അംഗീകരിക്കപ്പെട്ടു. ഈ കാലത്ത് ലബനോൻ അർദ്ധസ്വാതന്ത്ര്യമുള്ള നാടായിരുന്നു. അതുകൊണ്ട് നിരവധി ക്രൈസ്തവർ അവിടേക്ക് കുടിയേറി. തുടർന്നു നടത്തിയ മാറോനീത്താ സിനഡുകൾ 1736-ലെ നടപടികൾ നടപ്പിലാക്കാൻ ശ്രമിച്ചു. കാലക്രമത്തിൽ ലബനോനിൽ നിന്ന് സൈപ്രസ്, സിറിയാ, പലസ്തീനാ എന്നിവിടങ്ങളിലേക്ക് മാറോനീത്തർ കുടിയേറി. ലബനോൻ നാഷണലിസത്തിന് 19-20 നൂറ്റാണ്ടുകളിൽ വഴിതെളിച്ച പ്രമുഖർ മാറോനീത്തരായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം സ്വതന്ത്ര ലബനോൻ സ്ഥാപിക്കാൻ അവർ നിർണായക സ്വാധീനം ചെലുത്തി. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അവർക്ക് പരിപൂർണ രാഷ്ട്രീയസ്വാതന്ത്ര്യം കൈവന്നു. ലബനോൻ പ്രസിഡന്റ് ഒരു മാറോനീത്താക്കാരനും പ്രധാനമന്ത്രി ഒരു മുസ്ലീമുമാണ്.

അറബി-ഇസ്രായേൽ യുദ്ധഫലമായി ലബനോനിലെ മാറോനീത്തർക്കും കനത്ത നാശനഷ്ടങ്ങളുണ്ടായി. പാശ്ചാത്യവൽക്കരണം കൊണ്ട് ലബനോൻ പശ്ചിമേഷ്യയിലെ സമ്പൽ സമൃദ്ധമായ രാജ്യമായിരുന്നു. ചുറ്റുമുള്ള അറബിലോകത്തെ ഏക ക്രിസ്തീയരാജ്യം എന്ന നിലയിൽ അത് നില നിന്നു. എന്നാൽ പലസ്തീനിയൻ അഭയാർഥികൾ കൂട്ടത്തോടെ ലബനോ

നിലേക്ക് പ്രവഹിച്ചതു വഴിയുണ്ടായ പ്രശ്നങ്ങൾ ഇപ്പോഴും തീർന്നിട്ടില്ല. ഇസ്രായേലും പലസ്തീൻകാരും തമ്മിലുള്ള ഏറ്റുമുട്ടലുകളുടെ പ്രത്യാഘാതം ലബനോനിലുമുണ്ടാകുന്നു. വൻപിച്ച നാശനഷ്ടങ്ങൾക്ക് തലസ്ഥാനമായ ബയ്റൂട്ട് ഇരയായി. അത് മാറോനീത്താസഭയെയും സാര മായി ബാധിച്ചു.

യു. എസ്. എ.യിൽ നിരവധി സ്ഥലങ്ങളിൽ അവർക്ക് രൂപതകളുണ്ട്. അതുപോലെ കാനഡാ, തെക്കേ അമേരിക്കാ, ആസ്ട്രേലിയാ, യൂറോപ്പ് എന്നി വിടങ്ങളിലും മാറോനീത്താ സഭ വ്യാപിച്ചിരിക്കുന്നു. 1962-ൽ വാഷിങ്ടൺ ഡി.സി.യിൽ അവർ ഒരു മേജർ സെമിനരി സ്ഥാപിച്ചു. ലത്തീനീകരണം നീക്കി ഉറവിടങ്ങളിലേക്ക് മടങ്ങാനുള്ള പരിശ്രമം മാറോനീത്തർ നട ത്തുന്നു. പ്രാചീന സന്യാസരീതി മാറ്റി, പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്ന സന്യാസപ്രസ്ഥാനങ്ങളാണ് ഇന്ന് മാറോനീത്തരുടെ ഇടയിലു ള്ളത്. അവർക്ക് വിവാഹിതരും അവിവാഹിതരുമായ വൈദികരുണ്ട്. ഒരു മാറോനീത്താ ഏകാന്തവാസി സന്യാസിയായ ശർബേൽ മക്ലൂഫ് (1828 -1898) വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ലബനോനിൽ മാറോനീത്തർക്ക് സെമിനരിയും യൂണിവേഴ്സിറ്റിയുമുണ്ട്.

അടിസ്ഥാനപരമായി അന്ത്യോക്യൻ സുറിയാനി ആരാധനക്രമങ്ങളാണ് മാറോനീത്തരുടേത്. അതിൽ അൽപസ്വൽപ വ്യത്യാസങ്ങളും ലത്തീനീക രണങ്ങളും വരുത്തിയിരിക്കുന്നു എന്നുമാത്രം. സുറിയാനി, അറബി, നാട്ടുഭാ ഷകൾ എന്നിവ അവർ ആരാധനയിൽ ഉപയോഗിക്കുന്നു. 2012-ലെ മലങ്കര കത്തോലിക്കാ പുനരൈക്യവാർഷികത്തിനും പത്തനംതിട്ട കത്തീഡ്രൽ കൂദാശയ്ക്കും മാറോനീത്താ പാത്രിയർക്കീസ് ബുത്രോസ് അൽ റായ് സന്നി ഹിതനായിരുന്നു.



# 13
# യാക്കോബായസഭ- വിശ്വാസവിഷയങ്ങൾ

ഏകദൈവത്തിലും ത്രിത്വത്തിലും പുത്രന്റെ മനുഷ്യാവതാരത്തിലും യാക്കോബായാസഭ വിശ്വസിക്കുന്നു. സഭ ഏകവും വിശുദ്ധവും കാതോലി കവും ശ്ലൈഹികവുമാണെന്ന നിഖ്യാവിശ്വാസപ്രമാണം യാക്കോബായാസഭ ചൊല്ലിവരുന്നു. വി. സഭയിലെ കൂദാശകൾ ഏഴും യാക്കോബായാ സഭയി ലുണ്ട്. വി. വേദപുസ്തകവും സഭയുടെ പുരാതന പാരമ്പര്യങ്ങളും അവർ അംഗീകരിക്കുന്നു. ശിശുക്കളെ സ്നാനപ്പെടുത്തണമെന്നും വൈദികന്റെ പക്കൽ പാപം ഏറ്റുപറഞ്ഞ് മോചനം പ്രാപിക്കണമെന്നും പരേതർക്കു വേണ്ടി പ്രാർഥിക്കണമെന്നും അവർ പഠിപ്പിക്കുന്നു. പരിശുദ്ധ ദൈവമാതാ വായ കന്യകമറിയം ഭാഗ്യവതിയും കറയും മാലിന്യവുമില്ലാത്തവളും ആണെന്ന് അവർ വിശ്വസിക്കുന്നു. വി.കുർബാന ബലിയും വിരുന്നുമാ ണെന്ന് അവർ പഠിപ്പിക്കുന്നു. ദൈവമാതാവിന്റെയും വിശുദ്ധരുടെയും മാധ്യ സ്ഥ്യശക്തിയിലും അവർ വിശ്വസിക്കുന്നു. നിഖ്യാ, കോൺസ്റ്റാന്റിനോപ്പിൾ, എഫേസോസ് എന്നീ മൂന്നു സൂനഹദോസുകൾ യാക്കോബായാസഭ അംഗീകരിക്കുന്നു. ക്രിസ്തുവിന്റെ മനുഷ്യാവതാരം സംബന്ധിച്ച് കാൽസി ഡൺ നിർവചനം കൃത്യം അതേ രീതിയിൽ അംഗീകരിക്കുന്നില്ലെങ്കിലും, കാൽസിഡൺ പഠിപ്പിക്കുന്ന സത്യം യാക്കോബായാസഭയും പഠിപ്പിക്കുന്നു. ആറാം പൗലോസ് മാർപാപ്പായും യാക്കൂബ് മൂന്നാമൻ യാക്കോബായാ പാത്രിയർക്കീസും കൂടി 1971 ഒക്ടോബർ മാസം 25-27 തീയതികളിൽ വത്തി ക്കാനിൽ വച്ച് നടത്തിയ കൂടിക്കാഴ്ചയുടെ അവസാനം ഒപ്പുവച്ച പൊതുരേ ഖയിൽ ഇപ്രകാരം പറയുകയുണ്ടായി:

“കർത്താവിന്റെ കൂദാശകളുടെ അനുഷ്ഠാനം, മനുഷ്യരക്ഷയ്ക്കായി മനുഷ്യനായി തീർന്ന ദൈവവചനമായ കർത്താവീശോമിശിഹായിലുള്ള പൊതുവായ വിശ്വാസപ്രമാണം, ഇരുസഭകളുടെയും പൊതുപൈതൃക മായ അപ്പസ്തോലികപാരമ്പര്യം, വിശ്വാസത്തിൽ പൊതുപ്രബോധകരായ

അലക്സാൺഡ്രിയായിലെ സിറിൽ ഉൾപ്പെടെയുള്ള വലിയ പിതാക്കന്മാരും മഹാന്മാരും - മാനുഷികബലഹീനതകളും പരാജയങ്ങളും ഉണ്ടായപ്പോഴും സഭയിൽ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മപ്രവർത്തനങ്ങൾക്ക് ഇവയെല്ലാം സാക്ഷ്യം വഹിക്കുന്നു. ചരിത്രം ക്രിസ്ത്യാനികളുടെ മേൽ വച്ചിരിക്കുന്ന കടുത്ത ചുമടിന്റെ ഭാരം കുറയ്ക്കുന്നതിനും അവസാനം മുഴുവനായി മാറ്റിക്കളയുന്നതിനുമുള്ള ആത്മാർഥമായ പരിശ്രമത്തിൽ പരസ്പര കുറ്റാരോപണത്തിന്റെയും ആക്ഷേപത്തിന്റെയും കാലഘട്ടം മാറിക്കഴിഞ്ഞു. തുറന്ന മനസ്സ് എല്ലാവരും കാണിച്ചു തുടങ്ങിയിട്ടുണ്ട്."

"ശരീരം ധരിച്ച് യഥാർഥത്തിൽ മനുഷ്യനായിത്തീർന്ന ദൈവവചനരഹസ്യം സംബന്ധിച്ചുള്ള വിശ്വാസപ്രഖ്യാപനത്തിൽ ഇരുസഭകളും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്ന് ആറാം പൗലോസ് മാർപാപ്പായും യാക്കൂബ് മൂന്നാമൻ പാത്രിയർക്കീസും പ്രഖ്യാപിച്ചു. എന്നാൽ ഈ വിശ്വാസം വിശദീകരിക്കുന്ന ദൈവശാസ്ത്രപദപ്രയോഗങ്ങൾ മൂലം നൂറ്റാണ്ടുകളായി പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ഇന്ന് അതു വളരെ കുറഞ്ഞുവരികയാണ്. അവർ തമ്മിലുള്ള ഐക്യത്തിന് വിഘാതമായി നിൽക്കുന്നവ നീക്കം ചെയ്യാൻ കൂടുതൽ ഉദ്യമിക്കുന്നതിൽ ഇരുസഭകളിലെയും വൈദികരെയും ജനങ്ങളെയും അവർ പ്രേരിപ്പിക്കുന്നു."

ഇതുതന്നെ 1984-ൽ ഇഗ്നേഷ്യസ് സക്കാ ഈവാസ് പാത്രിയർക്കീസ് ജോൺ പോൾ രണ്ടാമൻ മാർപാപ്പായെ സന്ദർശിച്ച അവസരം ചെയ്ത സംയുക്തപ്രസ്താവനയിൽ സ്പഷ്ടമാക്കുകയുണ്ടായി. നിക്യാവിശ്വാസപ്രമാണം പൊതുപൈതൃകമാണെന്ന് പറഞ്ഞിട്ട് ഇപ്രകാരം പറയുന്നു:

"തങ്ങളുടെ രണ്ട് സഭകൾക്കിടയിൽ പിൽക്കാല നൂറ്റാണ്ടുകളിലുണ്ടായ ചിന്താക്കുഴപ്പങ്ങളും ശീശ്മകളും തങ്ങളുടെ വിശ്വാസത്തിന്റെ അന്തസ്സത്തയെ യാതൊരു വിധത്തിലും ബാധിക്കുകയോ, സ്പർശിക്കുകയോ ചെയ്യുന്നില്ലെന്ന് അവർ ഇന്ന് മനസ്സിലാക്കുന്നു. വാക്‌രൂപങ്ങളിലും സംസ്കാരത്തിലുമുള്ള വ്യത്യാസവും, ഒരേ കാര്യം തന്നെ വ്യക്തമാക്കാൻ വ്യത്യസ്ത ദൈവശാസ്ത്ര ചിന്താധാരകൾ സ്വീകരിച്ച വിവിധങ്ങളായ സൂത്രവാക്യങ്ങളും കാരണമാണ് ചിന്താക്കുഴപ്പങ്ങൾ ഉണ്ടായത്. തൻമൂലം പിൽക്കാലത്ത്, മനുഷ്യാവതാര രഹസ്യം സംബന്ധിച്ച് നമ്മുടെ ഇടയിലുണ്ടായ സങ്കടകരങ്ങളായ വിഭജനങ്ങൾക്കും ശീശ്മകൾക്കും യഥാർഥമായ യാതൊരടിസ്ഥാനവും ഇന്നു നമ്മൾ കാണുന്നില്ല. കാൽസിഡൺ സിനഡിന്റെ കാലത്ത് ആരംഭിച്ച വ്യത്യസ്ത വ്യാഖ്യാനങ്ങൾ എന്തുതന്നെ ആയിരുന്നാലും വാക്കിലും ജീവിതത്തിലും നമ്മുടെ കർത്താവായ മിശിഹായെ കുറിച്ച് സത്യപ്രബോധനമാണ് നമ്മൾ ഏറ്റുപറയുന്നത്"[1]

1. ക്രൈസ്തവകാഹളം,41/8, 1984. പേജ്.4.





കാൽസിഡൺ സിനഡിന്റെ (451) വിശ്വാസനിർവചനത്തിലും നടപടികളിലും പ്രതിഷേധിച്ചാണല്ലോ കാൽസിഡൺ വിരുദ്ധസമൂഹം ഉടലെടുത്തതും യാക്കോബു ബുർദാനയ്ക്കുശേഷം (+578) യാക്കോബായക്കാർ എന്ന പേരുണ്ടായതും. ആ പിളർപ്പ് നൂറ്റാണ്ടുകളായി നിലനിന്നു. കത്തോലിക്കാസഭയും അന്ത്യോക്യൻ യാക്കോബായാ സഭയും രണ്ടു വഴികളിലൂടെ മുന്നേറി. ഈയടുത്ത കാലംവരെ സുദൃഢമായ പരസ്പരബന്ധം കൂടാതെ കഴിഞ്ഞു. എന്നാൽ ഐക്യം നിശ്ശേഷം അറ്റുപോയില്ല. വ്യത്യസ്ത പാതകളിലൂടെ സഞ്ചരിച്ചെങ്കിലും ഈ രണ്ട് അപ്പസ്തോലികസഭകളും ഇന്നും നിരവധി സംഗതികളിൽ ഐക്യത്തിലാണ്. ഈ ഐക്യം കണ്ടെത്താൻ സഭാധ്യക്ഷന്മാർ പരിശ്രമിച്ചു. ദൈവകൃപയാൽ അവർ വിജയിക്കുകയും ചെയ്തു.

(1) കത്തോലിക്കാസഭയും യാക്കോബായാസഭയും ഒരേ ശ്ലീഹായുടെ അപ്പസ്തോലിക പൈതൃകത്താൽ അനുഗൃഹീതമാണ്. ശ്ലീഹന്മാരുടെ തലവനായ പത്രോസാണ് അന്ത്യോക്യൻ സഭയുടെയും റോമാസഭയുടെയും ഒന്നാമത്തെ മെത്രാൻ. യാക്കൂബ് മൂന്നാമൻ പാത്രിയർക്കീസ് തന്നെ 1980-ൽ ഇക്കാര്യം പറയുകയുണ്ടായി:

"അന്ത്യോക്യയുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസ് എന്ന നിലയിലും ആകമാന സിറിയൻ ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ എന്ന നിലയിലും നാം റോമൻ കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായ അങ്ങയെ വി. പത്രോസും വി. പൗലോസും അന്ത്യോക്യയിലെ അവരുടെ പ്രേഷിതവൃത്തി നിർവഹിച്ചശേഷം ഇവിടെ വന്ന് രക്തസാക്ഷിമുകടം ചൂടിയ പാവനവും ചരിത്രപ്രധാനവുമായ ഈ സ്ഥലത്തു വന്ന് സന്ദർശിക്കുകയാണ്."

(2) പത്രോസിന്റെ പിൻഗാമികളായ രണ്ട് സഭാധ്യക്ഷന്മാർ കൂടിയാലോചിച്ച് സമ്പൂർണമായ ഐക്യത്തിനായി പരിശ്രമിക്കുന്നു. അവർ അതിന് പ്രതിജ്ഞാബദ്ധരാണ്: "കത്തോലിക്കാ സഭയും അന്ത്യോക്യൻ ഓർത്തഡോക്സ് സഭയും തമ്മിലുള്ള സമ്പൂർണമായ ഐക്യത്തിന് വിഘാതമായി നിൽക്കുന്ന അവസാന പ്രതിബന്ധങ്ങളെയും മാറ്റുവാൻ ഞങ്ങളുടെ കഴിവിലുള്ളത് ചെയ്യുമെന്ന് ഔദ്യോഗികമായി ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു" എന്നാണ് ജോൺപോൾ രണ്ടാമൻ മാർപാപ്പായും സക്കാ ഈവാസ് പാത്രിയർക്കീസും 1984-ൽ സംയുക്തമായി പ്രഖ്യാപിച്ചത്[2] .

3. എവുതീക്കെസിന്റെ ഏകസ്വഭാവ പാഷണ്ഡതയെ എല്ലാ ക്രിസ്ത്യാനികളും തള്ളിക്കളയുന്നു. അന്ത്യോക്യൻ യാക്കോബായക്കാർ ഏകസ്വഭാവപാഷണ്ഡത പഠിപ്പിക്കുന്നില്ല. ക്രിസ്തുഭാഷ്യം സംബന്ധിച്ച് കത്തോലി

2. ക്രൈസ്തവകാഹളം, 41/8, 1984, പേജ്. 7

ക്കാസഭയ്ക്കും യാക്കോബായാസഭയ്ക്കും ഏകവിശ്വാസമാണ്. ജോൺപോൾ മാർപാപ്പായും സക്കാ ഈവാസ് പാത്രിയർക്കീസും കൂടി പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു:

" മനുഷ്യാത്മാവോടുകൂടി യഥാർഥശരീരം സ്വീകരിച്ച് മിശിഹാ നമുക്കുവേണ്ടി മനുഷ്യനായി എന്നു ഞങ്ങൾ ഏറ്റുപറയുന്നു. പാപമൊഴിച്ച് മറ്റെല്ലാറ്റിലും അവിടുന്ന് നമ്മുടെ മനുഷ്യത്വത്തിൽ ഭാഗഭാക്കായി. നമ്മുടെ കർത്താവും നമ്മുടെ ദൈവവും നമ്മുടെ രക്ഷകനും എല്ലാവരുടെയും രാജാവുമായ ഈശോമിശിഹാ തന്റെ ദൈവത്വത്തിൽ പൂർണദൈവവും തന്റെ മനുഷ്യത്വത്തിൽ പൂർണമനുഷ്യനുമാണെന്ന് ഞങ്ങൾ ഏറ്റുപറയുന്നു. മിശിഹായിൽ അവിടുത്തെ ദൈവത്വം മനുഷ്യത്വത്തോട് ഐക്യപ്പെട്ടിരിക്കുന്നു. ഈ ഐക്യം യഥാർഥവും പൂർണവുമാണ്. ഇതിൽ സമ്മിശ്രമോ, കൂട്ടിക്കുഴച്ചിലോ, കലർപ്പോ, മാറ്റമോ, വിഭജനമോ ഏതെങ്കിലും തരത്തിലുള്ള വേർതിരിവോ ഇല്ല. നിത്യനും അവിഭാജ്യനുമായ ദൈവം ജഡത്തിൽ കാണപ്പെടുകയും ദാസന്റെ രൂപം സ്വീകരിക്കുകയും ചെയ്തു. യഥാർഥവും പരിപൂർണവും അവിഭാജ്യവും അവിഭക്തവുമായ വിധം ദൈവത്വവും മനുഷ്യത്വവും തന്നിൽ ഐക്യപ്പെട്ടിരിക്കുന്നു. രണ്ടിന്റെയും എല്ലാ സവിശേഷതകളും തന്നിൽ സന്നിഹിതവും കർമോത്സുകവുമാണ്"[3]

കത്തോലിക്കാസഭയും യാക്കോബായാസഭയും ക്രിസ്തുശാസ്ത്രത്തിൽ ആധാരമായി സ്വീകരിക്കുന്നത് അലക്സാൺഡ്രിയായിലെ വി. സിറിലിനെയാണ്. വി. സിറിൽ പഠിപ്പിച്ച ഏകസ്വഭാവസിദ്ധാന്തമാണ് (മിയാ ഫ്യൂസിസ്) യാക്കോബായക്കാർ പഠിപ്പിക്കുന്നത്. സിറിൽ പഠിപ്പിച്ച അർഥത്തിൽ തന്നെയാണ് അവർ സ്വീകരിക്കുന്നത്. ഏകസ്വഭാവം എന്നു പറഞ്ഞാൽ വി. സിറില്ലിയൻ അർഥത്തിലുള്ള ഏകസ്വഭാവമാണ്. സിറിൽ ഫ്യൂസിസും ഹ്യപ്പോസ്റ്റസിസും പ്രോസപ്പോണും, വ്യക്തി അഥവാ ആൾ എന്ന ഒരേ അർഥത്തിലാണ് പ്രയോഗിച്ചിരിക്കുന്നത്. "അവതരിച്ച വചനമായ ദൈവത്തിന്റെ ഏകസ്വഭാവം" (മീയാ ഫ്യൂസിസ് തൂ തേവൂ ലോഗൂ സെസർക്കോമെനേ) എന്നു വി. സിറിൽ പറയുമ്പോൾ, ഏകയാൾ എന്ന അർഥമാണ് ആ പ്രയോഗത്തിന് നൽകുന്നത്. ആ അർഥത്തിലാണ് യാക്കോബായക്കാർ ഏകസ്വഭാവം മനസ്സിലാക്കുന്നത്. ഇരുസഭകളും പരസ്പരം മനസ്സിലാക്കി കഴിഞ്ഞപ്പോൾ, "ഏകസ്വഭാവം" എന്നോ, "ഇരുസ്വഭാവങ്ങളിൽ" എന്നോ എങ്ങനെ പറഞ്ഞാലും ശരി തന്നെ എന്ന നിഗമനത്തിൽ ഈ ഇരുസഭകളും എത്തിയിട്ടുണ്ട്.

4. യാക്കോബായക്കാർ കാൽസിഡൺ സിനഡ് (451) അതേ രീതിയിൽ അംഗീകരിക്കുന്നില്ല. എന്നാൽ പ്രസ്തുത സിനഡ് പഠിപ്പിച്ച വിശ്വാസസത്യം

3. അതേ ലേഖനം,പേജ്, 4-5.



യാക്കോബായസഭ-വിശ്വാസവിഷയങ്ങൾ

അവർ അഭംഗുരം സ്വീകരിക്കുന്നു. കാൽസിഡണെ എതിർക്കുന്നു എന്നതൊഴിച്ചാൽ മറ്റു സംഗതികളിലൊക്കെ അവർ കത്തോലിക്കരുമായി യോജിക്കുന്നു. കത്തോലിക്കരും യാക്കോബായക്കാരും തമ്മിൽ യോജിപ്പുണ്ടാക്കാൻ യാക്കോബായക്കാർ കാൽസിഡൺ സിനഡ് സ്വീകരിച്ചേ മതിയാവൂ എന്നില്ല. അതുപോലെ കത്തോലിക്കർ കാൽസിഡൺ തള്ളിക്കളഞ്ഞേ പറ്റൂ എന്നില്ല. കാൽസിഡൺ സ്വീകരിക്കാൻ കത്തോലിക്കർക്ക് ന്യായങ്ങളുണ്ട്.

വെറും ഫോർമുലകൾക്കപ്പുറത്ത്, ആ ഫോർമുലകൾ ഉദ്ദേശിക്കുന്ന സത്യം ഇരുസഭകളും പഠിപ്പിക്കുന്നു എന്ന യാഥാർഥ്യം ഇരുസഭകളും കണ്ടെത്തിയിരിക്കുന്നു. നൂറ്റാണ്ടുകൾക്കപ്പുറത്ത് സംഭവിച്ചവയുടെ വക്താക്കളായി കഴിയാതെ ഇന്നത്തെ മനുഷ്യരുടെ പ്രശ്നങ്ങളിലേക്ക് തിരിയണമെന്ന് പാത്രിയർക്കീസ് ആഹ്വാനം ചെയ്യുന്നു:

" ഇപ്പോൾ നമ്മുടെ ദൈവശാസ്ത്രപണ്ഡിതന്മാർ ചെയ്യേണ്ടത് നമ്മുടെ അകൽച്ചയുടെ ശോചനീയമായ പൈതൃകത്തെ മാറ്റാനും അടുത്തടുത്ത് താമസിക്കുന്ന നമ്മുടെ സഭാംഗങ്ങളെ അലട്ടുന്ന സാധാരണവും മർമഭേദകവുമായ പ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള പ്രായോഗിക മാർഗങ്ങൾ കണ്ടുപിടിക്കുക എന്നുള്ളതാണ്."

5. ഓരോ സഭയും വിശുദ്ധരായി ഗണിക്കുന്നവരെ മറ്റു സഭക്കാർ പാഷണ്ഡികളായി കരുതാൻ പാടില്ല എന്നതാണ് അനൗദ്യോഗിക ചർച്ചകളിൽ പൊന്തിവന്ന മറ്റൊരാശയം. അത്തരത്തിൽ പെട്ടവരാണ് റോമിലെ ലെയോ മാർപാപ്പാ, അലക്സാൺഡ്രിയായിലെ ദിയസ്ക്കോറോസ്, അന്ത്യോക്യയിലെ സെവേരൂസ്. യാക്കോബായക്കാർ ലെയോ മാർപാപ്പായെ നെസ്തോറിയനായി ഗണിച്ചിരുന്നു. കത്തോലിക്കർ ദിയസ്ക്കോറോസിനെയും സെവേരൂസിനെയും പാഷണ്ഡികളായി കരുതി. ഇവരുടെ മേലുള്ള ശാപം നീക്കുന്നത് ഐക്യത്തിന് വളരെ സഹായകമാകുമെന്ന് ഇരുകൂട്ടരും കരുതുന്നു. അതുപോലെ ചരിത്രകൃതികൾ, മതപഠനഗ്രന്ഥങ്ങൾ ആദിയായവയിലും, മറ്റുള്ളവർക്ക് വേദനയുണ്ടാക്കുന്ന പരാമർശങ്ങളുണ്ടെങ്കിൽ നീക്കിക്കളയണമെന്ന നിർദേശവും പൊന്തിവന്നു.

## അന്ത്യോക്യൻ യാക്കോബായാസഭയും എക്യൂമെനിസവും

നാം ജീവിക്കുന്ന  ഈ കാലത്ത് ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഐക്യത്തിലേക്കാണ് മനുഷ്യകുലത്തെ നയിക്കുന്നത്. യാക്കോബായാസഭ ഈ യാഥാർഥ്യം നന്നേ മനസ്സിലാക്കിയിട്ടുണ്ട്. കത്തോലിക്കാസഭയുമായും ബിസന്റൈൻ സഭയുമായും കൂടുതൽ അടുത്ത്, സമ്പൂർണമായ ഐക്യത്തിൽ എത്തിച്ചേരാനുള്ള വഴികൾ അവർ ആരായുന്നു. യാക്കോബായാ പാത്രിയർക്കീസന്മാരും അവരുടെ പ്രതിനിധികളും റോം സന്ദർശിക്കുകയും  മാർപാപ്പായുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്യുന്നു. റോമിൽ നടക്കുന്ന സുപ്ര

ധാന പരിപാടികൾക്കെല്ലാം യാക്കോബായാ സഭാപ്രതിനിധി പങ്കെടുക്കുന്നു. യോജിക്കാവുന്ന തലങ്ങളിലെല്ലാം ഇരുസഭകളും യോജിക്കണമെന്ന് സക്കാ പ്രഥമൻ പാത്രിയർക്കീസ് 1984-ൽ റോം സന്ദർശിച്ച അവസരം പ്രസ്താവിക്കയുണ്ടായി. വി.കുർബാന ഒരൾത്താരയിൽ ഇരുസഭകളിലെയും വൈദികർ ഒന്നിച്ച് അർപ്പിക്കുന്നത് ഐക്യത്തിന്റെ പ്രധാന പ്രകടനമാകയാൽ, സമ്പൂർണമായ ഐക്യം കൈവരിച്ചിട്ടു മതി അക്കാര്യം എന്നാണ് നേതൃതീരുമാനം. എന്നാൽ മറ്റെല്ലാ സംഗതികളിലും യോജിപ്പാകാം എന്നു തീരുമാനമായിട്ടുണ്ട്.

പരിപൂർണമായ ഐക്യത്തിൽ എത്തിച്ചേരാൻ ഇനിയും ചില തടസ്സങ്ങൾ നീക്കേണ്ടതുണ്ട്. ഇരുസഭകളുടെയും പ്രത്യേക പാരമ്പര്യങ്ങളുടെ താത്വികവശങ്ങൾ, നൈയാമിക വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് ചില പ്രശ്നങ്ങൾ ഇനിയും തീരുമാനിക്കപ്പെടേണ്ടിയിരിക്കുന്നു. ചർച്ചകളിലൂടെയും നവീകരണത്തിലൂടെയും പാരമ്പര്യങ്ങളോടുള്ള വിശ്വസ്തതയിലൂടെയും ഇത് സാധിക്കാവുന്നതാണ്[4].

യോജിക്കാവുന്ന ചില മേഖലകൾ സഭാധ്യക്ഷന്മാർ ചൂണ്ടിക്കാട്ടുന്നു: "തങ്ങളുടെ സ്വന്തം സഭയിലെ വൈദികരുടെ അഭാവത്തിൽ മറ്റേ സഹോദരസഭയിലെ വൈദികരിൽ നിന്ന് കുമ്പസാരം, കുർബാന, രോഗീലേപനം എന്നീ കൂദാശകൾ സ്വീകരിക്കാം. വൈദികരൂപീകരണത്തിലും ദൈവശാസ്ത്രാധ്യാപനത്തിലുമുള്ള സഹകരണം, അജപാലനധർമത്തിലുള്ള സഹകരണത്തിന്റെ അനന്തരഫലമാണ്. സൗകര്യപ്രദമെന്നു തോന്നുന്നിടത്ത് ദൈവശാസ്ത്രാധ്യാപനത്തിനുള്ള സൗകര്യങ്ങൾ പങ്കുവയ്ക്കുന്നതിന് മെത്രാന്മാർക്ക് ഞങ്ങൾ പ്രോത്സാഹനം നൽകുന്നു... കത്തോലിക്കാസഭയും അന്ത്യോക്യയിലെ സിറിയൻ ഓർത്തഡോക്സ് സഭയും തമ്മിലുള്ള പൂർണവും ദൃശ്യവുമായ ഐക്യത്തിനായി തങ്ങളുടെ കഴിവിൽ പെട്ടതെല്ലാം ഇരുസഭകളും ചെയ്യണം. സമ്പൂർണമായ ഐക്യത്തിലുള്ള സുവിശേഷ സാക്ഷ്യം നൽകുന്നതിന് ആവശ്യമായ ഒന്നിപ്പ് നൽകാൻ നമ്മുടെ കർത്താവിനോട് നിരന്തരമായി പ്രാർഥിക്കുകയും വേണം."

വിയന്നാ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന *പ്രോ ഓറിയെന്തെ* എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ നടന്ന സഭൈക്യചർച്ചകളിൽ യാക്കോബായാ സഭ സജീവമായി പങ്കെടുക്കുകയുണ്ടായി. അന്ത്യോക്യൻ യാക്കോബായക്കാരും അന്ത്യോക്യൻ സുറിയാനി കത്തോലിക്കരും തമ്മിൽ വളരെ ധാരണയിലാണ് കഴിയുന്നത്. പശ്ചിമേഷ്യൻ പാത്രിയർക്കീസന്മാർ കൂടെക്കൂടെ ഒന്നിച്ചിരുന്ന് ആശയങ്ങൾ കൈമാറാറുണ്ട്. വിവാഹം സംബന്ധിച്ച് മാർപാപ്പായും പാത്രിയർക്കീസും തമ്മിൽ ഒരു എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ട്.

4. ക്രൈസ്തവകാഹളം, 6.



# 14
# അന്ത്യോക്യൻസഭയും മാർതോമാക്രിസ്ത്യാനികളും

അവിഭക്ത അന്ത്യോക്യൻ സഭ മാർതോമാ ക്രിസ്ത്യാനികളോട് ബന്ധപ്പെട്ടിട്ടുണ്ടോ എന്നറിവില്ല. ഒരു ചരിത്രരേഖയും നമുക്ക് കൈവന്നിട്ടില്ല. ഒരു സജീവസാക്ഷ്യവും ചൂണ്ടിക്കാണിക്കാനുമില്ല. മാർതോമാ ക്രിസ്ത്യാനികൾ പേർഷ്യൻ സാമ്രാജ്യത്തിലെ സഭയോട് ബന്ധപ്പെട്ടിരുന്നു. പേർഷ്യയിലെ സഭ അന്ത്യോക്യൻ സഭയോട് ആദ്യകാലത്ത് ബന്ധം പുലർത്തി. എന്നാൽ പേർഷ്യൻ സഭയോടോ, അന്ത്യോക്യൻ സഭയോടോ മലങ്കരസഭ ആദ്യനൂറ്റാണ്ടുകളിൽ ഹയരാർക്കിക്കൽ ബന്ധം പുലർത്തിയിരുന്നു എന്ന് പറയാനാവില്ല. മലങ്കരസഭയെപ്പറ്റി അന്ത്യോക്യൻ സഭയ്ക്ക് അറിയാമായിരുന്നു. വി. ജോൺ ക്രിസൊസ്തോം പറയുന്നു: "റോമാസിംഹാസനത്തിൽ വാണരുളുന്നവൻ വിദൂരസ്ഥമായ ഇന്ത്യയിലുള്ളവൻ തന്റെ അവയവമാണെന്നു മനസ്സിലാക്കുന്നു"[1]. എന്നാൽ മലങ്കരസഭ അന്ത്യോക്യൻ സഭയുടെ ഭാഗമാണെന്നോ, ആ സഭയുടെ കീഴിൽ വരേണ്ട സഭയാണെന്നോ ഉള്ള പരാമർശം ആദ്യകാലത്തെങ്ങും ഉണ്ടായിട്ടില്ല.

മലങ്കരസഭ ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയാണ്. പത്രോസിന്റെ നേതൃത്വത്തിൽ ശ്ലൈഹിക കൂട്ടായ്മയിൽ കഴിഞ്ഞ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച സഭയാണ് ഇവിടുത്തേത്. പേർഷ്യൻ സഭയുടെ ലിറ്റർജിയും കൽദായരീതികളുമാണ് ഇവിടെ നടപ്പിലിരുന്നത്. മലങ്കരയിലെ ഈ കൽദായസുറിയാനി ആരാധനക്രമങ്ങളൊക്കെ മാറ്റിമറിച്ചത് 1599-ലെ ഉദയംപേരൂർ സൂനഹദോസിൽ വച്ചാണ്. ഉദയംപേരൂർ സിനഡിലെ നടപടിക്രമങ്ങൾ വായിച്ചാൽ മലങ്കരസഭയ്ക്ക് അന്ത്യോക്യൻ സഭയോട് ഏതെങ്കിലും തരത്തിലുള്ള ബന്ധം ഉണ്ടായിരുന്നു എന്നു തെളിയിക്കാൻ സാധ്യമല്ല. മറിച്ച് ഇവിടുത്തെ സഭ പേർഷ്യയിലെ കൽദായ സഭയോടാണ് ബന്ധപ്പെട്ടിരുന്നതെന്ന് നിഷ്പ്രയാസം തെളിയിക്കാൻ കഴിയും. പോർട്ടുഗീസുകാർ മല

1. യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം, 65,1.

ങ്കരയിൽ എത്തിയപ്പോൾ (16-ാം നൂ.) ഇവിടുത്തെ സഭ ഹയരാർക്കിക്കലായി പേർഷ്യൻ സഭയുമായി ബന്ധപ്പെട്ടിരുന്നു.

കൂനൻകുരിശു സത്യത്തിനു ശേഷം (1653) മലങ്കര നസ്രാണികളിൽ ഒരുവിഭാഗം ആർച്ചുഡീക്കന്റെ പട്ടം ക്രമീകരിക്കാനായി യാക്കോബായാ സഭയുമായി ബന്ധപ്പെട്ടു. ജറുസലേമിൽ നിന്ന് മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായാമെത്രാൻ 1665-ൽ ഇവിടെയെത്തി. അങ്ങനെയാണ് മലങ്കര നസ്രാണികൾ പശ്ചിമേഷ്യൻ യാക്കോബായാസഭയുമായി ബന്ധപ്പെടുന്നത്. പ്രസ്തുത തീയതിക്കു മുമ്പ് യാക്കോബായാ പാത്രിയർക്കീസന്മാർ അയച്ച മെത്രാന്മാർ ഇവിടുത്തെ ക്രിസ്തീയസഭയെ ഭരിച്ചിരുന്നു എന്ന് ആർക്കും തെളിയിക്കാൻ കഴിഞ്ഞിട്ടില്ല, ഇവിടെ യാക്കോബായക്കാർ ഉപയോഗിക്കുന്ന ആരാധനക്രമം നടപ്പിലിരുന്നു എന്നും ആരും തെളിയിച്ചിട്ടില്ല.

മാർ ഗ്രിഗോറിയോസും തുടർന്നു വന്ന യാക്കോബായാ മെത്രാന്മാരും ഉടനേ യാക്കോബായ ക്രമങ്ങളും ലിറ്റർജിയും നടപ്പാക്കാൻ ശ്രമിച്ചില്ല. അന്ത്യോക്യൻ രീതികളുടെയും കൽദായ രീതികളുടെയും സാമ്യത്തിന്റെ മറവിൽ, ഉദയംപേരൂർ മാറ്റിക്കളഞ്ഞവയുടെ പുനരുദ്ധാരകരായിട്ടാണ് അവർ രംഗപ്രവേശം ചെയ്തതും മലങ്കരനസ്രാണികളെ സ്വാധീനിച്ചതും. മലങ്കരയിൽ നിന്ന് പശ്ചിമേഷ്യയിൽ പോയി പാത്രിയർക്കീസിൽ നിന്ന 1843-ൽ പട്ടമേറ്റ മാത്യൂസ് മാർ അത്തനാസ്യോസ് അന്ത്യോക്യൻ ആധിപത്യത്തിന് അടിത്തറയിട്ടു. മാർ അത്തനാസ്യോസും ചേപ്പാട്ട് മാർ ദിവന്നാസ്യോസും തമ്മിലുള്ള അധികാര വടംവലിയിൽ നേട്ടമുണ്ടാക്കിയത് യാക്കോബായാ പാത്രിയർക്കീസാണ്. മാർ ദിവന്നാസ്യോസ് സഭാഭരണംതന്നെ പശ്ചിമേഷ്യക്കാരൻ ഒരു കൂറിലോസ് മെത്രാനെ ഏൽപ്പിച്ചു.

തുടർന്ന് മാർ അത്തനാസ്യോസിൽ നിന്ന് സഭാധികാരം പിടിച്ചെടുക്കാൻ വേണ്ടി അന്ത്യോക്യയിൽ പോയി യാക്കോബായാ പാത്രിയർക്കീസിൽ നിന്ന് പട്ടമേറ്റ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് അഞ്ചാമൻ തിരുമേനി യാക്കോബായാ പാത്രിയർക്കീസിനോട് കൂടുതൽ അടുത്തു. മാത്യൂസ് മാർ അത്തനാസ്യോസിനെ പിന്നീട് പാത്രിയർക്കീസ് മുടക്കുകയും മുളന്തുരുത്തി സൂനഹദോസ് (1876) വിളിച്ചു കൂട്ടുകയും മലങ്കര പുത്തൻകൂർ സമുദായത്തെ യാക്കോബായാ ആക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. *മലങ്കര അസോസിയേഷനും മാനേജിംഗ് കമ്മിറ്റിയും* രൂപീകരിച്ചതും മലങ്കര ഇടവകയെ ഏഴ് ഭദ്രാസനങ്ങളായി തിരിച്ച് ആറ് മെത്രാന്മാരെ ഏൽപ്പിച്ചതും മലങ്കര മെത്രാപ്പോലീത്താ ആയ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന്റെ അധികാരം കുറയ്ക്കാൻ വേണ്ടി ചെയ്ത നടപടികളായിരുന്നു. ആത്മീക





വും ലൗകികവുമായ സകല അധികാരങ്ങളും പാത്രിയർക്കീസിന് അടിയറ വെപ്പിച്ചതിനു ശേഷമാണ് പുതിയ മെത്രാന്മാരെ പാത്രിയർക്കീസ് വാഴിച്ചത്. കേരളത്തിൽ പാത്രിയർക്കീസിന്റെ ഒരു പ്രതിനിധിയെ സ്ഥിരമായി താമസിപ്പിക്കാനും തുടങ്ങി. ഇങ്ങനെ എല്ലാ രീതികളിലും ഈ സമൂദായത്തെ യാക്കോബായാ ആക്കാനുള്ള പരിശ്രമം പാത്രിയർക്കീസിന്റെ ഭാഗത്തു നിന്നുണ്ടായി. നവീകരണ യാക്കോബായക്കാരുമായുള്ള ഏറ്റുമുട്ടലിൽ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന് ഇതിനൊക്കെ കൂട്ടുനിൽക്കുകയേ നിർവാഹമുണ്ടായിരുന്നുള്ളു. അന്ത്യോക്യൻ ലിറ്റർജിയും ആചാരങ്ങളും രീതികളും മുളന്തുരുത്തി സൂനഹദോസോടുകൂടി മലങ്കരയിൽ വ്യാപകമായി നടപ്പാക്കി. കൽദായാസുറിയാനി രീതി തന്നെ മാറ്റി പാശ്ചാത്യസുറിയാനിയും നടപ്പാക്കി. 1876 വരെ മലങ്കരയിൽ മിക്കയിടങ്ങളിലും ലത്തീൻ മെത്രാനായ ഫ്രാൻസിസ് റോസ് 1601-ൽ വെട്ടിത്തിരുത്തിയ കൽദായ ആരാധനക്രമങ്ങളാണ് നടപ്പിലിരുന്നത്. 1751-ൽ ഇവിടെ വന്ന പശ്ചിമേഷ്യൻ യാക്കോബായാ മെത്രാന്മാരായ മാർ ഈവാനിയോസും മാർ ബസേലിയോസും അന്ത്യോക്യൻ ആരാധനക്രമം ഇവിടെ കൊണ്ടുവന്നെങ്കിലും അതിന് വ്യാപകമായ പ്രചരണം ലഭിച്ചില്ല. പണ്ടു മുതലേ പട്ടക്കാർ ഉണ്ടായിരുന്ന പുത്തൻകൂർ കുടുംബങ്ങളിൽ തിരക്കിയാൽ ഈ സംഗതി സുവ്യക്തമാകും.

അങ്ങനെ കൂനൻകുരിശുസത്യത്തിൽ ഉറച്ചുനിന്ന മലങ്കരനസ്രാണികൾ കാലക്രമത്തിൽ തങ്ങളുടെ പുരാതന ലിറ്റർജി മാറ്റി അന്ത്യോക്യൻ ലിറ്റർജി സ്വീകരിക്കുകയും യാക്കോബായാ പാത്രിയർക്കീസിന്റെ നേതൃത്വം അംഗീകരിക്കുകയും ചെയ്തു. പുതിയ നേതൃത്വവും പുതിയ ക്രമങ്ങളും സ്വീകരിച്ചവർ പുത്തൻകൂറ്റുകാരെന്നും 1653-നു മുമ്പുള്ള ക്രമം തുടർന്നവർ പഴയകൂറ്റുകാരെന്നും അറിയപ്പെടാൻ തുടങ്ങി. രാജകൽപ്പനകളിലും കോടതിവിധികളിലും ഈ പദങ്ങൾ കയറിപ്പറ്റി.

മുളന്തുരുത്തി സൂനഹദോസിനു ശേഷമുള്ള വ്യവഹാരങ്ങളിൽ യാക്കോബായക്കാരും നവീകരണ യാക്കോബായക്കാരും-ഇപ്പോഴത്തെ മാർതോമ്മാക്കാർ-തമ്മിൽ പത്തുവർഷം (1879-1889) കേസുനടന്നു. തങ്ങളാണ് യഥാർഥ യാക്കോബായക്കാരെന്ന് പാത്രിയർക്കീസിന്റെ പക്ഷം നിന്ന പുത്തൻകൂർ വിഭാഗം വാദിച്ചു. യാക്കോബായാ നാമം പുത്തൻകൂറ്റുകാരിൽ ഒരു വിഭാഗം തങ്ങളുടെ സ്വന്തമാക്കിയത് ഈ കാലഘട്ടത്തിലാണ്. നവീകരണ യാക്കോബായക്കാർ കേസിൽ പരാജയപ്പെട്ട് പുതിയ സഭാസമൂഹത്തിന് രൂപംകൊടുത്തു. പുലിക്കോട്ടിൽ തിരുമേനി പഴയ സെമിനരിയിൽ തന്റെ ആസ്ഥാനം ഉറപ്പിച്ചു. എന്നാൽ യാക്കോബായ സഭയുടെ അടിസ്ഥാന പ്രമാണമായ

കാൽസിഡൺ വിരുദ്ധത ഇവിടുത്തെ യാക്കോബായക്കാരിൽ അക്കാലത്തും ഗണ്യമായ സ്വാധീനം ചെലുത്തിയില്ല.

വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസും പൗലോസ് മാർ കൂറിലോസും പശ്ചിമേഷ്യയിൽ പോയി യാക്കോബായാ പാത്രിയർക്കീസിൽ നിന്ന് നേരിട്ട് പട്ടമേറ്റു. മലങ്കരയിലെ പുത്തൻകൂർ യാക്കോബായാ സമുദായം പൂർണമായി തന്റെ കീഴിലല്ല എന്ന് തോന്നിയിട്ടോ എന്തോ, യാക്കോബായാ പാത്രിയർക്കീസ് മാർ അബ്ദള്ള 1909-ൽ ഇവിടെയെത്തി മലങ്കരസഭയുടെ ലൗകികവും ആത്മിയവുമായ സർവ സംഗതികളിലും അധികാരിയായി തന്നെ അംഗീകരിച്ച് എഴുതിക്കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. പൗലോസ് മാർ കൂറിലോസ് തിരുമേനിയും മറ്റു ചില മെത്രാന്മാരും എഴുതിക്കൊടുത്തു. എന്നാൽ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി വിസമ്മതിച്ചതിനാൽ 1911-ൽ പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കി. അതോടുകൂടി യാക്കോബായ സഭയിൽ ഒരു പിളർപ്പുകൂടി ഉണ്ടായി. വട്ടശ്ശേരിൽ തിരുമേനിയോടുകൂടെ നിന്നവർ ഓർത്തഡോക്സുകാർ എന്ന് അറിയപ്പെടാൻ തുടങ്ങി. പ്രസ്തുത വിഭാഗം 1912-ൽ അബ്ദേദ് മിശിഹാ എന്ന മുൻപാത്രിയർക്കീസിനെ തുർ അബ്ദീനിൽ നിന്നു വരുത്തി ഇവിടെ ഒരു മഫ്രിയാനേറ്റ് അഥവാ കാതോലിക്കേറ്റ് സ്ഥാപിച്ചു. തുടർന്ന് കേസുകളുടെ പരമ്പര തന്നെ ഉണ്ടായി. ആദ്യം വട്ടിപ്പണക്കേസും (1913-1928) പിന്നെ സമുദായക്കേസും (1938-1958). പാത്രിയർക്കീസിന് സമസ്താധികാരവും പൂർണമായി നൽകുന്ന ഒരു വിഭാഗം 1911-1958 കാലയളവിൽ മലങ്കരയിൽ ഉണ്ടായി.

വട്ടിപ്പണക്കേസിൽ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി ജയിച്ചു. സമുദായക്കേസിലെ സുപ്രീംകോടതിവിധി 1958-ൽ ഓർത്തഡോക്സുകാർക്ക് അനുകൂലമായിരുന്നു. ഉടനെ പാത്രിയർക്കീസ് ഒത്തുതീർപ്പിന് സന്നദ്ധനായി. അങ്ങനെ രണ്ട് വിഭാഗങ്ങളും കൂടി യോജിച്ചു. തുടർന്ന് 1964-ൽ നടന്ന കാതോലിക്കാ വാഴ്ചയിൽ യാക്കൂബ് മൂന്നാമൻ പാത്രിയർക്കീസ് സംബന്ധിച്ചു. ഒറ്റസഭയായി 1970 വരെ മുമ്പോട്ടുപോയി. എന്നാൽ തുടർന്നുള്ള കാലഘട്ടങ്ങളിൽ ഇരുകൂട്ടരും തമ്മിലുള്ള ബന്ധം ശിഥിലമായി. 1958-നു മുമ്പുള്ള ഓർത്തഡോക്സ് കക്ഷി, യാക്കോബായക്കക്ഷി എന്നിവ 1975-ൽ വീണ്ടും സജീവമായി. തുടർന്നുള്ള പ്രവർത്തനങ്ങളുടെ ഫലമായി ഓർത്തഡോക്സ് വിഭാഗത്തിലെ കാതോലിക്കാബാവായെ പാത്രിയർക്കീസ് മുടക്കുകയും ഒരു ബദൽ കാതോലിക്കായെ മൂവാറ്റുപുഴ വാഴിക്കുകയും ചെയ്തു. തുടർന്ന് പള്ളികളെയും വസ്തുക്കളെയും ചൊല്ലി നിരവധി വ്യവഹാരങ്ങൾ





നടന്നു. ആ കേസുകൾ സുപ്രീംകോടതി വരെ പോയി. മലബാറിലെ പല പള്ളികളിലും ഒത്തുതീർപ്പുണ്ടായി. എന്നാൽ പഴയ തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിൽ പല പള്ളികളിലും തർക്കം നിലനിൽക്കുന്നു.

മലങ്കരസഭ യാക്കോബായാ പാത്രിയർക്കീസിന്റെ സഭയുടെ ഭാഗമാണെന്ന് യാക്കോബായക്കാർ കരുതുന്നു. എന്നാൽ ചരിത്രപരമായി നോക്കുമ്പോൾ മലങ്കരസഭ ഒരിക്കലും അന്ത്യോക്യൻ സഭയുടെയോ, മറ്റേതെങ്കിലും സഭയുടെയോ ഭാഗമായിരിക്കേണ്ട കാര്യമില്ല. പുത്തൻകൂർ വിഭാഗങ്ങളെല്ലാം തന്നെ അന്ത്യോക്യൻ ലിറ്റർജി സ്വീകരിച്ചിരിക്കുന്നു എന്നതൊഴിച്ചാൽ, യാക്കോബായക്കാർ ഒഴികെ മറ്റു വിഭാഗങ്ങൾ പാത്രിയർക്കീസിനെ സർവാത്മനാ അംഗീകരിക്കുന്നവരല്ല. അദ്ദേഹത്തിന്റെ ഹയരാർക്കിക്കൽ നേതൃത്വം സ്വീകരിക്കുന്നുമില്ല. 1665-നു ശേഷമുണ്ടായ യാക്കോബായാ ബന്ധത്തിൽ ഇപ്പോഴും കുറേപ്പേർ ഉറച്ചുനിൽക്കുന്നു.

മാർ തോമാശ്ലീഹാ സ്ഥാപിച്ച മലങ്കരസഭയുടെ ഉൾഭരണസ്വാതന്ത്ര്യം അന്ത്യോക്യൻ നേതൃത്വം പലപ്പോഴും കാര്യമായി കണക്കാക്കിയിട്ടില്ല. വിദേശനേതൃത്വങ്ങളൊന്നും വളരുന്ന സഭയായി ഇവിടുത്തെ സഭയെ കണ്ടിരുന്നില്ല. യാക്കോബായാ സഭയോടുള്ള ബന്ധം പല നല്ല സംഗതികളും മലങ്കരയ്ക്ക് സംഭാവന ചെയ്തെങ്കിലും, മൊത്തത്തിൽ മലങ്കര നസ്രാണികൾക്ക് ദോഷമായിട്ടാണ് ഭവിച്ചത്. ഈ സഭയിൽ ഇത്രയും ഉൾപ്പിരിവുകളും കലഹങ്ങളും ഉണ്ടാകാൻ ഒരു കാരണം വിദേശനേതൃത്വങ്ങളുടെ അതിരുകടന്ന കൈകടത്തലാണ്.

# അനുബന്ധം-1
## അന്ത്യോക്യൻ സഭയിലെ ഉപവിഭാഗങ്ങൾ[1]

| | | |
|---|---|---|
| 1. മാറോനീത്താ സുറിയാനി കത്തോലിക്കർ: വിശ്വാസികൾ– | | 3106,000 |
| 2. മെൽക്കീത്താ ഗ്രീക്ക് കത്തോലിക്കർ: | ,, | 1347,000 |
| 3. സുറിയാനി കത്തോലിക്കർ | ,, | 132,000 |
| 4. മെൽക്കീത്താ ഗ്രീക്ക് ഓർത്തഡോക്സുകാർ | ,, | 750,000 |
| 5. യാക്കോബായ സുറിയാനിക്കാർ: | ,, | 500,000 |

# അനുബന്ധം-2
## പുത്തൻകൂർ പള്ളികൾ

*പുത്തൻകൂറായി തീർന്ന പ്രാചീന മലങ്കര നസ്രാണി പള്ളികൾ.*

പുത്തൻകൂർ–പഴയകൂർ പിളർപ്പിന്റെ കാലഘട്ടത്തിൽ, മലങ്കരയുണ്ടായിരുന്ന 110 പള്ളികളിൽ 64 എണ്ണം പൂർണമായി പഴയകൂറ്റിലും 26 എണ്ണം പൂർണമായി പുത്തൻകൂറ്റിലും ഉൾപ്പെട്ടിരുന്നു. 20 പള്ളികളിൽ രണ്ടുകൂട്ടരും ഉണ്ടായിരുന്നു. ആ 20 പള്ളികൾ രണ്ടുകൂട്ടരും പൊതുവായി ഉപയോഗിച്ചു. മലങ്കര നസ്രാണികളുടെ ആദ്യത്തെ ലത്തീൻ മെത്രാനായിരുന്ന ഫ്രാൻസിസ് റോസ് S.j. (1599–1624) പരിഷ്ക്കരിച്ച കൽദായക്രമം വളരെ നാൾ ഇരുകൂട്ടുരും (പുത്തൻ കൂറ്റുകാരും പഴയകൂറ്റുകാരും) ഒരുപോലെ തുടർന്നും ഉപയോഗിച്ചു. താഴെ നക്ഷത്രചിഹ്നം ഇട്ടിരിക്കുന്ന (*) പള്ളികളാണ് പൊതുവായിരുന്നവ. എന്നാൽ കാലക്രമത്തിൽ ആ പള്ളികൾ പുത്തൻകൂറ്റുകാർക്കു ലഭിച്ചു. തെക്കൻ പറവൂർ മാത്രം പഴയകൂറ്റുകാർക്കു കിട്ടി. പഴയകൂറ്റുകാരുടെ കൈവശമിരുന്ന ചില പള്ളികൾ കൂടി പ്രോട്ടസ്റ്റന്റുകാർ പിൽക്കാലത്ത് പുത്തൻകൂറ്റുകാർക്ക് കൈവശപ്പെടുത്തിക്കൊടുത്തു.

1. Cfr. R. Roberson, *The Eastern Christian Churches-A Brief Survey,* Rome, 2008. Nikolaus Wyrwoll, *Orthodoxia 2012-2113*, Regensburg,2012.





അങ്കമാലി ചെറിയ പള്ളി*
അകപ്പറമ്പ്*
കണ്ടനാട്*
കല്ലൂപ്പാറ
കല്ലിശ്ശേരി
കടമ്പനാട്
കടമറ്റം
കരിങ്ങാച്ചിറ*
കരുനാഗപ്പള്ളി
കല്ലട
കാരക്കുന്നം*
കാർത്തികപ്പള്ളി
കിഴക്കമ്പലം*
കുണ്ടറ
കായംകുളം
കുന്നക്കുരുടി
കുന്നംകുളം*
കുറുപ്പുംപടി*
കൊട്ടാരക്കര
കൊല്ലം
കോതമംഗലം വലിയ പള്ളി
കോതമംഗലം ചെറിയ പള്ളി*
കോട്ടയം വലിയ പള്ളി*
കോട്ടയം ചെറിയ പള്ളി*
കോലഞ്ചേരി
കോഴഞ്ചേരി
ചാത്തന്നൂർ
ചെങ്ങന്നൂർ
ചെമ്പിൽ*
ചെറായി*
ചേപ്പാട്
തിരുവാംകോട്
തുമ്പമൺ
തൃപ്പൂണിത്തുറ നടമേൽ*
തെക്കൻ പറവൂർ*
തേവലക്കര
നിരണം
പട്ടമന പറവൂർ*
പള്ളിക്കര*
പെരുമറ്റം*
പിറവം*
പുതുപ്പള്ളി*
പുന്നത്ര*
മണർകാട്
മാമലശ്ശേരി*
മാരാമൺ
മാവേലിക്കര
മുളന്തുരുത്തി
മുളക്കുളം*
വടകര*
വെൺമണി
റാക്കാട്*

1. "18-ാം ശതവത്സര മധ്യത്തിൽ ഇരുകൂട്ടർക്കും പൊതുവായി ഇരുപതോളം പള്ളികൾ ഉണ്ടായിരുന്നു. എന്നാൽ 19-ാം ശതാബ്ദ മധ്യത്തിൽ ഒരു പള്ളിപോലും ഇരുകൂട്ടരുടെയും പൊതുവായി ഉണ്ടായിരുന്നില്ല. ഓരോ കൂട്ടരും പിരിഞ്ഞ് അവരവരുടെ പള്ളികളിലായി. പൊതുവെ ഉണ്ടായിരുന്ന പള്ളികളിൽ അധികവും പുത്തൻകൂറ്റുകാർക്കാണ് ലഭിച്ചത്."

"1816-ൽ പുത്തൻകൂറ്റുകാർക്ക് 54/55 പള്ളികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവയിൽ പലതിലും പഴയകൂറ്റുകാരും കൂടി കഴിഞ്ഞുപോന്നു. എന്നാൽ 1860-ൽ അവരുടെ പള്ളികളുടെ സംഖ്യ 90 വരെ ആയി. 1873-ൽ അത് 141 ആയി വർധിച്ചു."

"പുത്തൻകൂർ പള്ളികളിൽ എഴുത്തുപടങ്ങളും ചില കൊത്തുരൂപങ്ങളും അടുത്ത കാലംവരെ ഉണ്ടായിരുന്നു. ഇപ്പോൾ അവയിൽ മിക്കതും നശിപ്പിക്കപ്പെട്ടു പോയിരിക്കുന്നു. ഇങ്ങനെ നശിപ്പിച്ചു കളഞ്ഞത് മുഖ്യമായി കൊത്തുരൂപങ്ങളാണ്. ചിലതെല്ലാം ചർച്ചുമിഷനറിമാർ വന്നതു മുതലും മറ്റു ചിലത് 1875-ൽ പത്രോസ് പാത്രിയർക്കീസു മലയാളത്തു വന്നപ്പോഴുമാണ് നശിപ്പിക്കപ്പെട്ടത്"(തോമാ ബർണാർദ്, *മാർതോമാക്രിസ്ത്യാനികൾ*, കോട്ടയം, 1992, പേ.830-832).



# Bibliography


Atiya, A.S. *A History of Eastern Christianity*, London, 1966.

Frend, W. H. C., *The Rise of the Monophysite Movement,* Cambridge, 1972.

Gray, P. T. R., *The Defence of Chalcedon(451-553)*, Leiden, 1979.

Hage,W., *Die Syrisch-jakobitische Kirche in Frueh- islamischer Zeit*,Wiesbaden, 1966.

Hambye, E. R., *Dimensions of Eastern Christianity*, Kottayam,1983.

Heiler, F., *Die Ostkirchen*, Muenchen/Basel, 1971.

Hindo, P., *Primats d'Orient ou Catholicos Nestoriens et Maphriens Syriens,*Vatican, 1936.

Honigmann, E., *Eveque et Eveches monophysites d'Asie anterieure au VIe Siecle,* Louvain, 1951 (CSCO 122/Subsidia 2).

Kawerau, *Die jakobitische Kirche im Zeitalter der syrischen Renaissance,* Berlin, 1955.

McCullough,W. S., *A Short History of Syriac Christianity to the Rise of Islam*, Chico, 1982.

Mounayer, J., *Les Synodes Syrien Jacobites*, Beyrouth, 1963.

Spuler, B., *Die morgenlaendischen Kirchen*, Leiden/Koeln, 1964.